# പ്രേമത്തിന്റെ
# നറും വെളിച്ചം



ശ്രീ സത്യസായി എഡ്യുക്കേഷൻ ആൻഡ്
പബ്ളിക്കേഷൻ ഫൗണ്ടേഷൻ പ്രസിദ്ധീകരണം

Digitized by Kerala Sahitya Akademi

# പ്രേമത്തിന്റെ നറും വെളിച്ചം

ഭഗവാൻ ശ്രീ സത്യസായി ബാബ 1968 ജൂൺ 30 മുതൽ 1968 ജൂലായ് 14 വരെ ഈസ്റ്റാഫ്റിക്കയിൽ നടത്തിയ സന്ദർശനയാത്രയുടെ വിവരണം.

ശ്രീ. എൻ. കസ്തൂരി ഇംഗ്ലീഷിൽ എഴുതിയതു്

തർജ്ജിമ: ഡോ: കെ. ഭാസ്കരൻ നായർ

1974

വില: രൂപാ 1.00

Digitized by Kerala Sahitya Akademi

# Premathinte Narum Velicham

(Malayalam)

BY: N. KASTURI. M. A. B. L.
Translation into Malayalam

Dr: K. BHASKARAN NAIR Dsc.

First Published: October 1974.

No. of Copies: 1500.

Published by:
SRI SATHYASAI EDUCATION
AND PUBLICATION FOUNDATION, BANGALORE.

Printed at:
SOBHA PRINTERS, KOTTAYAM-4.

Price Re. 1.00

Digitized by Kerala Sahitya Akademi

# "പ്രേമത്തിൻെറ നറും വെളിച്ചം"

## കടൽ കടന്നു്

''എൻെറ തത്വം അപ്രാപ്യമാണു്. ഇന്നു മാത്രമല്ല, ഇനി ഒരായിരം വർഷക്കാലം ഭൂമിയിലെ എല്ലാ ജനങ്ങളും ഒത്തൊരുമിച്ചു് ആവേശപൂർവ്വം അന്വേഷിച്ചാലും ആ തത്വം അപ്രാപ്യമായി ശേഷിക്കും. എന്നുവരികിലും, ആ തത്വത്തിൽനിന്നും പ്രസരിക്കുന്ന, ആ തത്വം പ്രദാനം ചെയ്യുന്ന, ആനന്ദം ലോകത്തിലെ എല്ലാ രാജ്യക്കാർക്കും ഗ്രഹിക്കാവുന്നതാണു്. അതു് നിങ്ങൾക്കും അനുഭവിക്കാവുന്നതാണു്. മാനുഷഭാവത്താൽ ആവൃതനായിരിക്കുകയാൽ മനുഷ്യർ എന്നെ തിരിച്ചറിയുന്നില്ല. എൻെറ തത്വം ഇതാകുന്നു: മനുഷ്യൻ ആരാധിക്കുന്ന എല്ലാ ഈശ്വര രൂപങ്ങളിലും സ്വയം പ്രത്യക്ഷപ്പെടുന്ന ഏകവും ദിവ്യവുമായ പരമതത്വം തന്നെയാണു് ഈ മാനുഷരൂപവും ധരിച്ചിരിക്കുന്നതു് ഈ സത്യസായി അവതാരം ദിവ്യതത്വം തന്നെയാകുന്നു, ഈ മാനുഷരൂപം പരിത്യക്തമായതിനുശേഷം എന്നോ വരുന്ന ഒരു ഭാവികാലംവരെ കാത്തിരിക്കാതെ, അതു് നിങ്ങളുടെ കൺമുമ്പിൽ, നിങ്ങളുടെ കൂടെത്തന്നെയുള്ളപ്പോൾ ഈ സത്യം ഗ്രഹിക്കുവാൻ സാധിച്ച നിങ്ങൾ ഭാഗ്യവാന്മാരാണു്. ഈ

Digitized by Kerala Sahitya Akademi

സത്യസായി അവതാരത്തിന്റെ ദിവ്യത്വത്തെ സമസ്ത ലോകവും പ്രകീർത്തിക്കുന്നതു് കണ്ടു് ആനന്ദിക്കുവാനുള്ള അവസരം നങ്ങൾക്കു് അടുത്തുതന്നെ ലഭിക്കുന്നതാണു്.''

1968 മേയ് മാസം 17—ാം തീയതി ലോകത്തിന്റെ നാനാഭാഗങ്ങളിൽനിന്നും വന്ന 1200 പ്രതിനിധികളുടെ സമ്മേളനത്തിൽ ബാബ ചെയ്ത ഈ പ്രഖ്യാപനം ഭുവനമണ്ഡലത്തിന്റെ ഒററം മുതൽ മറേറ അററം വരെ പ്രതിധ്വനിച്ചു. ആഫ്രിക്കയിലെ ജനങ്ങളും ഇതു് കേട്ടുണ്ടായ ആഹ്ലാദത്തിൽ പങ്കുകൊള്ളുകയും, അതിൽ പറയുന്ന ആരാധനയ്ക്കുള്ള അവസരം അതിവേഗം ലഭിക്കുമാറാകട്ടെ എന്നു് പ്രാർത്ഥിക്കുകയും ചെയ്തു. ബാബ ഈ പ്രാർത്ഥനയ്ക്കു വശംവദനായി. അടുത്തനിമിഷത്തിൽതന്നെ അദ്ദേഹം പ്രസ്താവിച്ചു: ''കിഴക്കൻ ആഫ്രിക്കയിലെ ജനങ്ങൾ എന്റെ അനുഗ്രഹത്തിനുവേണ്ടി അപേക്ഷിച്ചു കഴിഞ്ഞു. അടുത്ത മാസത്തിൽ ഞാൻ അവിടം സന്ദർശിക്കുവാനുള്ള ഏർപ്പാടുകളും അവർ ചെയ്തിരിക്കുന്നു.''

1968 ജൂൺ 30—ാം തീയതി ഈ സന്ദർശനം ഒരു യാഥാർത്ഥ്യമായി. മേയ് മാസത്തിലെ ചരിത്രപ്രസിദ്ധമായ പ്രഖ്യാപനത്തിൽ ബാബ ഇതുകൂടി പറഞ്ഞിരുന്നു: ''വേദങ്ങളിൽ ഉൾക്കൊണ്ടിട്ടുള്ള സാർവ്വലൗകികമായ ധർമ്മതത്വത്തിന്റെ സംരക്ഷണത്തിൽ മനുഷ്യരാശിയെ മുഴുവനും ആവരണം ചെയ്യുവാൻ ഞാൻ നിശ്ചയിച്ചിരിക്കുന്നു. ഇതു് വളരെ വേഗം നടക്കുന്നതാണു്. ഇതാണു് എനിക്കു് ചെയ്യാനുള്ള കൃത്യം. എന്റെ ദിവ്യശക്തികൊണ്ടു് മനുഷ്യരിൽ വിസ്മയവും ഭീതിയും ജനിപ്പിച്ചു് അവരെ എന്നിലേക്കു് ആകർഷി



Digitized by Kerala Sahitya Akademi

ക്കണമെന്നു് ഞാൻ മോഹിക്കുന്നില്ല. ഞാൻ സത്യത്തെ സംരക്ഷിക്കുകയും അസത്യത്തെ കടപുഴക്കുകയും ചെയ്യും. അങ്ങനെ നേടുന്ന വിജയത്തിൻെറ പ്രകാശധോരണിയിൽ ഞാൻ നിങ്ങളെ സുഖിപ്പിക്കുകയും ആനന്ദിപ്പിക്കുകയും ചെയ്യും.'' ഇതാലോചിക്കുമ്പോൾ പ്രസ്തുത സന്ദർശനം ഒരു പുതിയ യുഗത്തിൻെറ ആരംഭത്തെ കുറിക്കുന്നതായി കരുതേണ്ടിയിരിക്കുന്നു. ലോക ചരിത്രത്തിൽ സുവർണ്ണലിപികളിൽ എഴുതേണ്ട ഒരദ്ധ്യായമാണു് അന്നു് ആരംഭിച്ചതു്; മനുഷ്യസമുദായത്തിൻെറ പുരോഗതിയിൽ സ്നേഹവും, വിനയവും, ആരാധനയും, ആത്മാർത്ഥതയും, അച്ചടക്കവും, ഭക്തിയും നിറഞ്ഞ ഒരു സുവർണ്ണയുഗം.

ലോകം മുഴുവനും തൻെറ ആവാസഹർമ്മ്യമാണെന്നും, ഓരോ ഭൂഖണ്ഡവും അതിൻെറ ഉപശാലകൾ മാത്രമാണെന്നും, തൻെറ ആഫ്രിക്കൻ സന്ദർശനം അത്തരം ഒരു ഉപശാലയിലൂടെയുള്ള ഓട്ടപ്രദിക്ഷിണമാണെന്നും ബാബ പ്രസ്താവിച്ചിരുന്നു എങ്കിലും, ഇന്ത്യയിലും വിദേശത്തുമുള്ള ഭക്തജനങ്ങൾ ആ സന്ദർഭത്തിൻെറ അർത്ഥമഹത്വം പൂർണ്ണമായി മനസ്സിലാക്കുകയും, അതോർത്തു് ആവേശഭരിതരാവുകയും ചെയ്തു. ജൂൺ 28—ാം തീയതി ബാബ ബോംബേക്കു് വിമാനം കയറിയ സന്ദർഭത്തിൽ ബാംഗ്ളൂർ വിമാനത്താവളത്തിൽ ആയിരക്കണക്കിൽ ജനങ്ങൾ കൂടുകയുണ്ടായി. അവർ സംഘം ചേർന്നു് ഭജനഗാനങ്ങൾ പാടുകയും ബാബക്കു് പുഷ്പഹാരങ്ങൾ സമർപ്പിക്കുകയും ചെയ്തു. അവരുടെ ആഹ്ളാദ പ്രകടനത്തെ നിയന്ത്രിച്ചുകൊണ്ടു് ബാബ ഉപദേശ രൂപേണ അല്പനേരം സംസാരിച്ചു. ധർമ്മക്ഷേത്രം എന്ന സ്ഥാപനത്തിൽ ബോംബേ സേവാ



Digitized by Kerala Sahitya Akademi

സമിതിയുടെ ആഭിമുഖ്യത്തിൽ ഒരു പൊതുയോഗവും, ഭജനയും ഏർപ്പാടു ചെയ്തിരുന്നു. പൊതുയോഗം വൈകുന്നേരം 5 മണിക്ക് ആരംഭിച്ചു. മഹാരാഷ്ട്രത്തിലെ ശ്രീ സത്യസായി പ്രശാന്തി വിദ്വന്മഹാസഭയുടെ പ്രസിഡൻറായ ബഹുമാനപ്പെട്ട മന്ത്രി പി. കെ. സവന്ത് ബാബയുടെ ആഫ്രിക്കൻ സന്ദർശനത്തെപ്പററി അല്പനേരം സംസാരിച്ചു. ''ബാബ എപ്പോഴും എവിടെയും ഉണ്ട്. അദ്ദേഹത്തിൻെറ സന്ദേശം ലോകത്തിൻെറ വിദൂര ഭാഗങ്ങളിൽപോലും ചെന്നെത്തിയിട്ടുണ്ടെന്ന് സർവ്വലോക സമ്മേളന സമയത്ത് നമുക്ക് വ്യക്തമായി. ഇപ്പോഴിതാ ബാബ സ്വന്തം രൂപത്തിൽ തന്നെചെന്ന് കടലിനപ്പുറമുള്ള ജനങ്ങൾക്കും തൻെറ പ്രേമവും പ്രകാശവും നൽകുവാൻ പുറപ്പെടുകയാണ്. ഈ രാജ്യത്തിൻെറ സംസ്ക്കാരത്തെപ്പററിയുള്ള ധാരണ വർദ്ധിപ്പിക്കുന്നതിനായി പലരും മുൻകാലങ്ങളിൽ പാശ്ചാത്യദേശങ്ങളിലേക്ക് പോയിട്ടുണ്ട്. എല്ലാ മതങ്ങളിലും വാഴ്ത്തപ്പെടുന്ന പ്രേമത്തിൻെറയും ഉൽക്കൃഷ്ട ജ്ഞാനത്തിൻെറയും ദിവ്യശക്തിയുടെയും മൂർത്തിമൽഭാവമാണ് ബാബ. അതുകൊണ്ട് അന്യ രാജ്യങ്ങളിലേക്കുള്ള ഈ സന്ദർശന യാത്രകൾ ലോകരാഷ്ട്രങ്ങൾക്ക തമ്മിൽ ശാശ്വതമായ സന്മനസ്സും സാഹോദര്യവും ജനിപ്പിക്കുമെന്നുള്ളതു് തീർച്ചയാണ്. ആഫ്റിക്കയിൽ സന്നിധാനം ചെയ്യുമ്പോൾ നമുക്ക് അനുഗ്രഹങ്ങൾ അയച്ചുതരണമെന്ന് നമുക്ക് ബാബയോട് പ്രാർത്ഥിക്കാം. അഭിനന്ദനം പ്രകടിപ്പിക്കുക, യാത്ര അയപ്പുനടത്തുക, എന്ന കാര്യം നമുക്ക് ചിന്തിക്കുവാൻപോലും സാധ്യമല്ല. ബാബയുടെ ഈ സന്ദർശന നിശ്ചയത്തിൽ നമുക്കുള്ള ആഹ്ലാദം പ്രകാശിപ്പിക്കുവാൻ മാത്രമേ കഴിയൂ



Digitized by Kerala Sahitya Akademi

ന്നുള്ള. നമ്മുടെ ഹൃദയങ്ങളിലേക്കും ഭവനങ്ങളിലേക്കും ബാബയെ സ്വാഗതം ചെയ്യുക എന്ന ആശയം മാത്രമേ നമുക്കുള്ളൂ. ഈ മഹായോഗം ബാബയുടെ അനുഗ്രഹത്തിനും സംരക്ഷണത്തിനും മാർഗ്ഗദർശനത്തിനും വേണ്ടി പ്രാർത്ഥിക്കുന്നു.''

ബോംബെയിലെ ജനസംഘാംഗങ്ങളും ബാലവിഹാർ ക്ലാസ്സുകളിലെ വിദ്യാർത്ഥികളും ബാബയ്ക്കു ഹാരാർപ്പണം ചെയ്തു. ശ്രീ. സവന്ത്, ശ്രീ. ഭാർദ്വെ, ബോംബെ നിയമസഭാ സ്പീക്കർ ശ്രീ. പാഗെ, ബോംബെ ഉപരിസഭാദ്ധ്യക്ഷൻ ശ്രീ. ദുർഗ്ഗാദാസ് ഖന്ന, പഞ്ചാബ് ഉപരിസഭാദ്ധ്യക്ഷൻ, തുടങ്ങി പലരും ബാബയ്ക്കു അഭിവാദനങ്ങൾ അർപ്പിച്ചു. ആ യോഗത്തിൽ ബോംബെ നഗരത്തിലെ ഇരുപതിനായിരത്തിൽപരം പൗരന്മാർക്ക് ബാബയുടെ ദർശനം ലഭിച്ചു. അദ്ദേഹം കാരുണ്യപൂർവ്വം, തിങ്ങിക്കൂടിയിരുന്ന ജനങ്ങളുടെ ഇടയ്ക്കു് ഇറങ്ങി നടക്കുകയും അവർ ആദരസൂചകമായി നൽകിയ പുഷ്പങ്ങൾ സ്വീകരിക്കുകയും ചെയ്തു.

30–ാം തീയതി സാന്താക്രൂസ് വിമാനത്താവളത്തിലെ പ്രധാന കെട്ടിടത്തിന്റെ മട്ടുപ്പാവിൽ ഭക്തജനങ്ങൾ തിങ്ങിനിറഞ്ഞു. കാലത്തു് 9 മണിക്കു് എയർ ഇന്ത്യാ ബോയിംഗ് സർവ്വീസിൽ നൈറോബിയിലേക്കു് യാത്ര പുറപ്പെടുന്ന ബാബയുടെ ദർശനത്തിനായിട്ടാണു് അവർ എത്തിയിരുന്നതു്. അനേകം പേർ അധികാരികളുടെ നിരോധനാജ്ഞകളെ അതിലംഘിച്ചു് വിമാനത്തിനുചുററും എത്തുകയുണ്ടായി. ബാബ ആ കെട്ടിടത്തിന്റെ മുൻവശത്തെ നിലത്തു് ഒററം മുതൽ മറേറ അററംവരെ നടക്കുകയും മട്ടുപ്പാവിൽ കാത്തുനിന്ന



Digitized by Kerala Sahitya Akademi

വർക്ക് ദർശനം നൽകുകയും ചെയ്തു. വിമാനത്തിൽ കയറി ഇരിപ്പുറപ്പിച്ചപ്പോൾ അതിലെ ജോലിക്കാരും വിമാന സർവ്വീസിലെ ചില ഉയർന്ന ഉദ്യോഗസ്ഥന്മാരും ബാബയുടെ അടുത്തുചെന്ന് നമസ്കാരം പറഞ്ഞു. ബാബ അവരെ അനുഗ്രഹിക്കുകയും പലർക്കും വ ഭൂതി സൃഷ്ടിച്ച് പ്രസാദം നൽകുകയും ചെയ്തു.

യാത്രക്കിടയിലും ബാബ ഈ അനുഗ്രഹദാനം തുടർന്നു. യാത്രക്കാരിൽ പലരും അദ്ദേഹത്തെ തിരിച്ചറിയുകയും അദ്ദേഹത്തോട് സംസാരിക്കുന്നതിനുള്ള അനുവാദത്തിനു് അപേക്ഷിക്കുകയും ചെയ്തു. ആരെന്ന് ചോദിച്ച് മനസ്സിലാക്കിയ മററാളുകളും ഈ സൗഭാഗ്യം ആർജിച്ചു. അങ്ങനെ 35,000 അടി ഉയരത്തിൽ, മണിക്കൂറിൽ 590 മൈൽ വേഗത്തിൽ അറേബ്യൻ കടലിനുമുകളിലൂടെ സഞ്ചരിക്കുന്ന സന്ദർഭത്തിൽ പലയാളുകൾക്കും ബാബയുടെ അടുത്ത് ഇരിക്കുവാനും അദ്ദേഹവുമായി സംസാരിക്കുവാനും ഓർമ്മക്കായി കയ്യൊപ്പു വാങ്ങുവാനും സൗകര്യം ലഭിച്ചു. മഴക്കാലം തുടങ്ങിയിരുന്നതുകൊണ്ട് അന്തരീക്ഷാവസ്ഥ അത്ര നല്ലതല്ലായിരുന്നെങ്കിലും ആഫ്റിക്കയിലേക്കുള്ള യാത്ര ഏററിയ കൂറും സുഖപ്രദമായിരുന്നു. അത്ര ഉയരത്തിൽനിന്ന് നോക്കുമ്പോൾ സമുദ്രം നിശ്ചലമായ ഒരു നീലവിരിപ്പുപോലെ കാണപ്പെട്ടു. അങ്ങിങ്ങായി അല്പം നുരയും പതയും ഉളകുന്നുണ്ടാവും. ഈ ചുററുപാടുകളിൽ വിമാനത്തിൻെറ ഗതിവേഗം അറിയുകയില്ല. ഞങ്ങൾക്ക് മനോഹരമായ ഒരു നാടകശാലയിൽ ഇരിക്കുന്നതുപോലെയുള്ള അനുഭൂതിയുണ്ടായി. നൈറോബിയിൽ വെച്ചാണ് യവനിക ഉയരുവാൻ പോകുന്നത്. ബാബയുടെ സന്ദർശനംകൊണ്ട് അനുഗ്രഹിക്കപ്പെട്ട ഹററു എല്ലാ



Digitized by Kerala Sahitya Akademi

സ്ഥലങ്ങളിലുമെന്നപോലെ അവിടെയും പ്രേമത്തിൻെറ ദീപ്തി വിലാസം തന്നെയാണ് നാടകം.

ബാബക്കു മനം കളിർപ്പിക്കുന്ന ഒരു ഫലിത ബോധമുണ്ട്. അതു് ദിവ്യമായ ആ നിസ്സംഗതയിൽനിന്നും, താനാണ് ഈ നാടകത്തിൻെറ സൂത്രധാരൻ എന്ന അടയുറച്ച ബോധത്തിൽനിന്നും ജനിക്കുന്നതാണ്. എത്രയോ കുഞ്ഞുങ്ങൾക്ക് യാത്രക്കിടയിൽ ബാബ പോസ്ററു കാർഡുകൾ എഴുതി. അവരെ വിനോദിപ്പിക്കുവാനുള്ള ഉപായമാണിതു്. കൂടെ വിമാനത്തിൽ മുൻവശം കസേരകളിലിരുന്ന അമേരിക്കയിലെ റെയ്മർ ദമ്പതികൾക്കും ബാബ കാർഡെഴുതി! ബോബ് റെയ്മർ ആ കത്തു് വായിച്ച് ഉടനെ ഒരു മറുപടിക്കാർഡെഴുതിക്കൊടുത്തു. ''ആകാശം നീലാഭമായി വിലസുന്നു. സമുദ്രവും അങ്ങനെതന്നെ. ഞങ്ങളുടെ ആഗ്രഹം സഫലമായി, ഇതാ ഞങ്ങൾ അവിടുത്തെ കൂടെ പറക്കുന്നു.'' ഈ മറുപടി ബാബയെ രസിപ്പിച്ചു. ഇതിനിടയ്ക്കു് വിമാനം കടൽത്തീരം കടന്നിരുന്നു. അങ്ങിങ്ങായി മാത്രം ഇരുണ്ടനിറമുള്ള ചെറിയ ഖണ്ഡങ്ങളോടുകൂടിയ ചുവന്നു മഞ്ഞച്ച തരിശു ഭൂമിയാണ് അടിവശത്തു പരന്നു കിടക്കുന്നതു്. അധികം താമസിയാതെ വെൺമേഘങ്ങൾ ഭൂമുഖത്തെ ഞങ്ങളുടെ ദൃഷ്ടിയിൽനിന്നു മറച്ചു. വലത്തു വശത്തു കണ്ട പർവ്വതം കെനിയ ആണെന്നു് വിമാന ജോലിക്കാർ പ്രഖ്യാപിച്ചു. അതു് പാൽക്കടലിൽനിന്നു് കൂർത്തുയർന്നു നില്ക്കുന്ന ഒരു കൊടുമുടിയായി തോന്നി. ഞങ്ങളുടെ വാച്ചിലെ സമയം ഉച്ചതിരിഞ്ഞു 2.24 ആയപ്പോൾ വിമാനം മേഘങ്ങൾക്ക് അടിയിലാവുകയും സസ്യജാലവും സൂര്യപ്രകാശം തട്ടി തിളങ്ങുന്ന വീടുകളുടെ മേൽക്കൂരകളും ദൃശ്യമാവുകയും ചെയ്തു.



Digitized by Kerala Sahitya Akademi

അവിടത്തെ സമയം 12 അടിക്കുവാൻ നാലുമിനിട്ടുള്ളപ്പോൾ വിമാനം എംബകാസി താവളത്തിൽ സുഖമായി ഇറങ്ങി.

## ''നന്ദലാല'': നൈറോബിയിൽ

ഭഗവാന്റെ ആഗമനവാർത്ത നൈറോബിയിൽ പരന്നിട്ടുണ്ടായിരുന്നതുകൊണ്ട് ജനങ്ങൾ ആകാംക്ഷാഭരിതരായി കാണപ്പെട്ടു. വിമാനത്താവളത്തിൽ വളരെ ആളുകൾ കൂടിയിരുന്നു. ബാബ വിമാനത്തിൽനിന്ന് ഇറങ്ങുന്നതു് കണ്ടപ്പോൾ അവർ ഹർഷാരവം മുഴക്കി. കംപാലയിലെ ഡോക്ടർ ഛോട്ടാഭായി പട്ടേലാണ് വിമാനത്തിന്റെ അടുത്തുവന്ന് ബാബയെ സ്വീകരിച്ചതു്. അദ്ദേഹം ഈസ്റ്റാഫ്രിക്കയിലെ ജനങ്ങൾക്കു വേണ്ടി നിരന്തരം നടത്തിയ പ്രാർത്ഥന മൂലമാണ് ആ ഭൂഖണ്ഡത്തിന് ഈ സൗഭാഗ്യം ലഭിച്ചതു്. ഡോക്ടർ പട്ടേലിന്റെകൂടെ ബാബ വിമാനത്താവളത്തിന്റെ പിൻവശത്തുള്ള വിശാലമായ സ്ഥലത്തേക്ക് കാറിൽ പോയി. അവിടെ നൈറോബിയിലെ ജനങ്ങളുടെ ഒരു മഹാസമൂഹം ''നന്ദലാലാ യദുനന്ദലാലാ;'' എന്ന ഭജനഗാനവും പാടി കാത്തിരിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ ഭക്തന്മാർ വിമാനത്താവളത്തിലെ ആഫീസുകളിൽ വിദേശയാത്രയിൽ അനിവാര്യമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്നതിനിടയ്ക്ക് ബാബ ആഫ്രിക്കയിലെ തന്റെ മഹാപ്രസ്ഥാനം തുടങ്ങി കഴിഞ്ഞിരുന്നു–അനുഗ്രഹം നൽകി കാരുണ്യവർഷം ചെയ്ത് ആനന്ദവും സൗഖ്യവും വളർത്തുന്ന അത്ഭുതപരിപാടി.



Digitized by Kerala Sahitya Akademi

ഇന്ത്യയിലെയും ആഫ്രിക്കയിലെയും ഭജനഗാനങ്ങളെപ്പററി ഓർത്തപ്പോഠം ഏതു് ഏതിൻെറ പ്രതിദ്ധ്വനിയാണെണ് ഞാൻ ആലോചിച്ചുപോയി. ശ്രദ്ധിതികഞ്ഞ ഓരോ സ്വരത്തിലും ഓരോ ശബ്ദതരംഗത്തിലും താളത്തിൻെറ ഓരോ നിപാതത്തിലും നിറഞ്ഞുനിന്ന ഭക്തിയെപ്പററി എന്താണു് പറയുക! ബാംഗ്ളൂർ സർവ്വകലാശാലയുടെ വൈസ് ചാൻസലറായിരുന്ന ഡാക്ടർ ഗോകക്കിന്നു് എഴുതിയ ഒരു കത്തിൽ ബാബ അരേപ്പററി ഇങ്ങനെയാണു് പറഞ്ഞതു്: ''അവർ പുഷ്പങ്ങഠം വിതറുകയും ദീപം ഉഴിയുകയും ചെയ്ത രംഗം കണ്ണുകഠംക്കു് ഒരു ഉത്സവമായിരുന്നു. എത്രയോ മധുരവും ആത്മാർത്ഥവുമായ അവരുടെ പാട്ടുകേട്ടപ്പോഠം ഞാൻ ജയദേവൻെറയും ഗൗരാംഗൻെറയും കാലങ്ങളെ അനുസ്മരിച്ചു. വൻപിച്ച ആ പുരുഷാരത്തിൻെറ ഉത്സാഹം കണ്ടപ്പോഠം എൻെറക്കൂടെ ഇന്ത്യയിൽനിന്നു് വന്നിരുന്നവർ ആനന്ദബാഷ്പം പൊഴിച്ചു. ഇത്രത്തോളം കൃതജ്ഞതാനിർഭരമായ പരമാനന്ദ മുഹൂർത്തങ്ങഠം അവർ അപൂർവ്വമായേ കണ്ടിട്ടുള്ളു.''

നൈറോബിയിൽനിന്നു് 407 മൈൽ അകലെയുള്ള കംപാലയിൽ എത്തേണ്ടിയിരുന്നതുകൊണ്ടു് കാറുകഠം ഉടനെതന്നെ പുറപ്പെട്ടു. നല്ല റോഡുകളാണു്. ഡോ: പട്ടേലിൻെറ കാറിലാണു് ബാബ സഞ്ചരിച്ചതു്. മററുള്ളവർ വേറെ കാറുകളിൽ പുറകെ വന്നു. മനോഹരമായ പ്രകൃതി ദൃശ്യങ്ങളാണു് ചുററുപാടും ഉണ്ടായിരുന്നതു്. എത്രയോ മൈൽ ദൂരം റോഡിൻെറ ഇരുവശത്തും പച്ചനിറം പൂണ്ട സസ്യജാലം സമൃദ്ധമായി കാണാമായിരുന്നു. റോഡ് ഒരു കുന്നിൽനിന്നു് മറെറാന്നിലേക്കു് ഉയർന്നുയർന്നു പോകുന്നതുകണ്ടു് വളരെ



Digitized by Kerala Sahitya Akademi

കൗതുകം തോന്നി. നൈറോബി സമുദ്രനിരപ്പിൽനിന്നു് 5,500 അടി ഉയർന്ന സ്ഥലമാണു്. ഇടയ്ക്കു് ഒരു സ്ഥലത്തു് ഉയരം 9,000 അടിയോളം എത്തുകയും, എൽഡോറെറ്റു് എന്നിടത്തു് 7,000 അടിയാവുകയും ചെയ്തു. 4,000 അടി ഉയരത്തിലാണു് കംപാല സ്ഥിതി ചെയ്യുന്നതു്. ഈ യാത്രയിൽ സുപ്രസിദ്ധമായ 'റിഫ്ട് വാലി' കാണുവാൻ സാധിക്കും. റോഡിൽനിന്നു് കിഴക്കാംതൂക്കായി 2,000 അടി താഴെയുള്ള ഒരു താഴ്വാരമാണതു്. മുപ്പതിൽപരം മൈൽ വീതിയിൽ തെക്കുവടക്കായി ബഹുദൂരം നീണ്ടുകിടക്കുന്ന അതിഗംഭീരമായ ഒരു പ്രകൃതിദൃശ്യം. ഈ താഴ്വരയിലുള്ള നകുരു എന്ന തടാകത്തിന്റെ തീരത്തു് സ്ഥിതി ചെയ്യുന്ന അതേ പേരുള്ള നഗരത്തിലെ ഭക്തജനങ്ങൾ ബാബയെ സ്വീകരിക്കുവാൻ കാത്തിരുന്നു. അവിടത്തെ മുൻ മേയറായ ശ്രീ. ടാഗോറിന്റെ ഭവനത്തിലാണു് അവർ കൂടിയിരുന്നതു്. ധ്യാനമാണു് ഈശ്വരനെ ഹൃദയവേദിയിലേക്കു് ആകർഷിക്കുന്നതെന്നു് അറിഞ്ഞിരുന്ന അവർ ഭജനയിൽ മുഴുകി. പിന്നെയും 3!0 മൈൽ സഞ്ചരിക്കേണ്ടിയിരുന്നെങ്കിലും ബാബ അവരുടെ പ്രാർത്ഥനയ്ക്കു വിധേയനായി അവിടെ ഇറങ്ങി അല്പനേരം അവിടെ ഇരുന്നു് ഭക്തജനങ്ങളുടെ ആരാധന സ്വീകരിച്ചശേഷം വീണ്ടും യാത്ര തുടർന്നു.

അന്തരീക്ഷത്തിൽ നവോന്മേഷവും സന്തോഷവും തിരതല്ലി. കെനിയാ രാഷ്ട്രത്തിന്റെ ആദർശമായ ''ഹരാംബി''(നമുക്കു് ഒത്തൊരുമിച്ചു് പരിശ്രമിക്കാം) എത്രയോ അർത്ഥവത്തായി തോന്നി. ഗോതമ്പു വയലുകൾകൊണ്ടു് പച്ച വിരിച്ച വിശാലമായ താഴ്വരകൾ ഞങ്ങൾ കണ്ടു. കൃമികീടബാധയെ ഒഴിവാക്കുന്ന



Digitized by Kerala Sahitya Akademi

തിനുവേണ്ടി വിമാനം വഴിയാണ് ആ കൃഷിഭൂമികളിൽ മരുന്നു തളിക്കുന്നത്. വാററിൽ മരങ്ങൾ വളർന്നുനിൽക്കുന്ന തോട്ടങ്ങളും കാലിവളർത്തു കേന്ദ്രങ്ങളും ക്ഷീരവ്യവസായസ്ഥാപനങ്ങളും ഞങ്ങൾ കണ്ടു. പച്ചപ്പരവതാനി വിരിച്ച ഭൂമുഖം കണ്ണുകൾ കവർന്നു. വായുവിൻെറ കുളിർമ്മ ശരീരത്തിൻെറ തളർച്ച മാററി. എല്ലാകാലത്തും മഴ കിട്ടുന്ന ഈ പ്രദേശത്ത് ധാരാളം പുഴകളും ശുദ്ധജലം നിറഞ്ഞ തടാകങ്ങളുമുണ്ട്. ഫലപുഷ്ടിയുള്ള മനോഹരമായ രാജ്യം.

നകുരുവിൽനിന്ന് 83 മൈൽ കഴിഞ്ഞുള്ള എൽഡോറെററ് എന്ന സ്ഥലത്ത് പൗരാവലി ബാബയെ നഗരാതിർത്തിയിൽവെച്ച് സ്വീകരിച്ചു. സമയക്കുറവുമൂലം അദ്ദേഹത്തിന് നഗരത്തിൽ പോകുന്നതിനോ അവിടെ കൂടിയിരുന്ന ജനക്കൂട്ടത്തിന് ദർശനം നൽകുന്നതിനോ സാധിച്ചില്ല. ബാബ യാത്ര തുടർന്നു. ഉഗണ്ടാ രാജ്യാതിർത്തിയിൽ പ്രവേശിച്ചതോടെ ഒരു പുതിയ രീതിയിലുള്ള സ്വാഗതമാണ് ലഭിച്ചത്. ഭരണാധികാരികൾ ബാബയ്ക്ക് അതിർത്തിയിലുള്ള മലാബ എന്ന സ്ഥലം തൊട്ട് ഒരു പൈലററ് കാർ ഏർപ്പാടു ചെയ്തു. ബാബയുടെ പദവിയെ ആദരിക്കുന്ന ഈ ഉപചാരം അദ്ദേഹം ആ രാജ്യത്ത് ചെലവഴിച്ച കാലമത്രയും നിലവിലിരുന്നു. ഈ അകമ്പടിയോടുകൂടി കാറുകൾ ജിൻജ എന്ന സ്ഥലത്തെത്തി. അവിടെയാണ് നീലനദി പ്രസിദ്ധമായ വിക്ടോറിയാ തടാകത്തിൽനിന്ന് മെഡിററേനിയൻ കടലിലേക്കുള്ള ദീർഘയാത്ര ആരംഭിക്കുന്നത്. ജിൻജയ്ക്കു സമീപത്തുള്ള ഓവൻ ജലപാതത്തിലാണ് ഈസ്റ്റാഫ്രിക്ക മുഴുവൻ വിദ്യുച്ഛക്തി നൽകുന്ന പവ്വർ സ്റ്റേഷൻ സ്ഥാപിച്ചിരിക്കുന്നത്. അവിടെയും ഭക്തജനങ്ങൾക്ക് ബാബയുടെ ദർശനം ലഭിച്ചു.



Digitized by Kerala Sahitya Akademi

## ഉഗണ്ടയിലേക്ക് സ്വാഗതം

അങ്ങനെ, ഒടുവിൽ കംപാലയിലെത്തി; രാത്രി ഒന്നരമണിക്കു്, നൈറോബിതൊട്ടു് റോഡിൽ പലേടത്തും സ്വാഗതം ആശംസിക്കുന്ന പതാകകൾ കെട്ടിയിരുന്നു. കംപാലയുടെ പരിസരത്തിൽ എത്തിയപ്പോഴാണു് അവയുടെ എണ്ണവും മോടിയും കൂടിയതു്. ബാബ അതിലേ കടന്നുപോകുന്നതു് രാത്രിയിലാകയാൽ അവയിൽ മിക്കതും ദീപാലംകൃതമായിരുന്നു. അവയിൽ ഭഗവാൻ എന്ന നാമം അങ്കിതമായിക്കണ്ടു. അദ്ദേഹത്തിൻെറ ആഗമനത്തെ ആഹ്ലാദത്തോടും കൃതജ്ഞതയോടുംകൂടിയാണു് അവ വിളംബരം ചെയ്തതു്. ഞങ്ങളിൽ ഒരാൾ അവ 108 എണ്ണമുണ്ടെന്നു് കാണുകയുണ്ടായി ഇതു് 'അഷ്ടോത്തരശതം' മനപൂർവ്വം സംവിധാനം ചെയ്തതോ, ദിവ്യമായ സങ്കല്പത്തിൻെറ ഫലമോ, എന്നു് ഞങ്ങൾ അന്വേഷിച്ചില്ല, നമ്മുടെ സംസ്കാരത്തിനും നേത്രങ്ങൾക്കും പ്രീതികരമായ കുലവാഴകൾ അലങ്കാരത്തിനു് ധാരാളമായി ഉപയോഗിച്ചിരുന്നു. വാഴസ്സാ ആഫ്രിക്കയിലെ അതിപ്രധാനമായ ഒരു ആഹാരസാധനമാണെന്നു് പിന്നീടു് ഞങ്ങൾ മനസ്സിലാക്കി.

തൻെറ വസതിയുടെ മുൻവശത്തു് ഡോ: പട്ടേൽ നാകത്തകിടുകൊണ്ടു് മേൽക്കൂരയിട്ടു് താൽക്കാലികമായ ഒരു യോഗശാല നിർമ്മിച്ചിരുന്നു. അവിടെ രണ്ടായിരത്തോളം ജനങ്ങൾ,—ഇന്ത്യാക്കാരും ആഫ്രിക്കക്കാരും ആ രാത്രിയിൽ അത്ര വൈകിയ വേളയിലും ഭജനഗാനങ്ങൾ പാടിക്കൊണ്ടു് കാത്തിരിക്കുന്നുണ്ടായിരുന്നു. എത്രയോ മണിക്കൂറുകളായി അവർ അങ്ങനെ ഇരിക്കു



Digitized by Kerala Sahitya Akademi

കന്നാണ്. ബാബ കാറിൽ നിന്നിറങ്ങി നേരേ അവരുടെ ഇടയിലേക്കാണ് പോയതു്, കാത്തിരുന്ന ഭക്തജനങ്ങറംക്ക് അല്പനേരത്തെ ദർശനം നൽകിയശേഷം അദ്ദേഹം വീട്ടിനകത്തേക്കുപോയി, കംപാലയിലെ ജനങ്ങറം അന്നുരാത്രി ഉറങ്ങിയില്ല; അവർ നേരംവെളുക്കുവാൻവേണ്ടി അക്ഷമ കാണിച്ചു, തങ്ങറംക്ക് പ്രത്യാശയും ധൈര്യവും നൽകിക്കൊണ്ടു് വന്നെത്തിയിരിക്കുന്ന സർവ്വവും അറിയുന്ന മഹാത്മാവിനെ കാണുവാൻ അവർ കൊതിച്ചു,

അതിവേഗം തീർത്ഥാടകരെക്കൊണ്ടു് യോഗശാല നിറഞ്ഞു. നേരം വെളുത്തു് ഏതാനും മണിക്കുറുകറം കഴിഞ്ഞപ്പോഴേക്കു് അതിനകത്തു് സ്ഥലമില്ലാതായി. അതുകൊണ്ടു് ഡോ: പട്ടേൽ നാലുവശത്തും തൂക്കിയിരുന്ന വെളിയടകറം മാററി, ചുററുംനിന്നവക്ക് ബാബയെ കാണുവാൻ സൗകര്യം നൽകി. ഭഗവാൻ യോഗശാലയുടെ നടുവിൽ ഇട്ടിരുന്ന കസേരയിൽ ഇരിക്കുകയും, ആയിരക്കണക്കിലുള്ള ജനങ്ങറം ഒന്നുചേന്നു് ഭജനഗാനങ്ങറം പാടുകയും ചെയ്തു. ഏററവും മനോഹരമായ രീതിയിൽ ആത്മാർത്ഥതയോടെ കീർത്തനാലാപം ചെയ്ത ആ ജനസമൂഹത്തെ ബാബ അനുഗ്രഹിച്ചു. പിന്നീടു് അദ്ദേഹം അവരുടെ ഇടയ്ക്കുകൂടി ഇറങ്ങി നടക്കുകയും അവരുടെ മേൽ കരുണാകടാക്ഷം പതിപ്പിക്കുകയും ചെയ്തു. ഇടയ്ക്കിടയ്ക്കു് അദ്ദേഹം അല്പനേരം നിൽക്കും. ദുഃഖിതനോ, ഭഗ്നഹൃദയനോ, അവശനോ ആയ ഒരു വ്യക്തി അദ്ദേഹത്തിൻെറ ശ്രദ്ധയെ ആകർഷിക്കും. ''അദ്ദേഹം സർവ്വാന്തര്യാമിയാണല്ലോ. ഓരോരുത്തരുടെയും ഉള്ളിൽ നടക്കുന്നതു സമസ്തവും അറിയാം.'' അങ്ങനെ നിന്നുകൊണ്ടു് കൈവീശി എല്ലാ ദുഃഖങ്ങറം



Digitized by Kerala Sahitya Akademi

ക്കും പ്രതിവിധിയായ ദിവ്യൗഷധം, പാവനമായ പ്രസാദസേവനം, സൃഷ്ടിച്ച് ആ വ്യക്തിയുടെ കൈയ്യിൽ കൊടുക്കുകയും നെററിയിൽ തൊടുവിക്കുകയും ചെയ്യും. ചിലരോട് അത് തിന്നുകൊള്ളുവാൻ പറയും. ബാബയുടെ നേരിട്ടുള്ള ശുശ്രൂഷയ്ക്കുവേണ്ടി ഹൃദയം നൊന്തു പ്രാർത്ഥിച്ച ആ വ്യക്തികളാണ് മഹാസമുദ്രം കടന്ന് ആ രാജ്യത്ത് ചെല്ലുവാൻ ബാബയെ പ്രേരിപ്പിച്ചതെന്ന് ഞങ്ങൾക്ക തോന്നി.

ഉഗണ്ടയിലെ ഇൻസ്പെക്ടർ ജനറൽ ഓഫ് പോലീസ് ആയ മി. ഒറിയേമ അന്നുകാലത്ത് ബാബയ്ക്ക് ആദരാജ്ഞലികൾ അർപ്പിച്ചു. ബാബയുടെ അനുഗ്രഹവും കാരുണ്യത്തിൻെറ പ്രതീകങ്ങളും ലഭിച്ചതിൽ അദ്ദേഹം അത്യധികം സന്തുഷ്ടനായി കണ്ടു. ഉഗണ്ടാ സൈന്യത്തിൻെറ ചീഫ് ഓഫ് സ്റ്റാഫ് ആയ ജനറൽ ഇഡിൽ അമീനാണ് പിന്നെവന്നത്. അദ്ദേഹവുംകുടുംബാംഗങ്ങളും ബാബയുമായി ദീഘ്നേരംസംഭാഷണംനടത്തി.പൂവ്വദിക്കിൽനിന്നുവന്ന മഹാനായ ആദ്ധ്യാത്മികനേതാവിൽ നിന്ന്തനിക്ക് ലഭിച്ച കാരുണ്യം അദ്ദേഹത്തെ ആനന്ദിപ്പിച്ചു സംഭാഷണത്തിനിടയ്ക്ക് ബാബയുടെസവ്വജ്ഞത്വത്തെയും സർവ്വവ്യാപിത്വത്തെയും കുറിച്ചുള്ള സൂചനകൾ അദ്ദേഹത്തിന് ലഭിച്ചിരിക്കണം. ആത്മാവിൻെറ തൃഷ്ണകളെ സഫലമാക്കി ഹൃദയവ്യഥകളെ സന്തപ്പ്ണം ചെയ്യുന്ന ഈ ദിവ്യശുശ്രൂഷയിൽതന്നെ ബാബ അന്നത്തെ പകലും രാത്രിയും ചെലവഴിച്ചു. എവിടെയും ഇതുതന്നെയാണല്ലോ ഭഗവാൻെറ പരിപാടി. കമ്പാലയിൽ ഒരു സവാരിക്കുപോയി അവിടുത്തെ പുതിയ സൗധങ്ങളും മററു കാഴ്ചകളും കാണണമെന്ന് ആരോ നിർദ്ദേശിച്ചപ്പോൾ ബാബ പറഞ്ഞു: ''എനിക്ക് ഈ സ്ഥലം



Digitized by Kerala Sahitya Akademi

കാണേണ്ട ആവശ്യമില്ല. ഞാൻ എപ്പോഴും ഇവിടെയുണ്ട്. നിങ്ങൾ പോവുക. എനിക്ക് എന്റെ കൃത്യങ്ങൾ നിർവ്വഹിക്കാനുണ്ട്. അതിനുവേണ്ടിയാണ് ഞാൻ വന്നത്''.

എന്നുവരികിലും അന്നു വൈകിട്ട് കമ്പാലയിലെ സനാതനധർമ്മസമാജത്തിന്റെ ഭാരവാഹികളുടെ അപേക്ഷയ്ക്ക് വിധേയനായി ബാബ അവരുടെ ക്ഷേത്രം സന്ദർശിച്ചു. കമ്പാലയിലെ ഇന്ത്യാക്കാരായ ജനങ്ങളെല്ലാം ദർശനത്തിനായി അവിടെ കൂടിയിരുന്നു. വൈകുന്നേരം 6 മണിക്ക് ബാബ ക്ഷേത്രത്തിൽ എത്തി. ശിവന്റെയും ശ്രീരാമന്റെയും ശ്രീകൃഷ്ണന്റെയും പ്രതിഷ്ഠകൾക്കുമുമ്പിൽ നടത്തിയ മംഗളാരതി കണ്ടശേഷം അദ്ദേഹം ഏതാനും ഭജനഗാനങ്ങൾ പാടി ആയിരക്കണക്കിലുള്ള ഭക്തജനങ്ങളുടെ ഹൃദയത്തിൽ അമൃതസേചനം ചെയ്തു.

ക്ഷേത്രത്തിൽനിന്നു മടങ്ങുന്ന ബാബ ഒരു കുന്നിൻമുകളിലുള്ള ടെലിവിഷൻ സ്റ്റുഡിയം സന്ദർശിക്കുകയും കുന്ന് ഇറങ്ങിവരുമ്പോൾ കാറുനിർത്തി തന്റെ അനുഗ്രഹങ്ങൾക്ക് അഭ്യർത്ഥിച്ച ആഫ്റിക്കക്കാരനായ ഒരു പോലീസുകാരനെ ആശംസിച്ചു ധന്യനാക്കുകയും ചെയ്തു. ക്രിസ്തുവിന്റെ ചിത്രമുള്ള ഒരു ഭംഗിയേറിയ പതക്കം ബാബ അയാൾക്ക് സൃഷ്ടിച്ചുകൊടുത്തു. അയാൾ ക്രിസ്ത്യാനിയാണെന്ന് ഞങ്ങൾ പിന്നീട് മനസ്സിലാക്കി.. ബാബ ഓരോ മനുഷ്യനും വിശ്വാസപൂർവ്വം ഉറച്ചുനില്ക്കുന്ന മതത്തിൽ അയാളെ സ്ഥിതപ്രജ്ഞനാക്കുവാനാണ് വന്നിരിക്കുന്നത്. അദ്ദേഹത്തിന്റെ ധർമ്മസംഹിത സർവ്വാശ്ലേഷിയാണ്. 1966–ലെ ശിവരാത്രിയാഘോ



Digitized by Kerala Sahitya Akademi

ഷവേളയിൽ ബാബ താൻ പുനരുദ്ധരിക്കുവാൻ ഉദ്ദേശി ക്കുന്ന ധർമ്മപദ്ധതിയുടെ അടയാളം എന്തെന്ന് പ്രഖ്യാപി ക്കുകയുണ്ടായി. അഞ്ചു മുനകളോടുകൂടിയ ഒരു ചക്രമാ ണത്. ഓരോ ചക്രത്തിലും ക്രിസ്തുമതം, ഇസ്ലാം, പാ ഴ്സിമതം, ബുദ്ധമതം, ഹിന്ദുമതം എന്നിവയുടെ ചി ഹ്നങ്ങൾ പതിച്ചിരിക്കുന്നു. ഒത്ത നടുവിൽ ഹൃദയപ ത്മവും,ബാബയുടെ ഉപദേശങ്ങൾ സാർവ്വലൗകികമാണ്. എല്ലാമതങ്ങളിലെയും ജിജ്ഞാസുക്കൾക്കും സാധകന്മാ ക്കും അവ സ്വീകാര്യമാണ് ഈസ്റ്റാഫ്രിക്കയിലും അ ദ്ദേഹം തൻെറ കാരുണ്യത്തിൻെറ അടയാളമായി പല ക്കും പവിത്ര വസ്തുക്കൾ സൃഷ്ടിച്ചുകൊടുത്തപ്പോൾ ഓരോ രുത്തരുടെയും മതവിശ്വാസത്തിന് അനുരൂപമായ സാ ധനങ്ങളായിരുന്നു അവ എന്ന് കാണുവാൻ സാധിച്ചു. അവിടുത്തെ പ്രേമത്തിന് പ്രതിബന്ധങ്ങളൊ അതിർ ത്തിരേഖകളൊ ഇല്ല.

ഭജനസ്ഥ വരുന്ന ഓരോരുത്തരെയും അകത്തു് കൂട്ടി ക്കൊണ്ടുവന്ന് സൗകര്യത്തിൽ ഇരുത്തണമെന്നും, അംഗ വൈകല്യം ബാധിച്ചവരെയും രോഗികളെയും സ്നേഹ പൂർവ്വം പരിചരിക്കണമെന്നും ബാബ വാളണ്ടിയർമാക്കും മററു ചുമതലക്കാക്കും പ്രത്യേക നിർദ്ദേശം നൽകി. ജൂ ലായ് 2—ന് വരിവരിയായി തറയിൽ ഇരുന്ന ജനങ്ങ ളുടെ ഇടയ്ക്കു് ഇറങ്ങി നടന്നപ്പോൾ ഇത്തരം ധാരാളം പേരെ ബാബ സ്വകാര്യശുശ്രൂഷയ്ക്കായി തിരഞ്ഞെടുത്തു. അവരിൽ ധനികനും ദരിദ്രനും, ബാലനും വൃദ്ധനും ഇന്ത്യാ ക്കാരനും ആഫ്രിക്കക്കാരനും ഉൾപ്പെട്ടിരുന്നു. സത്യ ത്തിൽ ആഫ്രിക്കക്കാരായിരുന്നു മററുള്ളവരെക്കാൾ അ ധികം. അവരെയെല്ലാം ഗേററിനകത്തു് കൂട്ടിക്കൊണ്ടു പോയി ഒരു പ്രത്യേക മുറിയുടെ മുൻവശത്തു ഇരുത്തി



Digitized by Kerala Sahitya Akademi

ബാബ തന്നെ വെളിയിൽവന്ന് ഓരോരുത്തരെയും മുറിയ്ക്കകത്തേയ്ക്കു വ ളിച്ചു. ചിലരെ തന്നത്താൻ പിടിച്ചു കൊണ്ടാണു പോയത്. ബാബയുടെ പരിചരണം ലഭിച്ച് പുറത്തുവന്നവരുടെ ഭാവംതന്നെ മാറിയിരുന്നു. കണ്ണിൽ ഒരു പുതിയ പ്രകാശവും മുഖത്ത് ഒരു പുഞ്ചിരിയും, ഹൃദയത്തിൽ പ്രത്യാശയും മനസ്സിൽ ധൈര്യവും കളിയാടി. അവരുടെ നടപ്പിൽപ്പോലും, ഭാരം കുറഞ്ഞമട്ടുതോന്നി. രണ്ടു രോഗികൾ—പിള്ളവാതം പിടിപെട്ട ഒരു ബാലനും, ഉരുൾകസേരയിൽ നീങ്ങിയിരുന്ന ഒരു പുരുഷനും—അവിടെ കൂടിയിരുന്ന ജനാവലിയെ അൽഭുതപരതന്ത്രരാക്കി. അവശന്മാരും വികലാംഗരുമായി അകത്തേയ്ക്ക് നയിക്കപ്പെട്ട അവർ ചുറുചുറുക്കോടെ പുറത്തേയ്ക്കു നടന്നുവന്നു. അക്കൂട്ടത്തിൽ ആജാനുബാഹുവായ ഒരു മനുഷ്യനെയും അകത്തു വിളിക്കുകയുണ്ടായി. എന്തിനാണ് അയാളെ വിളിച്ചതെന്നറിയാതെ ചുററും നിന്നവർ വിസ്മയിച്ചു. ആ മനുഷ്യൻ ആജന്മബധിരനായിരുന്നു. പക്ഷേ ബാബയുടെ പരിചരണം കഴിഞ്ഞപ്പോൾ, ജീവിതത്തിൽ ആദ്യമായി ശബ്ദത്തിൻെറയും സംഭാഷണത്തിൻെറയും ലോകത്തിലേയ്ക്ക് അയാൾക്ക് പ്രവേശം ലഭിച്ചു.

കമ്പാലയിലെ പരിപാടികളെയും സന്ദർശനങ്ങളെയുംപററിയുള്ള നിർദ്ദേശങ്ങൾ കേട്ടപ്പോൾ ബാബ പറഞ്ഞു: ''സാധനയിലും അദ്ധ്യാത്മവൃത്തികളിലും താല്പര്യമുള്ളവരെ അവർ എത്തിച്ചേർന്ന സ്ഥാനങ്ങളിൽ നിന്ന് മുന്നോട്ടുപോകുവാൻ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യേണ്ടതു് ആവശ്യമാണ്. അഹന്തയിലും അകാലതുഷ്ടിയിലും എന്നപോലെ, അശ്രദ്ധയിലും നിരാശയിലും വീഴരുതെന്ന് അവരെ ഗുണദോ



Digitized by Kerala Sahitya Akademi

ഷിക്കണം.'' ഇതുകേട്ട് ബാബയുമായി അഭിമുഖസന്ദർശനത്തിനുവേണ്ടി പ്രാർത്ഥിക്കുന്ന ഇങ്ങനെയുള്ളവരിൽ ചിലക്ക് ഒരു പ്രത്യേക ദിവസം, ഒരു പ്രത്യേക സമയത്ത്, അതിനു സൗകര്യം നൽകാമെന്ന് ഡോ: പാട്ടൽ പറഞ്ഞു. ബാബയുടെ കൃപാവിലാസം നോക്കുക: ഈശ്വരങ്കലേയ്ക്കുള്ള ഏതു പാതയിൽ ചരിക്കുന്നവരായാലും, സാധകന്മാരെയും ജിജ്ഞാസുക്കളെയാണെങ്കിൽ അവരെയും സഹായിക്കുവാൻ അവിടന്ന് സദാ സന്നദ്ധനാണ്. ദൈനംദിനജീവിതത്തിൽ, ശാന്തിയിലേയ്ക്കും ആത്മജ്ഞാനത്തിലേയ്ക്കും നയിക്കുന്ന നിഷ്ഠകളിലും ധർമ്മാചരണങ്ങളിലും ഉറച്ചുനിൽക്കുന്നവർ ഭൂമിയെ നാശത്തിൽനിന്നു രക്ഷിക്കുന്ന സിദ്ധൗഷധവും അതിനെ നിലനിർത്തുന്ന ആന്തരചൈതന്യവുമാകുന്നു.

വൈകുന്നേരം ഭജനയ്ക്കുശേഷം ബാബ ബഹായി ആരാധനാമന്ദിരം നിൽക്കുന്ന കുന്നിൻമുകളിലേയ്ക്കു പോയി. ''ബഹായി'' മദ്ധ്യപൂർവ്വദേശത്ത് ആധുനികകാലത്തുണ്ടായ ഒരു ആദ്ധ്യാത്മികപ്രസ്ഥാനമാണ്. ബഹായി മതം എന്നും പറയാറുണ്ട്. മടങ്ങിവന്നപ്പോരം എല്ലാ മതങ്ങളുടെയും അടിസ്ഥാനപരമായ ഐക്യത്തെപ്പററി ബാബ സംസാരിച്ചു. ആചാരങ്ങളും അനുഷ്ഠാനപദ്ധതികളും ഭിന്നങ്ങളായിരിക്കും. ഭിന്നങ്ങളാകുവാനെ വഴിയുമുള്ളു. പക്ഷേ എല്ലാ മതങ്ങളുടെയും ലക്ഷ്യം മനസ്സിനെ അഹന്തനീക്കി ശുദ്ധീകരിക്കുകയും, ശരീരത്തോടും ഇന്ദ്രിയസുഖങ്ങളോടും ബാഹ്യലോകത്തിലെ വസ്തുക്കളോടും ഉള്ള മമതാബന്ധത്തിൽനിന്ന് മോചിക്കുകയും ആകുന്നു. പക്ഷേ ഐക്യത്തെപ്പററി പറയുമ്പോരം ഐകരൂപ്യത്തിനുവേണ്ടി വാദിക്കരുതെന്നും, എല്ലാ മതങ്ങളും ഒന്നാണെന്നുള്ള സിദ്ധാന്തം തന്നെ ഒരു പുതിയ



Digitized by Kerala Sahitya Akademi

തമായിത്തീർന്നു" നിലവിലുള്ള ഭിന്നമതങ്ങളോട്ട് വഴക്കു തുടങ്ങുവാൻ ഇടയാക്കരുതെന്നും ബാബ ഉപദേശിച്ചു. ഭിന്നങ്ങളായ മതങ്ങൾ നിലനിൽക്കട്ടെ. അവ അഭിവൃദ്ധിപ്പെടട്ടെ. അവ കൂടുതൽ ഫലപ്രദമായി ആചരിക്കപ്പെടട്ടെ. അങ്ങനെ ദൈവത്തിന്റെ നാമം എല്ലാ ഭാഷകളിലും ഭിന്നരാഗങ്ങളിലും കീർത്തനം ചെയ്യപ്പെടട്ടെ. അതായിരിക്കണം നമ്മുടെ ആദർശം. ഇങ്ങനെ നോക്കുമ്പോൾ ബാബ അംഗീകരിച്ച ആദർശപതാകയിൽ എല്ലാ മതങ്ങളുടെയും ചിഹ്നങ്ങൾക്ക് സ്വാതന്ത്ര്യവും പ്രധാനവുമായ സ്ഥാനം നൽകിയിരിക്കുന്നതിന്റെയും, മദ്ധ്യഭാഗത്ത്, വിരിഞ്ഞുനിൽക്കുന്ന ഹൃദയപത്മവും അതിലനിന്ന് ഉയരുന്ന ജ്ഞാനസാക്ഷാൽക്കാരത്തിന്റെ ദീപശിഖയും രേഖപ്പെടുത്തിയിരിക്കുന്നതിന്റെയും അർത്ഥം നമുക്ക് വ്യക്തമായി മനസ്സിലാക്കുവാൻ സാധിക്കും.

രാത്രി എട്ടുമണിക്ക് ഡോ: പട്ടേലിന്റെ ഭവനത്തിൽ തിരിച്ചെത്തിയപ്പോഴും ജനങ്ങൾ പിരിഞ്ഞു പോയിട്ടില്ലെന്നുകണ്ട് ബാബ അൽഭുതപ്പെട്ടു. അവർ അപ്പോഴും ഭജനഗാനങ്ങൾ പാടുകയായിരുന്നു. ബാബ വീണ്ടും തങ്ങളുടെ ഇടയിലേയ്ക്കു വരുമെന്നും ദർശനം നൽകുമെന്നുമുള്ള പ്രതീക്ഷയിലാണ് അവർ ഇരുന്നത്. കാരുണ്യംനിറഞ്ഞ, തേജോമയമായ ആ മുഖം കണ്ടാലും കണ്ടാലും മതിവരുകയില്ല. എത്രയോ മണിക്കൂറുകൾ ആ സന്നിധിയിൽ അടുത്തിരുന്നതിനുശേഷവും പോകുവാൻ തുടങ്ങുമ്പോൾ മനസ്സ് സമ്മതിക്കുകയില്ല. വീണ്ടും അവിടെത്തന്നെ ഇരിക്കണമെന്ന ആഗ്രഹം ജനിക്കും. ബാബ യോഗശാലയിൽ പോവുകമാത്രമല്ല, ജനങ്ങളുടെ ഇടയ്ക്കു നടന്ന്, വീണ്ടും, രോഗാതുരന്മാരായ കുറെ ആളുകളെ പ്രത്യേക ശുശ്രൂഷയ്ക്കായി തിരഞ്ഞെടുത്തു ഒരു മണി



Digitized by Kerala Sahitya Akademi

ക്കുറോളം അവർക്കുവേണ്ടി ചെലവാക്കുകയും ചെയ്തു. അവരെയെല്ലാം അവിടന്ന് അനുഗ്രഹിച്ചു. ഒരു പക്ഷേ അവർ വളരെ അകലെനിന്നു വന്നവരും അടുത്തദിവസം കൂടി അവിടെ താമസിക്കുവാൻ നിവൃത്തിയില്ലാത്തവരും ആയിരുന്നിരിക്കാം. അഥവാ ബാബയുടെ അനുഗ്രഹംനേടി സ്വന്തം ജീവിതത്തെ മധുരീകരിക്കുവാനുള്ള തീഷ്ണമായ ആഗ്രഹമായിരിക്കാം അവിടെ കാത്തിരിക്കുവാൻ അവരെ പ്രേരിപ്പിച്ചത്. ബാബ അവരുടെ പ്രയാസങ്ങൾ മനസ്സിലാക്കി ആഗ്രഹവും സാധിച്ചുകൊടുത്തു

## കാട്ടിൻ നടുവിലെ ജ്ഞാനോപദേശം

ജൂലായ് 3—ാം തീയതി ഞങ്ങൾക്ക് വളരെ തിരക്കുപിടിച്ച പരിപാടിയായിരുന്നു. ആദ്യം 310 മൈൽ അകലെ ടാൻസാനിയയിലുള്ള 'ങ്ഗൊറൊങ്ഗൊറോ ക്രേററി' ലേയ്ക്കുള്ള വിമാനയാത്ര. അതു് നിസ്തുലഭംഗിയാർന്ന ചുററുപാടുകളിൽ കാണുന്ന, ആഫ്രിക്കൻ വന്യജീവികളുടെ ഏററവും വലിയ സമാഹാരമാണെന്നാണ് പറയുന്നത്. കമ്പാലയിൽനിന്നു് 21 മൈൽ അകലെയുള്ള എൻെറബ്ബെ വിമാനത്താവളംവരെ കാറിൽപോയി ബാബയും അകമ്പടിക്കാരും കാലത്തു് 7.15—ന് ഒരു പ്രത്യേക വിമാനത്തിൽകയറി. ഞങ്ങൾ മൂന്നുപേർ അതിനു പുറകേ മറെറാരു ചെറിയ വിമാനത്തിലും യാത്രചെയ്തു. 8.35 വരെ ഞങ്ങൾ വിക്ടോറിയാ തടാകത്തിൻെറ മീതെക്കൂടിയാണ് പറന്നത്. നീലനദിയുടെ തൊട്ടിൽ എന്നു പറയുന്ന ഈ വലിയ ശുദ്ധജലതടാകത്തിനു് 250 മൈൽ നീളവും 150 മൈൽ



Digitized by Kerala Sahitya Akademi

വീതിയും ഉണ്ട്. സമുദ്രനിരപ്പിൽനിന്നു് 4,000 അടി ഉയരത്തിലാണു് അതു സ്ഥിതിചെയ്യുന്നതു്. വിമാനത്തിൽനിന്നുള്ള കാഴ്ച മനോഹരമായിരുന്നു. തടാകത്തിൽ കടുംപച്ചനിറത്തിലുള്ള ദ്വീപുകൾ ഞങ്ങൾ കണ്ടു. എന്നാൽ തടാകത്തിന്റെ തീരങ്ങൾ വിദൂരമായ നീലിമയിൽ അദൃശ്യമായിരുന്നു. സെറെൻഗെററി നാഷനൽ പാക്കിനു് മുകളിലൂടെയാണു് ഞങ്ങൾ യാത്ര ചെയ്യുന്നതെന്നു് വിമാനത്തിലെ പൈലററു് പറഞ്ഞു. അവിടത്തെ സിംഹങ്ങൾ ലോകപ്രസിദ്ധങ്ങളാണു്. സീബ്രാ, ഗസീൽ, ഗ്നു തുടങ്ങിയ മൃഗജാതികൾ നൂറുകണക്കിലും ആയിരക്കണക്കിലുമുള്ള വലിയ പററങ്ങളായി സഞ്ചരിക്കുന്നതു് ചിലപ്പോൾ കാണാമെന്നും, ശ്രദ്ധിക്കണമെന്നും, അയാൾ പറഞ്ഞു. അതു് വലിയ കാര്യമായി. സീബ്രാകളുടെയും ആൻറിലോപ്പുകളുടെയും ഏതാനും കൂട്ടങ്ങളെ 7,000 അടി ഉയരത്തിൽനിന്നു് ഞങ്ങൾക്കു കാണുവാൻ സാധിച്ചു. കാലത്തു് 9. 15-നു് ഞങ്ങൾ ക്രേററിന്റെ നടുക്കുതന്നെയുള്ള എയർ സ്ട്രിപ്പിൽ ഇറങ്ങി. ഒരു തടാകത്തിന്റെ സമീപത്താണു് വിമാനം ഇറങ്ങിയതു്. അവിടെ ലക്ഷക്കണക്കിൽ ജീവിക്കുന്ന ഫ്ളമിംഗോ പക്ഷികൾ രസകരമായ കാഴ്ചയായിരുന്നു.

ബാബ അല്പസമയം മുമ്പു് അവിടെ എത്തിയിരുന്നു. നൈറോബിയിൽനിന്നു് ബോബു് റെയ്മറും മററു ചിലരും പ്രത്യേക വിമാനം വഴി കുറച്ചുകഴിഞ്ഞപ്പോൾ എത്തിച്ചേർന്നു. ഈ ക്രേററർ അതിവിശാലമായ ഒരു സമതലമാണു്. പൂർവ്വയുഗങ്ങളിൽ അതൊരു ഗംഭീരമായ അഗ്നിപർവ്വതമായിരുന്നു. ഇന്നിപ്പോൾ ചുററുമുള്ള വരമ്പുമാത്രമേ അതിന്റെ ലക്ഷണമായി ശേഷിച്ചിട്ടു



Digitized by Kerala Sahitya Akademi

ള്ള. സമതലത്തിന്ന് 127 ചതുരശ്രമൈൽ വിസ്താരമുണ്ട്. പുൽത്തകിടിയും കുററിക്കാടും വനവുമാണ്. അസംഖ്യം വന്യജന്തുക്കളുടെ ജീവിതരംഗമാണതു് മസായി വർഗ്ഗക്കാരായ കുറെ മാട്ടിടയന്മാരും അവിടെയുണ്ട്. വിചിത്രമായ ഈ ചുററുപാടുകളിൽ കാലിമേച്ച് അവരും സുഖമായി കഴിയുന്നു. അവിടെയുള്ള വിശ്രമമന്ദിരത്തിലേയ്ക്കു് ഞങ്ങൾ കാറിൽപോയി. വഴിക്ക് ഒരു ചെറിയ ആനക്കൂട്ടത്തെയും ഏകാകിയായ ഒരു ഒട്ടകപ്പക്ഷിയെയും കണ്ടു. ഒരു മണിക്കൂർ കഴിഞ്ഞു് അടിവശത്തേയ്ക്കു് ഇറങ്ങിവന്നപ്പോൾ കാട്ടുപോത്ത്, ഗ്നു, സീബ്രാ തുടങ്ങിയ വന്യജന്തുക്കളെ ധാരാളമായി ഞങ്ങൾ കണ്ടുമുട്ടി. കൂടെ സഞ്ചരിച്ച റേഞ്ചർമാർ ഈ വന്യജീവികളുടെ വമ്പിച്ച പററങ്ങളെ അടുത്തുകാണാൻ സൗകര്യമുള്ള സ്ഥലങ്ങളിലേയ്ക്ക് ഞങ്ങളെ കൂട്ടിക്കൊണ്ടുപോയി. ധാരാളം ഒട്ടകപ്പക്ഷികളെയും പലതരം കുരങ്ങുകളെയും വിചിത്രമായ എത്രയോ ജാതി നീർക്കിളികളെയും കൊക്കുകളെയും കണ്ടു. ഈ ജന്തുക്കളുടെയെല്ലാം രാജാവായ സിംഹത്തെ കാണുവാനായിരുന്നു ഞങ്ങളുടെ ആകാംക്ഷ. റേഞ്ചർമാർ, പുല്ലിനിടയ്ക്ക് പകുതിയോളം മറഞ്ഞ നിലയിൽ വിശ്രമിക്കുന്ന ഒരു ആൺസിംഹത്തെ കണ്ടുപിടിച്ചു. കാറുകൾ അതിൻെറ സമീപത്തേയ്ക്കു ചെന്നപ്പോൾ ഒരു വിമുഖഭാവം പ്രകടിപ്പിച്ചുകൊണ്ട് ആ മൃഗരാജൻ അവിടെ ഇരുന്നതേയുള്ളു. അപ്പോഴേയ്ക്കു് പുല്ലിനിടയ്ക്കു് ഉറങ്ങിക്കിടന്ന രണ്ടു് പെൺസിംഹങ്ങളുടെ മേൽ കാറു് കയറി കയറിയില്ലെന്നായി. ഭാഗ്യത്തിന്ന് അവ എഴുന്നേററു് മാറിപ്പോയി. ഞങ്ങൾ ആ മൃഗങ്ങളോടു് ഏതാനും വാരയോളം അടുത്തു ചെല്ലുകയും അവയ്ക്കു ചുററും കാറോടിച്ച് അവയെ നല്ലതുപോലെ



Digitized by Kerala Sahitya Akademi

നോക്കിക്കൊണ്ടകയും ചെയ്തു. അവയുടെ ഇണക്കം കണ്ട് ഞങ്ങൾ അൽഭുതപ്പെട്ടു. അവ വളർത്തുമൃഗങ്ങളല്ലെന്നും, വന്യസ്വഭാവം തികഞ്ഞ ജന്തുക്കളാണെന്നും ഉള്ള വസ്തുത എടുത്തു പറയേണ്ടിയിരിക്കുന്നു. എന്നുവരികിലും അവ കാറുകൾ കണ്ട് ശീലിച്ചുപോയി. കാറുകൾ ഓടുന്നതു കണ്ടാലും അവയ്ക്ക് കൂസലില്ല. പക്ഷേ മനുഷ്യർ കാറിൽനിന്ന് ഇറങ്ങി നടന്നാൽ ആപത്താണ്. ആ പ്രൗഢമൃഗങ്ങളെ വിട്ടുപോരുവാൻ ഞങ്ങൾക്ക് സങ്കടം തോന്നി അവയോട് ഞങ്ങൾക്ക് സ്നേഹമായി എന്നു തന്നെ പറയാം. അവ സൗമ്യശീലരായിട്ടാണ് കാണപ്പെട്ടതു് തങ്ങളെ ലോകം കാണുന്നതു് അവയ്ക്ക് ഇഷ്ടമാണെന്നു തോന്നി അടുത്തുതന്നെ, ഒരു രാജ്ഞിയെപ്പോലെ ഉല്ലാസയാത്രയ്ക്കിറങ്ങിയ മറെറാരു പെൺസിംഹത്തെ ഞങ്ങൾ കണ്ടു. അതു് വെറും ഉല്ലാസമല്ലെന്നും, ഭീകരമായ ഉദ്ദേശത്തോടുകൂടിയ പ്രസ്ഥാനമാണെന്നും ഞങ്ങൾക്ക് ക്ഷണേന ബോദ്ധ്യമായി. എന്തെന്നാൽ പോത്തുകളും ഗ്നുകളും അൽഭുതകരമായ വിധത്തിൽ അവളുടെ സാന്നിദ്ധ്യം മനസ്സിലാക്കുകയും മിന്നൽ വേഗത്തിൽ ആ പരിസരത്തിൽനിന്ന് പാഞ്ഞുമറയുകയുംചെയ്തു. ജിറാഫുകൾ, ജംഗമമായ നിരീക്ഷണഗോപുരങ്ങൾപോലെ, അവയ്ക്കുമാത്രം അറിവുള്ള രഹസ്യരീതിയിൽ, ശത്രുവിന്റെ ആഗമനത്തെപ്പററി ആ ജന്തുക്കൾക്ക് അറിവു നൽകിയിരിക്കണമെന്ന് ബാബ പറഞ്ഞു. അദ്ദേഹത്തിന് സഹായം, സേവനം എന്നീ വസ്തുതകളിലാണ് താല്പര്യം. ഭീഷണിയുടെയും നിഗ്രഹത്തിന്റെയും ഗൂഢതന്ത്രങ്ങളിലല്ല.

വൈകുന്നേരം 4 മണിക്ക് ബാബ ആ സ്ഥലം വിട്ടു. അതിനുമുമ്പ്, തന്നെ അനുഗമിച്ച റേഞ്ചർമാർക്ക്



Digitized by Kerala Sahitya Akademi

അദ്ദേഹം തൻെറ പ്രീതിയുടെ സ്മാരകങ്ങൾ നൽകി. വ ഭൂത യുടെ അർത്ഥം അവർക്ക് മനസ്സിലാക്കുവാൻ കഴിവില്ല. അതുകൊണ്ടു് തൻെറ ചിത്രങ്ങളാണ് അദ്ദേഹം സമ്മാനിച്ചതു്, തൻെറകൂടെ ചെലവഴിച്ച ആനന്ദപൂർണ്ണമായ സമയത്തെപ്പററി ഓർമ്മിക്കുവാൻ അതു് അവർക്കു് ഉപകരിക്കുമെന്നും, ആ നിലയിൽ അവർ അവയെ വിലമതിക്കുമെന്നും ബാബയ്ക്കു് അറിയാം. വിമാനത്തിൻെറ പൈലററായ ബ്രിട്ടീഷുകാരനു് ബാബ തിരുഹൃദയത്തോടുകൂടിയ ക്രിസ്തുവിൻെറ ഒരു ചിത്രം സമ്മാനിച്ചു. റേഞ്ചർമാർക്കു് കിട്ടിയതു കണ്ടപ്പോൾ അയാൾക്കും ബാബയുടെ ചിത്രം കിട്ടിയാൽ കൊള്ളാമെന്നുണ്ടായിരുന്നു എന്നു് കരുതേണ്ടിയിരിക്കുന്നു. എന്തെന്നാൽ ബാബ ചോദിച്ചു: ''എൻെറ ചിത്രവും വേണോ?'' അയാൾ വേണം എന്നു് തല കുലുക്കിയപ്പോൾ ബാബ അതും സൃഷ്ടിച്ചു കൊടുത്തു.

ഞങ്ങളുടെ ചെറിയ വിമാനവും പുറകേ പറന്നു. അനുകൂലമായ കാലാവസ്ഥയിൽ അതും നല്ല വാഹനമാണു്. നാട്രോൺ എന്ന തടാകത്തിനടുത്തു് ഒരു പുതിയ അഗ്നിപർവ്വതം ഉണ്ടായിട്ടുണ്ടു്. 8,000 അടി പൊക്കത്തിൽ ഭൂഗർഭത്തിൽനിന്നു വമിച്ച ചാരംകൊണ്ടു മൂടിയ ലക്ഷണമൊത്ത ഒരു ഗിരിശൃംഗം. വിമാനം അതിൻെറ നേരെ മുകളിൽക്കൂടിപറക്കുകയും അതിൻെറ മുഖമണ്ഡലത്തിലേയ്ക്കു് ഒരിക്കലുംമറക്കാത്ത ഒരു വീക്ഷണം ഞങ്ങൾക്കു് ലഭിക്കുകയുംചെയ്തു. അതിൽനിന്നു് അഗ്നിഭഗവാനുവേണ്ടിയുള്ള ധൂപാർച്ചനപോലെ പുക പൊങ്ങുന്നതു് ഞങ്ങൾ കണ്ടു. ജിറാഫുകളെയും ഒട്ടകപ്പക്ഷികളെയും കാണുന്നതിനായി നൈറോബി നാഷനൽ പാർക്കിനു മുകളിൽ പത്തു മിനിട്ടോളം ചുററിപ്പറന്നതിനുശേഷ



Digitized by Kerala Sahitya Akademi

മാണ് ഞങ്ങൾ എംബകാസി വിമാനത്താവളത്തിൽ ഇറങ്ങിയതു്.

നൈറോബിയിൽ വലിയ ഉത്സാഹപ്രകടനം കണ്ടു. എന്തെന്നാൽ ബാബ അന്നു വൈകിട്ടു് 6.30-നു് ആ നഗരത്തിൽ ഒരു പൊതുയോഗത്തിൽ പ്രസംഗിക്കാമെന്നു് ഏററിരുന്നു. യോഗസ്ഥലത്തേക്കുള്ള റോഡുകളിൽ കാറുകളും മനുഷ്യരും തിങ്ങിനിറഞ്ഞു. ഇത്ര വലിയ പുരുഷാരം അവിടെ ഉണ്ടായിട്ടില്ലെന്നു പറയുന്നു. ബാബയുടെ നേർക്കുള്ള സാർവ്വലൗകികമായ ആകർഷണം ഒരു മതാചാര്യന്റെ കാര്യത്തിലും ഉണ്ടാവുകയില്ല. അവിടത്തേയ്ക്കു് പ്രത്യേകമായ വിശ്വാസ പ്രമാണങ്ങളോ സിദ്ധാന്തങ്ങളോ ആചാരപദ്ധതികളോ സംഘടനയോ ഇല്ല പ്രേമവും വിശ്വാസവും കൊണ്ടാണ് അവിടന്നു് ഓരോ ഹൃദയത്തിലും തന്റെ ശ്രീകോവിൽ പണിയുന്നതു്. ബാബയെ കാണുന്നതിനും അദ്ദേഹത്തിന്റെ വാക്കുകൾ കേൾക്കുന്നതിനുംവേണ്ടി ചുരുങ്ങിയതു് 20,000 ജനങ്ങളെങ്കിലും കൂടുകയുണ്ടായി. യോഗസ്ഥലത്തു് എത്തിയപ്പോൾ എത്രയോ നേരമായി കാത്തിരിക്കുന്ന ജനങ്ങളുടെ ഹൃദയാഭിലാഷം ബാബ ക്ഷണേന മനസ്സിലാക്കുകയും, ദീപ്തിമത്തായി അലങ്കരിച്ചിരുന്ന പ്രസംഗവേദിയിലേക്ക് പോകുന്നതിനുപകരം സദസ്യരുടെ ഇടയിലേക്കു് നീങ്ങുകയും ചെയ്തു. അവർ അദ്ദേഹത്തിനു നടക്കുവാൻ വഴിയുണ്ടാക്കിക്കൊടുത്തു. പലരും അദ്ദേഹത്തിന്റെ പാദസ്പർശം നടത്തി. മററുള്ളവർ തേജോമയമായ ആ മുഖം അടുത്തുകണ്ടു് അതിൽ നിന്നുപ്രസരിച്ച കാരുണ്യവും ആസ്വദിച്ചു. ഒടുവിൽ പ്രസംഗവേദിയിൽ കയറിയപ്പോഴേയ്ക്കു് സദസ്സിന്റെ നേത്രങ്ങളും ഹൃദയവും ഒരുപോലെ അദ്ദേഹത്തിൽ ഏകാഗ്രതയോടെ ലക്ഷീകൃതമായി



Digitized by Kerala Sahitya Akademi

''ദിവ്യാത്മ സ്വരൂപന്മാരേ'' എന്ന സംബോധനയോടുകൂടിയാണ് ബാബ തൻെറ പ്രഭാഷണം ആരംഭിച്ചത്. തൻെറ മുമ്പിലിരുന്ന ഓരോ വ്യക്തിയും അവിടത്തേക്ക് ദിവ്യചൈതന്യത്തിൻെറ സ്ഫുലിംഗമാണ്; ഈശ്വരതത്വമാകുന്നമഹാസമുദ്രത്തിലെ ഒരുതരംഗം യഥാർത്ഥത്തിൽ, ആഫ്രിക്കയിലും മററു ദിക്കിലും ഇതു തന്നെയായിരുന്നു ബാബയുടെ സന്ദേശത്തിൻെറ സംരസർവ്വസ്വം. മജ്ജമാംസ രക്തനിർമ്മിതമായ ഈ ശരീരമാകുന്ന ആവരണത്തിൻെറ ഉള്ളിലെ സത്യമാണ് അഖണ്ഡമായ ദൈവത്വമായി, അദ്ദേഹം കാണുന്നത്. അതു കാണണമെന്നാണ് നമ്മെ ഉപദേശിക്കുന്നത്. എല്ലാ ജീവികളുടെയും പരസ്പര പ്രേമത്തിൻെറ ഉറപ്പേറിയ അടിസ്ഥാനവും പ്രേരക ശക്തിയുമാണ് ഈ ദർശനം. ഈ തത്വത്തിൻെറ വിശദീകരണത്തിനാണ് ബാബ തൻെറ പ്രഭാഷണത്തിൽ ഉദ്യമിച്ചത്. ആഫ്രിക്കയിലെ ഇന്നത്തെ ചുററുപാടുകളിൽ ഈ സന്ദേശത്തിന് സവിശേഷമായ പ്രസക്തിയുണ്ട്. ഡോ: സി. ജി. പട്ടേൽ തൻെറ ഉപക്രമപ്രസംഗത്തിൽ ആഫ്രിക്കയിൽ ജീവിക്കുന്ന ഇന്ത്യാക്കാരുടെ മനസ്സിലുണ്ടായിരിക്കുന്ന വ്യാകുലതകളെയും ആശങ്കകളെയുംപററി പരാമർശിക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ ബാബയുടെ സ്നേഹാമൃതം നിറഞ്ഞ സന്ദേശവചനം മനുഷ്യ സമത്വത്തിൻെറ അംഗീകരണത്തിനുവേണ്ടി നൽകിയ ഉപദേശരൂപമായ, ആദ്ധ്യാത്മികമായ, പ്രത്യൗഷധമായിരുന്നു.

ഈശ്വരനാമത്തെ കീർത്തനം ചെയ്യണമെന്ന് ബാബ നിർദ്ദേശിച്ചു. ആ വചനമാണ് ശരീരമായി രൂപപരിണാമം നേടുന്നത്. ആ പ്രാർത്ഥനയാണ് പ്രേമസ്വരൂപനായ ഈശ്വരൻ കേൾക്കുന്നത് അതു് ഈശ്വ



Digitized by Kerala Sahitya Akademi

മഹത്വത്തിൻെറ സംക്ഷേപമാകുന്നു. ബാബ തന്നെ ചില നാമാവലികൾ പാടുകയും മധുമധുരമായ ആ സ്വരത്തിൻെറ വശീകരണശക്തികൊണ്ടും നാമങ്ങളുടെ അത്ഥവൈചിത്ര്യംകൊണ്ടും സദസ്സിനെ ആനന്ദിപ്പിക്കുകയും ചെയ്തു.

താമസസ്ഥലത്തു മടങ്ങിയെത്തിയശേഷം ബാബ അല്പനേരം ഒരു ടെലിവിഷൻ സെററിൻെറ മുൻപിൽ ഇരുന്നു. അദ്ദേഹത്തിൻെറ കൂടെയുള്ളവരിൽ ചിലർ ആദ്യമായിട്ടാണു് ബഹുജനസമ്പർക്കത്തിനുള്ള ആ ഉപകരണം കണ്ടതു്. അതിൽ കണ്ട ചിത്രങ്ങൾ ഇത്തരം പ്രക്ഷേപണവിദ്യകൾ വരുത്തുന്ന ദോഷത്തെപ്പററിയുള്ള ഒരു ചർച്ചയ്ക്കു് വഴിതെളിച്ചു. ഇത്തരം ശക്തിയേറിയ ഉപകരണങ്ങൾ താമസവും രാജസവുമായ ലക്ഷ്യങ്ങൾക്കുവേണ്ടി വിനിയോഗിക്കരുതെന്നു് ബാബ പറഞ്ഞു. അവ ശ്രേഷ്ഠവികാരങ്ങളെ ഉത്തേജിപ്പിക്കുവാനും കഴിവുള്ളവയാണു്. അവയെ മനുഷ്യനിൽ അന്തർലീനമായ സാത്വികപ്രവണതകളെ പരിപോഷിപ്പിക്കുന്നതിനാണു് ഉപയോഗിക്കേണ്ടതു്. പ്രായമായവരെയും ഈശ്വരവിചാരമുള്ളവരെയും അറിവുള്ളവരെയും ആദരിക്കുന്നതിനും നന്മയുടെയും മഹത്വത്തിൻെറയും പ്രതിഭാസങ്ങളുടെ നേക്കു് ഭയഭക്തിയോടെ ജീവിക്കുന്നതിനും, വിനയവും അകൃത്രിമത്വവും വളർത്തുന്നതിനും, ദുഷിച്ച വികാരങ്ങളെയും വിദ്വേഷങ്ങളെയും കീഴടക്കുന്നതിനും പ്രേരിപ്പിക്കുന്ന ആന്തരവാസനകളെയാണു് പോഷിപ്പിക്കേണ്ടതു്. ''ഈ പരിപാടികൾ സംഘടിപ്പിക്കുന്നവരുടെ ലക്ഷ്യം കൂടുതൽ കൂടുതൽ ആളുകളെ അവയിലേയ്ക്കു് ആകർഷിക്കണം എന്നതാകയാൽ സംസ്കാരശൂന്യതയും മൃഗീയവികാരങ്ങളും നിറഞ്ഞ ഹീനകൃത്യങ്ങളും ഹിംസ



Digitized by Kerala Sahitya Akademi

യും കാമലോലുപതവുമാണ് അവർ പ്രദർശിപ്പിക്കുന്നത്. മനുഷ്യൻ ദൈവത്വത്തിൻെറ ആവിഷ്ക്കരണമാണെന്ന വസ്തുത അക്കൂട്ടരെ പഠിപ്പിച്ചാൽ അവരിങ്ങനെ മനുഷ്യനെ അധ:പതിപ്പിക്കുകയല്ല'' എന്ന് ബാബ പറഞ്ഞു. താമസ രാജസഭാവങ്ങളെ പ്രചരിപ്പിക്കുന്ന ടെലിവിഷൻ 'ടെലിവിഷം' ആണെന്നായിരുന്നു അദ്ദേഹത്തിൻെറ നിർവചനം. കാമപരായണതവും അനാദരവും ദുരാഗ്രഹവും രക്തദാഹവും വളർത്തുന്ന സിനിമയുടെയും കഥാപുസ്തകങ്ങളുടെയും നിർദ്ദയനും നിർഭയനുമായ ശത്രുവാണ് ബാബ. കുട്ടിക്കാലം മുതല്ലു തന്നെ പൊതുജനപ്രീതിക്കുവേണ്ടി സാഹിത്യത്തിൻെറയും കലകളുടെയും നിലവാരം താഴ്ത്തുന്നതിനെതിരായി അദ്ദേഹം സമരം ചെയ്തുകൊണ്ടിരിക്കുകയാണ്.

കാട്ടിലെ സിംഹങ്ങളുടെ ഗർജ്ജനം ജനങ്ങളെ ഉണർത്തുന്ന, ലോകത്തിലെ ഒരേ ഒരു നഗരമാണ് നൈറോബി. അതിൻെറ പ്രാന്തപ്രദേശങ്ങളിലേയ്ക്ക് ഇന്നും ചിലപ്പോഴൊക്കെ സിംഹങ്ങൾ കടന്നുവരാറുണ്ട്. കുറേ വർഷങ്ങൾക്കുമുമ്പുവരെ ഈ പ്രദേശം അവയുടെ അധിവാസരംഗമായിരുന്നു. വാസ്തവത്തിൽ നൈറോബി നാഷനൽ പാക്ക് ആ നഗരത്തിൻെറ പ്രാന്തപ്രദേശമെന്നു തന്നെ പറയാവുന്നതാകുന്നു. അവിടെ പലതരം കാട്ടുമൃഗങ്ങൾ ധാരാളമായി ജീവിക്കുന്നു. ''നിങ്ങൾക്ക് റോഡിൽക്കിടന്ന് സുഖവിശ്രമംകൊള്ളുന്ന സിംഹങ്ങളെ കാണുവാൻ ധാരാളം സാദ്ധ്യതയുണ്ട്''. എന്ന് ഒരു സ്നേഹിതൻ ഞങ്ങളോടു പറഞ്ഞു. സിംഹത്തെ അല്ലെങ്കിലും അഞ്ചു ചീററാകളെ ഞങ്ങൾ കാണുകയും ചെയ്തു. റോഡിൻെറ നടുവിൽ ഒരു യോഗംകൂടി എന്തോ അത്യാവശ്യകാര്യം ചർച്ചചെയ്യുന്നതു്! ഞങ്ങളുടെ കാറുകൾ അവയ്ക്ക്



Digitized by Kerala Sahitya Akademi

വലിയ ഉപദ്രവമായിത്തോന്നി. അതുകൊണ്ട് അവ റോഡുവിട്ടുള്ള ഒരു സ്ഥാനത്തേയ്ക്ക് മാറുകയും പോകുന്ന പോക്കിൽ ഞങ്ങളെ അടിമുടി ശപിക്കുകയും ചെയ്തു. നീർക്കുതിരകൾ (ഹിപ്പോ) കിടക്കുന്ന ജലാശയത്തിലേയ്ക്ക് ഞങ്ങൾ പോയി. അവിടെ ചീങ്കണ്ണികൾ നിറഞ്ഞ ഒരു പുഴയിൽ അവയുടെ ഒരു പററത്തെത്തന്നെ ഞങ്ങൾ കണ്ടു. ഈ ജന്തുക്കളുടെ സഹവർത്തിത്വത്തെപ്പററി ബാബ എടുത്തു പറഞ്ഞു. പ്രകൃതിയിൽ ഇങ്ങനെയുള്ള സഹകരണത്തിന്റെ എത്രയോ ഉദാഹരണങ്ങൾ കാണാവുന്നതാണ്. നീർക്കുതിരകളെ കണ്ടു മടങ്ങുന്ന വഴിക്ക് പൊങ്ങിയ ഒരു പാറപ്പുറത്തു കിടന്ന് അന്യോന്യം സ്നേഹപ്രകടനം നടത്തുന്ന രണ്ട് സടധാരികളായ സിംഹങ്ങളെ ഞങ്ങൾ കണ്ടു. ഞങ്ങളുടെ മൂന്നു കാറുകൾ പത്തടിയോളം അടുത്തു ചെന്നപ്പോൾ, അവ ഉദാസീനഭാവത്തിൽ ഉരുണ്ടുമറിഞ്ഞ് സിനിമാതാരങ്ങളെപ്പോലെ, ചിത്രമെടുക്കുവാൻവേണ്ടി എന്ന മട്ടിൽ, അല്പനേരം സ്ഥിതിചെയ്തു. പത്ത് ക്യാമറകൾ ഉടനെ അവയുടെ പടമെടുത്തു. അതു കഴിഞ്ഞപ്പോൾ ആ മൃഗരാജന്മാർ അല്പം അകലെ വിശ്രമിച്ചിരുന്ന രൂപവതികളായ മൂന്ന് പെൺ സിംഹങ്ങളുടെ സമീപത്തേയ്ക്കു നടന്നുപോയി. സൃഷ്ടിവൈഭവത്തിന്റെ ശ്രേഷ്ഠദർപ്പണങ്ങളായ പ്രസ്തുത ജന്തുക്കളെ വിട്ട് മനസ്സില്ലാമനസ്സോടെയാണ് ഞങ്ങൾ പാറക്കെട്ടുകളിൽനിന്ന്, പുഷ്പങ്ങൾ നിറഞ്ഞ പട്ടണത്തിലേയ്ക്ക് പോന്നത്.

ഉച്ചയ്ക്ക് ആഹാരത്തിനുശേഷം ഡോ: പട്ടേൽ ബാബയെയുംകൂടെയുള്ളവരെയും നന്യകി എന്നസ്ഥലത്തേക്ക് കൊണ്ടുപോയി. ശരിക്കും ഭൂമദ്ധ്യരേഖയിൽ കിടക്കുന്ന സ്ഥലമാണിത്. 6,400 അടി പൊക്കം. നൈറോ



Digitized by Kerala Sahitya Akademi

ബിൽനിന്നു് 123 മൈൽ ദൂരം. അവിടെ നിന്നാണു് 17,000 അടി ഉയരമുള്ള കെനിയ എന്ന കൊടുമുടിയിലേക്കുള്ള കയററം ആരംഭിക്കുന്നതു്. നല്ല ടാറിട്ട റോഡാണു്. അതു് കുന്നിൽനിന്നു് കുന്നിലേക്കു്. കാപ്പി, സിസൽ, എന്നിവ വളരുന്ന കൃഷിത്തോട്ടങ്ങളിലൂടെ വളഞ്ഞു തിരിഞ്ഞു പോകുന്നു. ഈ തോട്ടങ്ങളിൽ കിക്കിയു ഗോത്രക്കാരുടെ വൃത്താകാരമായ പുല്ലുമേഞ്ഞ പാർപ്പിടങ്ങൾ കാണാം. അങ്ങകലെ മലയിടയിലെ നീരസ്ഥമായ വനപ്രദേശത്താണു് സീക്രററു് വാലി എന്ന സ്ഥലം. അവിടെയാണു് ബാബയും കൂടെയുള്ളവരും രാത്രി കഴിച്ചതു്. അവിടെവെച്ചു് ഞങ്ങൾ പുലികളെയും മററു വന്യമൃഗങ്ങളെയും കണ്ടു. ഭഗവാൻ പകർന്നു തന്ന ജ്ഞാനം ഉൾക്കൊണ്ടു് ധന്യരാവുകയും ചെയ്തു. പുലിയുടെ വരവിനെപ്പററി നേരത്തെ ഞങ്ങൾക്കു് വിവരം നൽകിയിരുന്നു. അവ മണിക്കണക്കിനുതന്നെ വന്നു. ഒരു തള്ളപ്പുലിയും രണ്ടു കുട്ടികളും അവയ്ക്കു വേണ്ട തീററ തയ്യാറാക്കി വെച്ചിരുന്ന പൊങ്ങിയ മാടത്തിലേക്കു് ചാടിക്കയറി. ശക്തിയേറിയ വൈദ്യുത പ്രകാശവും ക്യാമറകളുടെ ശബ്ദവും ഒന്നും അവയ്ക്കു് പ്രതിബന്ധങ്ങളായില്ല. പക്ഷേ ബാബയ്ക്കു് ഇതിലൊന്നും താല്പര്യം തോന്നിയില്ല. നൈറോബിയിൽ നൂറുകണക്കിൽ കാത്തിരിക്കുന്ന ഭക്തജനങ്ങളെ വിട്ടു് കാട്ടിൻ നടുവിൽ ഇരിക്കുവാൻ ഇടയായല്ലോ എന്നു് അദ്ദേഹം പറഞ്ഞു. അന്നു് വ്യാഴാഴ്ചയായിരുന്നു. നഗരത്തിലായിരുന്നെങ്കിൽ എല്ലാവർക്കും ആ രാത്രിയിൽ ഭജനയിൽപങ്കുകൊള്ളാമായിരുന്നു. ഏതായാലും ഉള്ള സമയം ഫലപ്രദമായിചെലവഴിക്കുന്നതിനു് ഞങ്ങളുടെ സംശയങ്ങൾക്കും ചോദ്യങ്ങൾക്കും മറുപടി പറയാമെന്നു് ബാബ സമ്മ



Digitized by Kerala Sahitya Akademi

തിച്ചു. മനസ്സിനെയും അതിന്റെ നിയന്ത്രണത്തെയും കുറിച്ചായിരുന്നു സംഭാഷണം. മനസ്സ് എങ്ങനെയാണ് അതു് എപ്പോഴും ധ്യാനിക്കുന്ന വസ്തുക്കളുടെ സ്വഭാവം കൈക്കൊള്ളുന്നതു് എന്നു് ബാബ വിശദീകരിച്ചു. നല്ല വസ്തുക്കളിലും മാലിന്യങ്ങളിലും ഒരുപോലെ ചെന്നു പറ്റുന്ന ഈച്ചയും തേൻമാത്രം തേടുന്ന തേനീച്ചയും തമ്മിലുള്ള വ്യത്യാസം ബാബ ഊന്നിപ്പറഞ്ഞു. തേനീച്ച ചുററിപ്പറക്കുന്നതെങ്ങനെ എന്നു് കൈവീശിക്കാണിച്ചതിനിടയ്ക്കു് ബാബയുടെ കൈത്തലത്തിൽ തന്റെ തന്നെ ചിത്രമുള്ള ഒരു വലിയ പതക്കം പ്രത്യക്ഷപ്പെട്ടു. ഞങ്ങളുടെ വിസ്മയം അടങ്ങുന്നതിനു മുമ്പുതന്നെ അദ്ദേഹം അതു് തന്റെ മുമ്പിലിരുന്ന ഭക്തന്റെ കൈയ്യിൽ കൊടുത്തിട്ടു പറഞ്ഞു: ''ഇതാ ഇതു് ധരിച്ചുകൊള്ളു. നിങ്ങൾ വളരെക്കാലമായി ഇതിനുവേണ്ടി പ്രാർത്ഥിക്കുകയാണ്'' എന്നിട്ട് ബാക്കിയുള്ളവരോട്: ''അതു് നിങ്ങളിൽ ഒരാൾക്കു് മാത്രമേ ആയുള്ളു. നിങ്ങൾ ഓരോരുത്തർക്കും ഈ വ്യാഴാഴ്ചരാത്രി ഈ സീക്രററ്വാലിയിൽവെച്ച് എന്തെങ്കിലും കിട്ടണമെന്നുണ്ട്'' എന്നു പറഞ്ഞു് കൈ വീശി. അപ്പോൾ, അതാ വരുന്നു, അടപ്പുള്ള ഒരു സുവർണ്ണ പാത്രം. അതു നിറയെ അമൃതായിരുന്നു—വർണ്ണിക്കുവാൻ കഴിയാത്തവണ്ണം മാധുര്യമേറിയതു്. ഭാവനയ്ക്കു് സങ്കല്പിക്കാൻ കഴിയാത്ത സുഗന്ധം പരത്തുന്നതു്. അങ്ങിനെ സമുദ്രനിരപ്പിൽനിന്നു് 11,000 അടി ഉയരത്തിലുള്ള സീക്രററ് വാലിയിൽവച്ച് ആ കുളിരേറിയ രാത്രിയിൽ ഗുരുവാരം എന്നു പറയുന്ന, ഗുരുവിനെ ആരാധിക്കേണ്ട, വ്യാഴാഴ്ച ആ ദിവ്യഹസ്തം ഒരു സ്വർണ്ണക്കരണ്ടികൊണ്ടു് ആ പൊൻകുടത്തിൽനിന്നു് ഞങ്ങൾക്കു് അമൃത് പകർന്നുതന്നു. ഭഗവാൻ പൂർവ്വനിശ്ചയം കൂടാതെ



Digitized by Kerala Sahitya Akademi

സ്വമേധയാ ചെയ്ത കൃപാദാനമാണിതു്. എത്രയോ വർഷത്തെ പ്രാർത്ഥനയും തപസ്സുംകൊണ്ടുപോലും അതിനു് അർഹത നേടുവാൻ കഴിയുമെന്നു തോന്നുന്നില്ല. തെളിഞ്ഞ നീലാകാശത്തുനിന്നു മഴ പെയ്യുന്നതുപോലെയാണു് അതു് അനുഭവപ്പെട്ടതു്. വെയിലുകൊണ്ടു വരണ്ട കൃഷിച്ചെടികളുടെ നേർക്കു് ഈശ്വരനു തോന്നിയ സഹതാപത്തിന്റെ ഫലം.

ഞങ്ങൾ താമസിച്ച വിശ്രമമന്ദിരത്തിന്റെ ഉടമസ്ഥൻ ഒരു മുസ്ലീം ആയിരുന്നു. അയാളെ അകത്തുവിളിച്ചു് ബാബ അയാളുടെ രോഗത്തിനു് (തൊണ്ടമുഴ—ടോൺസിൽസ്) പ്രതിവിധയായി വിഭൂതി സൃഷ്ടിച്ചു കൊടുത്തു. ''ഞാൻ അനുഗൃഹീതനായി'' എന്നു് അയാൾ പറഞ്ഞു, ബാബയുടെ ഒരു ചിത്രവും അയാൾ ചോദിച്ചു വാങ്ങി. അവിടത്തെ ഭൃത്യന്മാരും വിഗണിക്കപ്പെട്ടില്ല. ബാബയുമായി രണ്ടുവാക്കു് സംസാരിക്കണമെന്നുള്ള അവരുടെ അഭിലാഷം ഭഗവാൻ സാധിച്ചുകൊടുത്തു. അതോടൊപ്പം ആത്മാവിനെ സമാശ്വസിപ്പിക്കുന്ന ഉപദേശങ്ങളും അവർക്കു് ലഭിച്ചു.

നന്യുകിയിൽ മടങ്ങിയെത്തിയപ്പോൾ അൽപ്പം അകലെ ഒരു ഉൾനാട്ടിൽ നിന്നുവന്ന ഒരു സംഘം ആളുകൾ ബാബയെ സമീപിക്കുകയും കാഴ്ച പകുതിയും നശിച്ച ഒരു സാധു ബാലന്റെ മേൽ അവിടത്തെ കാരുണ്യം ചൊരിയണമെന്നു് അഭ്യർത്ഥിക്കുകയും ചെയ്തു. ആ ബാലനെ നൈറോബിയിൽ കൊണ്ടുവരണമെന്നും അവൻ വരുന്നതുവരെ താൻ അവിടെഉണ്ടാകുമെന്നും ബാബ പറഞ്ഞു. അതനുസരിച്ചു വന്നപ്പോൾ ബാബ അവരെ അകത്തുവിളിച്ചു് സാന്ത്വനപ്പെടുത്തി. പുറത്തു വരു



Digitized by Kerala Sahitya Akademi

മ്പോഗം ആ കട്ടിയുടെ അച്ഛൻ ധാരധാരയായി കണ്ണുനീർ ഒഴുക്കുന്നതു് ഞാൻ കണ്ടു. അവ ആനന്ദബാഷ്പങ്ങളായിരുന്നു.

ബാബ നൈറോബിയിലെ വിത്സൻ വിമാനത്താവളത്തിലേയ്ക്കു് കാറിൽ പോയി. കമ്പാലയിലേയ്ക്കു പോകുവാൻ പ്രത്യേക വിമാനം ഏർപ്പാടുചെയ്തിരുന്നു. ഭജനയിൽമുഴുകിയ ആയിരത്തോളം ജനങ്ങഗം ബാബയെ സ്വാഗതംചെയ്തു അവർ കൂട്ടത്തോടെ എഴുന്നേററു് ബാബയുടെ പാദനമസ്കാരം ചെയ്യുവാനായി മുന്നോട്ടു് ഓടുന്നതു കണ്ടു് അദ്ദേഹം അവരെ വിലക്കി. ''സായി ഭക്തന്മാർ മററുള്ളവർക്കു് മാതൃകയായിരിക്കണം. അവർ ചട്ടങ്ങഗം ലംഘിക്കരുതു്. എല്ലാവരുടെയും സൗകര്യത്തെക്കരുതി ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളാണവ'' എന്നു് അദ്ദേഹം ഉപദേശിച്ചു. വിമാനം റിഫ്ട് വാലിയുടെയും കെനിയയിലെ പർവ്വതപ്രദേശങ്ങളുടെയും മുകളിലൂടെയാണു് പറന്നതു്. തേയിലത്തോട്ടങ്ങളും കാപ്പിത്തോട്ടങ്ങളും ഞങ്ങഗം കണ്ടു വിക്ടോറിയാതടാകത്തിന്റെ തീരത്തുള്ള കിസുമു എന്ന തുറമുഖ പട്ടണവും കണ്ടു. അതിനുശേഷം തടാകത്തിനു് കുറുകെ പറന്നു് ഞങ്ങഗം എൻറബ്ബെ വിമാനത്താവളത്തിൽ സുഖമായി ഇറങ്ങി.

## നേരെ ഹൃദയത്തിലേയ്ക്കു്

ബാബ അൻപതു് മണിക്കൂർ സമയം കമ്പാലയിൽ ഉണ്ടായിരുന്നു. അവിടത്തെ കൃപാമൃതം ആസ്വദിച്ചവർക്കു് വേർപാടു് ദുസ്സഹമായിത്തോന്നി. ബാബ അവിടെ തുടർന്നു താമസിക്കണമെന്നവർ അഭ്യർത്ഥിച്ചു.



Digitized by Kerala Sahitya Akademi

അന്ന് വൈകുന്നേരം ഭജനസമയത്ത് ഭക്തന്മാർ ഇടയ്ക്ക് ഇറങ്ങിനടന്നപ്പോൾ അവരിൽ അനേകം പേർ ബാബയുടെ കൈയിൽ എഴുത്തുകൾ കൊടുത്തു. വേർപെട്ടുകൊണ്ടുണ്ടായ വേദനയെപ്പററിയാണ് അവയിൽ പറഞ്ഞിരുന്നത്. ''പിതാവേ, ഞങ്ങളെ വിട്ടിട്ടു പോകരുതേ'' എന്നതായിരുന്നു അവയിലെ പല്ലവി. ഇന്ത്യയിൽനിന്നു പുറപ്പെട്ടപ്പോൾ ജൂലായ് 10–ന് ഈസ്റ്റാഫ്രിക്കയിൽനിന്ന് മടങ്ങണമെന്നായിരുന്നു ബാബയുടെ പരിപാടി. ജൂലായ് 10 ഗുരുപൗർണമിയായിരുന്നു. ആദ്ധ്യാത്മികാചാര്യനെ ആരാധിക്കുവാനായി ഹൈന്ദവപഞ്ചാംഗത്തിൽ നിർദ്ദേശിച്ചിട്ടുള്ള വിശേഷദിവസം. ബാബ ആദ്ധ്യാത്മികസാധനകളിൽ ഉപദേശം നൽകുന്ന ഗുരുവും അവയുടെ ലക്ഷ്യവുമാകുന്നു. ഗുരുപൗർണിമയ്ക്ക് മറെറാരു പ്രാധാന്യം കൂടിയുണ്ട്, ഭക്തജനങ്ങളുടെ മനസ്സിൽ. ആ ദിവസം ആറുവർഷം മുമ്പ് ബാബ നടത്തിയ അൽഭുതങ്ങളിൽ അൽഭുതമായ ആ വിശിഷ്ടകർമ്മത്തെക്കുറിച്ചുള്ള സ്മരണയുമായി ബന്ധപ്പെട്ടു കിടക്കുന്നു. അന്നത്തെ ഗുരു പൗർണമി ദിവസമാണ് ബാബ ഒരു ഭക്തനെ ആസന്നമായ തളർവാതത്തിൽനിന്നു രക്ഷിക്കുവാൻവേണ്ടി ആ രോഗം തന്റെ ശരീരത്തിൽത്തന്നെ സ്വീകരിച്ചത്. ഒടുവിൽ കമ്പാലയിലെ ഭക്തന്മാരുടെ പ്രാർത്ഥന ഭഗവാൻ സ്വീകരിച്ചു. മടക്കയാത്ര നീട്ടിവെച്ചിരിക്കുന്നു എന്ന് ഇന്ത്യയിലേയ്ക്കു കമ്പിയടിച്ചു.

സായി കുടുംബത്തിൽ ഇപ്പോൾ ധാരാളം ആഫ്രിക്കക്കാരും ഉണ്ടെന്നും അതുകൊണ്ട് അക്കൊല്ലത്തെ ഗുരു പൗർണ്ണിമ അവരുടെ ഇടയ്ക്ക് ആചരിക്കാമെന്നും ആരോ പറയുകയുണ്ടായി. ഇതു കേട്ട് ബാബ തനി



Digitized by Kerala Sahitya Akademi

ക്ക് സഹജമായ രീതിയിൽ ഇങ്ങനെ പറഞ്ഞു: ''പുതിയ സായി കുടുംബത്തെ കുറിച്ച് എന്നോടു പറയേണ്ട. ഞാൻ നൂതനനായി വന്ന സനാതനനാണ്, സായി കുടുംബത്തിലെ അംഗങ്ങൾ ആരെല്ലാമെന്ന് ഞാൻ പറയട്ടെ? ഓരോ സായി ഭക്തന്റെയും കുടുംബം ഏതെന്ന്. ഭക്തി പിതാവ്—സത്യം മാതാവ്—പ്രേമം ഭർത്താവ്—(അല്ലെങ്കിൽ ഭാര്യ)—നിസ്സംഗത്വം പുത്രൻ—ജ്ഞാനം പുത്രി—സഹനശക്തി ബന്ധുക്കൾ—സജ്ജനം (സിദ്ധന്മാരും ജ്ഞാനികളും) മിത്രങ്ങളും സഖാക്കളും. ഇതാണ് സായി കുടുംബം. സായി ഭക്തന്മാരാണെന്ന് സ്വയം വിശ്വസിച്ചുകൊണ്ടാണ് നിങ്ങൾ സായി കുടുംബത്തെപ്പറ്റി സംസാരിക്കുന്നത്. നിങ്ങൾ അങ്ങനെ പേരെഴുതി വെച്ചാൽ പോരാ. ഞാൻ നിങ്ങളെ ഭക്തന്മാരായി സ്വീകരിക്കുകയും വേണം. ഞാൻ നൽകുന്ന ഉപദേശങ്ങൾക്ക് അനുസരണമായി ജീവിച്ചാൽ മാത്രമെ ഞാൻ നിങ്ങളെ സ്വീകരിക്കുയുള്ളൂ. അത് അത്ര വളരെ പ്രയാസമുള്ള കാര്യവുമല്ല. സത്യസന്ധരായിരിക്കുക, നീതിബോധം പുലർത്തുക, പ്രേമപൂർണ്ണരാവുക, ജീവിതത്തിലെ ഉയർച്ചയും താഴ്ചയുംകൊണ്ട് പതറാതിരിക്കുക. എല്ലാം ഈശ്വര കാരുണ്യത്തിന്റെ ലക്ഷണമാണെന്നു കരുതുക.''

ഉഗണ്ടയിലെ ഇന്ത്യൻ ഹൈക്കമ്മീഷൻ ശ്രീ. കെ. പി. ആർ. സിംഗ് അന്നു വൈകുന്നേരം ബാബയെ കാണാൻ വരുകയും അദ്ദേഹവുമായി ദീർഘനേരം സംഭാഷണം നടത്തുകയും ചെയ്തു അതു കഴിഞ്ഞ് കമ്പാലയിലെ സ്കൂൾ ഹെഡ്മാസ്റ്റർമാരും, അഭിഭാഷകരും, റോട്ടറി ക്ലബ്ബ്, ലയൺസ് ക്ലബ്ബ് എന്നിവയുടെ അംഗങ്ങളും അടങ്ങിയ നൂറോളം ജിജ്ഞാസുക്കൾ ഡോ: പട്ടേലിന്റെ



Digitized by Kerala Sahitya Akademi

ബംഗ്ളാവിൽ വന്നു. ബാബ അവരുടെ ഇടയ്ക്കുവന്ന്, തനിക്കായി സജ്ജമാക്കിയിരുന്ന കസേര മാററി, ചിരിച്ചുകൊണ്ട് സന്ദർശകരുടെ മുമ്പിൽ തറയിൽ ഇരുന്നു. ഏതാനും മിനിട്ടുനേരം ആരും മിണ്ടിയില്ല. ഈ നിശബ്ദതയെ ബാബയാണ് ഭഞ്ജിച്ചത്. ''ആകട്ടെ, എന്നോട് എന്തു ചോദ്യവും ചോദിക്കുക'' എന്ന് അദ്ദേഹം സ്നേഹപൂർവ്വം നിർദ്ദേശിച്ചു.

അവരുടെ ചോദ്യങ്ങൾ!! എന്നുവരികിലും ബാബ പ്രേമമൂർത്തിയാണല്ലോ. ഏററവും വ്യക്തിപരവും സ്വകാര്യവുമായ ചോദ്യങ്ങൾപോലും അദ്ദേഹം ക്ഷമിക്കുകയും തനിക്കു സഹജമായ മധുര സ്വരത്തിൽ അവയ്ക്ക് മറുപടി പറയുകയും ചെയ്തു. ആദ്യത്തെ ചോദ്യം, സായിബാബ ഒരു മുസ്ലിം ആണെന്നുള്ളതിനെപ്പററി. അടുത്തത് അത്ഭുതകർമ്മങ്ങളെപ്പററി. അത്ഭുതകർമ്മങ്ങൾ തനിക്ക് സ്വാഭാവിക കർമ്മങ്ങളാണെന്ന് ബാബ പ്രഖ്യാപിച്ചു. ''നിങ്ങൾ പറയുന്ന അത്ഭുതകർമ്മങ്ങൾ രണ്ടു തരത്തിലുണ്ട്. ഒരു ജാതി പ്രകൃതിക്കും അതിന്റെ നിയമങ്ങൾക്കും എതിരായി പ്രവർത്തിക്കുന്നു. അവ ക്ലേശകരമായ യോഗസാധനകളുടെ ഫലമായി സംഭവിക്കുന്നവയാണ്. അവ അവനവനോ മററുള്ളവർക്കോ പ്രയോജനകരമല്ല. മററത് ഈശ്വരശക്തിയുടെ താനേയുള്ള ബഹി:സ്ഫുരണമാണ്; അവ മനുഷ്യനെ ഈശ്വരങ്കലേക്ക് നയിക്കുന്നു.'' എന്നായിരുന്നു ബാബയുടെ മറുപടി. പുറകേ മററു ചോദ്യങ്ങൾവന്നു. ബാബ ഒരു മണിക്കൂറോളം അവയ്ക്കു മറുപടി പറയുന്നതിൽ വ്യാപൃതനായിരുന്നു. ഒടുവിൽ ഒരു റോട്ടറി അംഗം എല്ലാവർക്കും തങ്ങളുടെ ഹൃദയത്തിൽകൊണ്ടു നടക്കാവുന്ന ഒരു സന്ദേശം നൽകണമെന്ന് ബാബയോട് അപേക്ഷിച്ചു. ബാബ പറഞ്ഞു



Digitized by Kerala Sahitya Akademi

''കൃത്യനിർവഹണം ആരാധനയാണ്, കർത്തവ്യങ്ങൾ ഈശ്വരനാണ്, നിങ്ങളുടെ എല്ലാ കർമ്മങ്ങളിലും ഇതു് പ്രധാനമായ ആദർശമായി സ്വീകരിക്കുക''. അതിനുശേഷം അദ്ദേഹം എഴുന്നേററു് സന്ദർശകരുടെ ഇടയ്ക്കു് നടക്കുകയും തൻെറ അനുഗ്രഹത്തിനു് പാത്രമായവർക്കു് വിഭൂതി സൃഷ്ടിച്ചു് കൊടുക്കുകയും ചെയ്തു ക്രിസ്തുമതാനുയായികൾക്കു് അദ്ദേഹം സ്വർണ്ണവുംഇനാമലുംകൊണ്ടു നിർമ്മിച്ച ക്രിസ്തുചിത്രങ്ങൾ നൽകി. മുസ്ലിങ്ങൾ അപേക്ഷിച്ചപ്പോൾ ബാബ തൻെറ തന്നെ ചിത്രം നിർമ്മിച്ചു കൊടുത്തു. ഒരു ശിഖ്മതക്കാരനു് ഗുരുനാനാക്കിൻെറ ചിത്രം കൊടുത്തു. എല്ലാം ക്ഷണത്തിൽ ഒരു കൈവീശലുകൊണ്ടാണു് സാധിച്ചതു്. പ്രേമവും അനുഗ്രഹവും, ദിവ്യമായ ഔദാര്യവും നിറഞ്ഞ സൗമ്യകർമ്മം. തൻെറ ചുററും സന്ദർശകർ നിൽക്കുന്ന ഒരു ഫോട്ടോ എടുക്കുവാനും ബാബ സമ്മതിച്ചു.

അനന്തരം ഉഗണ്ടയിലെ ഇമിഗ്രേഷൻ ഡിപ്പാർട്ടുമെൻറുകാർക്കു് ബാബ ഒരു അഭിമുഖസന്ദർശനം നൽകി. ബാബയുടെ സന്ദർശനത്തെപ്പററി മററാരേക്കാളും മുമ്പേ അവരാണു് അറിഞ്ഞതു്. അതുകൊണ്ടു് ബാബയെ കാണുവാൻ തങ്ങൾക്കു് ഒരു അവസരം നൽകണമെന്നു് അവർ ഡോ: പട്ടേലിനോടു് അഭ്യർത്ഥിച്ചിരുന്നു. ഇതറിഞ്ഞപ്പോൾ ബാബ അതിനു് അനുവാദം കൊടുത്തു. അന്നു വൈകുന്നേരം 15,000 ജനങ്ങൾ ശ്രദ്ധാപൂർവ്വം ഭജനയിൽ പങ്കെടുത്തു. ബാബ അവരുടെ ഇടയ്ക്കു ഇറങ്ങി നടക്കുകയും അവർ കൊടുത്ത നൂറുകണക്കിലുള്ള കുറിപ്പുകൾ സ്വീകരിക്കുകയും ചെയ്തു. ബാബയുടെ അവിടത്തെ താമസം ദീർഘിപ്പിക്കണമെന്ന അപേക്ഷകളായിരുന്നു അവ. ''പിതാവേ, എൻെറ വേദനയ്ക്കു് ശമനം വരുത്തേ



Digitized by Kerala Sahitya Akademi

ണമേ''. ''പിതാവേ, ഞാനും അവിടത്തെ കൂടെ വരുകയാണ്''. ''ഇവിടെയുള്ള സമസ്തസൃഷ്ടരെ സേവിക്കുവാൻ അങ്ങയിൽനിന്ന് എനിക്ക് പരിശീലനം നേടണം'' എന്നു പറയുന്ന അഭ്യർത്ഥനകളും ഉണ്ടായിരുന്നു.

7-ാം തീയതി കാലത്ത്, ഭജനസമയത്ത് ബാബ നൂറിൽപരം ആളുകളെ പ്രത്യേക ശുശ്രൂഷയ്ക്കായി തിരഞ്ഞെടുത്തു. അവരിൽ ഭൂരിപക്ഷവും ചുററുമുള്ള ഗ്രാമപ്രദേശങ്ങളിൽനിന്നുവന്ന ആഫ്രിക്കക്കാരായിരുന്നു. അന്നു മദ്ധ്യാഹ്നം വരെയുള്ള സമയം ബാബ അവരെ പരിചരിക്കുവാൻവേണ്ടി ചെലവഴിച്ചു.

ബാബയ്ക്ക് വിശ്രമത്തിൻെറ ആവശ്യമില്ല. വിശ്രമിക്കാറുമില്ല. അതുകൊണ്ട് ആതുരശുശ്രൂഷ കഴിഞ്ഞ ഉടൻതന്നെ അദ്ദേഹം കാത്തുനിന്ന കുറെ ഡോക്ടർമാരുമായി സംഭാഷണത്തിൽ ഏർപ്പെട്ടു. വീണ്ടും ചോദ്യോത്തരങ്ങൾ നടന്നു. ''ലോകത്തിൽ ഇത്രവളരെ തിന്മയുള്ളതിൻെറ കാരണമെന്താണ്'' എന്ന ചോദ്യത്തിന് ബാബ ഇങ്ങനെ മറുപടി പറഞ്ഞു: ''ലോകത്തിൽ തിന്മയില്ല. മനസ്സാണ് തിന്മ കാണുന്നത്. ഇരുട്ടിന് സ്വന്തമായ അസ്തിത്വമില്ല. വെളിച്ചത്തിൻെറ അഭാവം മാത്രമാണത്. മധുരനാരങ്ങയുടെ തൊലി കയ്ക്കും, ആ കയ്പ്പ് അകത്തുള്ള മാധുര്യം ചോർന്നുപോകാതെ സംരക്ഷിക്കുന്നതിനും, മോഷ്ടിക്കപ്പെടാതിരിക്കുന്നതിനും വേണ്ടിയുള്ളതാണ്. മുൾച്ചെടി കൃഷിസ്ഥലത്തിനു ചുററും വേലികെട്ടുവാൻ ഉള്ളതാണ്.'' ആരോ ഒരാൾ ചോദിച്ചു: ''ദൈവം ഉണ്ടെങ്കിൽ, ഞങ്ങൾക്ക് ദൈവത്തെ കാണാൻ കഴിയാത്തത് എന്തുകൊണ്ടാണ്?'' ഉടനെ വന്ന പ്രത്യുത്തരം: ''ആരാണ് നിങ്ങൾ? നിങ്ങളിലെ ഞാൻ ആരെന്ന് നിങ്ങൾ കണ്ടുപിടിച്ചിട്ടുണ്ടോ?



Digitized by Kerala Sahitya Akademi

പിന്നെ എന്തിനാണു് നിങ്ങൾ ദൈവത്തെ കാണണമെന്നു പറയുന്നതു്? യഥാർത്ഥത്തിൽ നിങ്ങൾ തന്നെയാണു് ദൈവം അതു് മനസ്സിലാക്കുക. കർമ്മവും പ്രതികർമ്മവും ദൈവമാണു് മൂലവും പ്രതിബിംബവും. സ്ഥൂലവും സൂക്ഷ്മവും വസ്തുവും നിഴലും, ദൈവം തന്നെ, പ്രകൃതി ഈശ്വരൻെറ മൂടുപടമാണു്—മായ. ദൈവത്തിൻെറ തന്നെപ്പടി തരാത്ത പ്രതിഭാസം അങ്ങനെയുള്ള വസ്തുവിനെ കാണുന്നതെങ്ങനെ? നിങ്ങൾ ദൃഷ്ടികളെ ഉള്ളിലേയ്ക്കു തിരിക്കണം—പ്രത്യക്ഷവസ്തുക്കൾക്കു് എതിരേ, എന്നാൽ മാത്രമേ നിങ്ങൾക്കു് കാണുവാനുള്ള കഴിവു നൽകുന്ന ദ്രഷ്ടാവിനെ കാണുകയുള്ളൂ. ഇതു് പ്രയാസമുള്ള കൃത്യമാണു്. അതിനു് പല പടികളുണ്ടു്. പക്ഷേ ഓരോ പടിയും അടുത്തതിനെ എളുപ്പമുള്ളതാക്കുന്നു'' മറെറാരു ചോദ്യത്തിനു് മറുപടിയായി ബാബ പറഞ്ഞു. ''ആശ അല്ലെങ്കിൽ തൃഷ്ണയാണു് ലോകത്തിലെ ദുരിതത്തിൻെറ മുഖ്യകാരണം. ഓരോ മനുഷ്യനും അവൻെറ തൃഷ്ണകളെ പരിശോധിക്കുകയാണെങ്കിൽ കൈവശം ഉള്ളതിനേക്കാൾ എത്രയോ കുറച്ചു സാധനങ്ങൾകൊണ്ടു് അതിനെക്കാൾ സുഖമായി ജീവിക്കാൻ സാധിക്കുമെന്നും, തൻെറ വീടു് ഉപയോഗിക്കാൻ കഴിയാത്ത പാഴ്ചരക്കുകൾകൊണ്ടു് നിറയപ്പെട്ടിരിക്കുകയാണെന്നും മനസ്സിലാകും. സംഗമില്ലാതെ വസ്തുക്കളെ കാണുവാൻ പഠിക്കുക. ലളിതമായ ജീവിതം നയിക്കുക, പുറമെയുള്ള സാധനങ്ങളിൽ നിന്നല്ല. ഉള്ളിലുള്ള അമൃതധാരയിൽനിന്നു് ആനന്ദം നേടുക നിങ്ങൾ എല്ലാവർക്കും പ്രേമം നൽകുകയാണെങ്കിൽ, ഒരു മനുഷ്യനും നിങ്ങളെ വെറുക്കുകയോ, നിങ്ങളുടെ നേർക്കു് അസൂയഭാവിക്കുകയോ ചെയ്യുകയില്ല.



Digitized by Kerala Sahitya Akademi

അങ്ങനെ ചെയ്താൽ നിങ്ങൾ കൊതിക്കുന്ന ശാന്തി നിങ്ങൾക്ക് കൈവരിക്കാം.''

അസൂയ ഡോക്ടർമാരുടെയും അഭിഭാഷകരുടെയും തൊഴിൽ സംബന്ധമായ രോഗമാണെന്നും, അതിനെ അതിജീവിക്കുവാൻ ശ്രമിക്കണമെന്നും ബാബ അവരോട് ഉപദേശിച്ചു, ''മററുള്ളവർക്ക് സന്തോഷം ലഭിക്കുമ്പോഴും നല്ലപേരു കിട്ടുമ്പോഴും സന്തോഷിക്കണം'' എന്നു പറഞ്ഞു.

ശരീരത്തിന്ന് ഭക്ഷണം നൽകുന്നതുപോലെ മനസ്സിനും നൽകുക. കാലത്തെ കാപ്പിക്ക് ധ്യാനം, ഉച്ചയ്ക്ക് ഭജന, വൈകുന്നേരം ചായയ്ക്ക് മതഗ്രന്ഥ പാരായണം, രാത്രി ഭക്ഷണത്തിന് നാമസങ്കീർത്തനം അല്ലെങ്കിൽ നാമസ്മരണം'' എന്ന് ബാബ നിർദ്ദേശിച്ചു. പിന്നെ എല്ലാവർക്കും സ്വീകരിക്കാവുന്ന ഉപദേശത്തിനുവേണ്ടി ഡോക്ടർമാർ അഭ്യർത്ഥിച്ചപ്പോൾ ബാബപറഞ്ഞു: ''നിങ്ങൾ ഡോക്ടർമാരാണ്. നാലുപേർ വയററുവേദനയെന്നുപറഞ്ഞ് നിങ്ങളെ സമീപിച്ചാൽ നാലുപേർക്കും നിങ്ങൾ ഒരേ മരുന്ന് നിർദ്ദേശിക്കുമോ? ഇല്ല. ഒരാൾക്ക് സോഡാ ബൈക്കാർബണേററ് കൊടുക്കും. മററൊരാൾക്ക് വയറൊഴിയാനുള്ള ഉപ്പുകൊടുക്കും, മൂന്നാമത്തെ ആളിനോട് വയററിനു ചൂടുപിടിക്കാൻപറയും. നാലാമത്തെ ആളിനോട് അപ്പെൻഡിസൈററിസ്സിന് നിങ്ങൾ ഉടനെതന്നെ ശസ്ത്രക്രിയ നടത്തണം, എന്ന് ഉപദേശിക്കും. നിങ്ങൾക്ക് പതിവായി സ്വീകരിക്കാവുന്ന രണ്ടുകാര്യങ്ങളെപ്പററി പറയാം. ഒന്ന് സാധന, മററത് ബുദ്ധി വിചാരം. ഇവ വിരുദ്ധകാര്യങ്ങളല്ല, അന്യോന്യപൂരകങ്ങളാണ്. പ്രമേഹരോഗിക്ക് ഇൻസുലിനും



Digitized by Kerala Sahitya Akademi

ആഹാരപത്ഥ്യങ്ങളുംപോലെ. മറെറാരു കാര്യംകൂടി പറയട്ടെ. നിങ്ങരം എടുത്തിട്ടുള്ള പ്രതിജ്ഞകളെ നിങ്ങരം ആദരിക്കണം. വൈദ്യബിരുദം സ്വീകരിക്കുന്നതിനുമുമ്പ് നിങ്ങരംചൊല്ലാറുള്ള സത്യവാചകങ്ങളില്ലേ? അവ ദു:ഖത്തെയും വേദനയെയും എത്രത്തോളവും, എത്ര വേഗത്തിലും ശമിപ്പിക്കാമോ, അത്രത്തോളവും അത്ര വേഗത്തിലും ശമിപ്പിക്കുക ''

അന്നു വൈകിട്ടു് കമ്പാലയിലെ പൗരജനങ്ങളുടെ ആദ്യത്തെ പൊതുയോഗത്തിൽ ബാബ പ്രസംഗിച്ചു. നഗരമദ്ധ്യത്തിലുള്ള പട്ടിദാർ സൗധത്തിന്റെ വിശാലമായ വളപ്പിലാണു് യോഗം കൂടിയതു്. 6 മണിക്കാണു് സമ്മേളനസമയമെന്നു് പരസ്യം ചെയ്തിരുന്നെങ്കിലും 4 മണിക്കുതന്നെ അവിടെ ആളുകരം തിങ്ങിനിറഞ്ഞു. വളപ്പിന്റെ അതിർത്തിവരെ ആളുകരം ഞെരുങ്ങി ഇരിപ്പുറപ്പിച്ചു. റോഡിന്റെ ഇരുവശങ്ങളിലും കാറുകളും ബഹുദൂരം നിരന്നു. ബാബ യോഗസ്ഥലത്തേയ്ക്കു് വന്നപ്പോരം മുൻപിൽ ഫോട്ടോഗ്രാഫർമാരുടെ ഒരു സംഘം തന്നെ ഉണ്ടായിരുന്നു. പ്രസംഗവേദി ലളിതമായിട്ടാണു് അലങ്കരിച്ചിരുന്നതു്. വെളിച്ചവും അല്പം നിയന്ത്രിക്കുകയുണ്ടായി. ബാബയുടെ ഇരിപ്പിടത്തിനു പിന്നിൽ അദ്ദേഹത്തിന്റെ സർവ്വമതസമത്വത്തെയും അഖണ്ഡമായ ദൈവതത്വത്തെയും പ്രകീർത്തിക്കുന്ന പതാക മന്ദമന്ദം കറങ്ങിക്കൊണ്ടിരുന്നു. അതിന്റെ ഓരോ ചിഹ്നവും ക്രമത്തിൽ പ്രത്യക്ഷപ്പെട്ടു. ഹിന്ദുമതത്തിലെ ഓങ്കാരം, ക്രിസ്തുമതത്തിലെ കുരിശു്, ബുദ്ധമതത്തിലെ ധർമ്മചക്രം, ഇസ്ലാമിന്റെ ചന്ദ്രക്കലയും നക്ഷത്രവും, പാഴ്സിമതത്തിലെ അഗ്നിജ്വാല എന്നിവ ഒരേ സത്യത്തിന്റെ ഭിന്നരൂപാവിഷ്ക്കരണങ്ങരം. പക്ഷേ ബാബ പ്രസം



Digitized by Kerala Sahitya Akademi

ഗവേദിയിലേയ്ക്കുള്ള നീങ്ങിയത്. ഭജന നടന്നപ്പോൾ അദ്ദേഹം പുരുഷന്മാരുടെയും സ്ത്രീകളുടെയും പന്തികൾക്കിടയിലുള്ള നടപ്പാതയിലൂടെ മന്ദമന്ദം നടന്ന് ഭക്തജനങ്ങളെ അനുഗ്രഹിച്ചു. അങ്ങനെ ഇരുപതു മിനിട്ടുനേരം അദ്ദേഹം സദസ്യരുടെ ഹൃദയത്തിൽ, അടുത്തുനിന്ന് ആനന്ദം പരത്തി.

പിന്നീട് അദ്ദേഹം പ്രസംഗവേദിയിൽ കയറി. ഡോ: സി.ജി. പട്ടേൽ ഭക്തിയും കൃതജ്ഞതയും നിറഞ്ഞ ഏതാനും വാക്കുകളിൽ സ്വാഗതം പറഞ്ഞു. ബാബ ഒരു സംസ്കൃതശ്ലോകം കാവ്യഭംഗിയോടെ ചൊല്ലിക്കൊണ്ടാണ് പ്രസംഗം ആരംഭിച്ചത്. നിഷ്ക്കന്മഷമായ ഭക്തികൊണ്ടുമാത്രമേ മനുഷ്യന് ദുഃഖത്തിലും വേദനയിലും ലോഭത്തിലും ദോഷത്തിലും ജനനമരണങ്ങളിലുംനിന്ന് പൂർണ്ണമായ മോചനം ലഭിക്കുകയുള്ളു എന്നായിരുന്നു അതിന്റെ സാരം. അത്തരം ഭക്തി ശ്രേഷ്ഠമായ പ്രേമത്തിന്റെ മറെറാരു പേരു മാത്രമാകയാൽ പ്രേമത്തെയും, വ്യക്തിയുടെയും സമുദായത്തിന്റെയും മനുഷ്യരാശിയുടെയും പ്രയാസങ്ങളെ ദൂരീകരിക്കുവാൻ അതിനുള്ള ശക്തിയെയും, കുറിച്ചായിരുന്നു പ്രഭാഷണം. ഹൃദയം ദ്രവിപ്പിക്കുന്ന കീർത്തനാലാപത്തോടുകൂടിയാണ് അദ്ദേഹം പ്രഭാഷണം ഉപസംഹരിച്ചത്. നാല് മനോഹരമായ നാമാവലികൾ പൊന്മണിനാദംപോലെയുള്ള ആ സ്വരത്തിൽ ബാബ കീർത്തനം ചെയ്തു.

യോഗത്തിൽ എല്ലാ മതക്കാരും ഉണ്ടായിരുന്നതുകൊണ്ട് തന്റെ പ്രഭാഷണത്തിൽ രാമായണത്തെയും മഹാഭാരതത്തെയും ഭഗവദ്ഗീതയെയും കുറിച്ചുള്ള പരാമർശങ്ങൾ ഒഴിവാക്കേണ്ടിയിരുന്നു എന്ന് ബാബ പിന്നീട് പറയുകയുണ്ടായി. ഇന്ത്യയിൽ ഈ പുരാണകഥകൾ



Digitized by Kerala Sahitya Akademi

നല്ല ഉദാഹരണങ്ങൾ ഉദ്ധരിക്കുവാൻ ഉപകരിക്കും. എന്തെന്നാൽ എല്ലാവർക്കും പ്രധാനപ്പെട്ട കഥാപാത്രങ്ങളെയും അവയ്ക്കു ചുററുമുള്ള ഇതിവൃത്തങ്ങളെയും ഉപജാപങ്ങളെയുംകുറിച്ച് അറിയാം.'' ഇവിടെ, ഉഗണ്ടയിൽ നന്മയും തൃപ്തിയും നിറഞ്ഞ ദുഃഖവും ദുരിതവും ഇല്ലാത്ത, ജീവിതം നയിക്കുന്നതിനു് ആവശ്യമായ അടിസ്ഥാനോപാധികളെപ്പററിയാണു് ബാബ ഊന്നിപ്പറഞ്ഞതു്.

ജൂലായ് 8–ാം തീയതി ശ്രീ. മാധവാനി എന്ന ജിജയിലെ ഇന്ത്യൻ വ്യവസായ പ്രമുഖൻ ബാബയുടെ വാസസ്ഥലത്തു് വരുകയും അദ്ദേഹവുമായി ദീർഘനേരം സംഭാഷണം നടത്തുകയും ചെയ്തു. കുറേക്കഴിഞ്ഞു് വാർത്താവിതരണ പ്രക്ഷേപണവകുപ്പുമന്ത്രി ബഹുമാനപ്പെട്ട മി. ഒജിറ വന്നു. ശരീരാസ്വാസ്ഥ്യംമൂലം ബാബ കമ്പാലയിൽ എത്തിയപ്പോൾത്തന്നെ വരുവാൻ സാധിക്കാത്തതിൽ അദ്ദേഹം സങ്കടപ്പെട്ടു. ഉഗണ്ടാപാർലമെൻറിൻെറ സമ്മേളനം നടക്കുന്നതുകൊണ്ടു് തൻെറ പല സഹപ്രവർത്തകർക്കും ബാബയുടെ വാസസ്ഥലത്തുവന്നു് ആദരവു കാണിക്കാൻ സമയം കിട്ടുന്നില്ലെന്നു് അദ്ദേഹം പറഞ്ഞു. ഉഗണ്ടയിലെ മന്ത്രിമാർ ദേശഭക്തരും തങ്ങളുടെ മാതൃഭൂമിക്കു് പുരോഗതികൈവരുത്തുവാൻ ദൃഢനിശ്ചയം സ്വീകരിച്ചിരിക്കുന്നവരുമാണെന്നും, സ്വാതന്ത്ര്യം കിട്ടി ഒരു ദശവർഷത്തിനുള്ളിൽ രാജ്യത്തു് സന്തുഷ്ടിയും ഐശ്വര്യവും അനുഭവപ്പെടുന്നുണ്ടെന്നും അദ്ദേഹം തുടർന്നു. രാജ്യരക്ഷാവകുപ്പുമന്ത്രി ബഹുമാനപ്പെട്ട മി. ഒനാമയും അന്നു് തന്നെ ബാബയെ കണ്ടു. ദിവസവും കാലത്തു് 8 മണി മുതൽ 11 മണിവരെയുള്ള ജനയോഗങ്ങൾ, വിദ്യാർത്ഥികൾക്കും ഗ്രാമീണർക്കും ബാബയുടെ കാരുണ്യത്തെ ആഗിരണം ചെയ്യുന്നതിനും ദുഃഖങ്ങളെ ദൂരീകരിക്കുന്നതിനും



Digitized by Kerala Sahitya Akademi

പ്രത്യാശയെ ബലപ്പെടുത്തുന്നതിനും ഏററവും പററിയ അവസരം നൽകി. ബാബ അവരുടെ ഇടയ്ക്കു നടന്നു് ഏററവും പിന്നിലെ അററത്തു് ഇരിക്കുന്ന അവശന്മാരെപ്പോലും കണ്ടുപിടിച്ചു് ശുശ്രൂഷിക്കുന്നതിൽ ശ്രദ്ധിച്ചു. ഓരോ ദിവസവും കഴിഞ്ഞതോടെ ബാബയുടെ സേവനത്തെയും ശുശ്രൂഷയെയും കുറിച്ചുള്ള വാർത്ത രാജ്യത്താകമാനം പ്രചരിക്കുകയും ആൾക്കൂട്ടം അടിക്കടി വർദ്ധിക്കുകയും ചെയ്തു. ബാബയെ ഇതു കൂടുതൽ സന്തോഷിപ്പിച്ചതേയുള്ളു.

അന്നു വൈകിട്ടും പട്ടീദാർ കെട്ടിടവളപ്പിൽ ഒരു വലിയ പൊതുയോഗം നടന്നു. ബാബ അല്പം നേരത്തെ വന്നെത്തുകയും സദസ്യരുടെ ഇടയ്ക്കുപോയി അവർക്കു് സാന്ത്വനവും സന്തോഷവും നൽകുകയും ചെയ്തു. ഭജനഗാനങ്ങൾ ഹൃദയോത്തേജകങ്ങളും ബാബയുടെ കൃപാവർഷത്തിനുപററിയ അന്തരീക്ഷം സൃഷ്ടിക്കുന്നവയും ആയിരുന്നു. അതുകഴിഞ്ഞു് ബാബയുടെ പ്രസംഗം തുടങ്ങിയപ്പോൾ സ്വർഗ്ഗലോകത്തിൻെറ ഗോപുരദ്വാരം തുറക്കുന്നതുപോലെയുള്ള അനുഭവമുണ്ടായി. അദ്ദേഹം ചൊല്ലിയ കീർത്തനം സദസ്സിനെ കോൾമയിർക്കൊള്ളിച്ചു. ഈശ്വരനാമത്തിൻെറ മാധുര്യം ഭക്തൻെറ നാവിൽനിന്നു് മാറാതിരിക്കണമെന്നും, ഓരോ ഹൃദയവും അതിനെ ഒരു നിധിപോലെ സൂക്ഷിക്കണമെന്നും അദ്ദേഹം ഉപദേശിച്ചു. ''അതു് നിങ്ങളുടെകൂടെ എപ്പോഴുമുള്ള മിത്രമായിരിക്കട്ടെ. ജീവിതത്തിലെ അധികാരദണ്ഡും, കണ്ഠത്തിലെ ശ്വാസവും ഹൃദയത്തിൻെറ മിടിപ്പും അതായിരിക്കട്ടെ.'' ആ പ്രഭാഷണം ശ്രോതാക്കളുടെ ഏററവും ഉള്ളിലുള്ള പ്രവണതകളെ പ്രീണിപ്പിച്ചു എന്നു പറയേണ്ടിയിരിക്കുന്നു.



Digitized by Kerala Sahitya Akademi

താമസസ്ഥലത്തുവന്ന് ബാബ, താനും പ്രക്ഷേപണവകുപ്പുമന്ത്രിയും തമ്മിലുള്ള സന്ദർശനത്തിൻെറ ടെലിവിഷൻ ചിത്രം കണ്ടു. അതിൻെറ അവതാരകൻ ബാബയുടെ ആഗമനത്തിൻെറ അർത്ഥമഹത്വം ഗ്രഹിച്ചതുപോലെതോന്നി. അയാൾ പറഞ്ഞു, ഇന്നലെയും ഇന്നും അദ്ദേഹം കമ്പാലയിൽ വൻപിച്ച സമ്മേളനങ്ങളിൽ പ്രസംഗിച്ചു. രണ്ടു യോഗത്തിലും, എല്ലാ രാജ്യക്കാരും മതക്കാരും തമ്മിൽ സഹോദര്യവും സ്നേഹവും പുലർത്തേണ്ടതിൻെറ ആവശ്യകതയാണ് അദ്ദേഹം ഊന്നിപ്പറഞ്ഞത്.'' രാത്രിയിലെ ഭക്ഷണം കഴിഞ്ഞ് ബാബ ആഫ്രിക്കയിലെ വന്യജീവികളെക്കുറിച്ചുള്ള ഒരു സിനിമാ പ്രദർശനം കണ്ടു. സിംഹങ്ങളും, ആനക്കൂട്ടങ്ങളും, കാണ്ടാമൃഗങ്ങളും, ചീങ്കണ്ണികളും നിറഞ്ഞ ചിത്രങ്ങൾ.

ജൂലായ് 9—ാം തീയതി കാലത്തെ ഭജനയ്ക്കുശേഷം ബാബ നൈറോബി, ജിൻജ, എംബേൽ, ടൊറൊറൊ, നാകുരു, എൻഡോറെററ് എന്നിവിടങ്ങളിലും ഉഗണ്ടയിലും കെനിയയിലും ഉള്ള മററു സ്ഥലങ്ങളിലും നിന്നു വന്ന പ്രതിനിധിസംഘങ്ങളെ സ്വീകരിച്ചു. ബാബയുടെ സന്ദർശനം ജനിപ്പിച്ചിരിക്കുന്ന ഉത്സാഹവും ഭക്തിയും ഫലപ്രദമായ മാർഗ്ഗങ്ങളിലേക്ക് തിരിച്ച് ഉപദേശങ്ങൾ പ്രവൃത്തിയിൽ വരുത്തണമെന്ന് അവർ ആഗ്രഹിച്ചു. സേവനം എന്ന ആദർശം ഒരു സാധനയാണെന്ന് ബാബ അവരോട് പറഞ്ഞു.

മനഃശുദ്ധി നേടി, അഹന്തയെ ദൂരീകരിച്ച് അജ്ഞാനമാകുന്ന മൂടൽമഞ്ഞിനെ അകററുന്ന പ്രക്രിയയാണ് കർമ്മയോഗം എന്ന് ബാബ വിശദീകരിച്ചു, ഉഗണ്ട, കെനിയ ടാൻസാനിയ എന്നീ ആഫ്രിക്കൻ ദേശങ്ങളിൽ സത്യസായി സമിതികൾ സ്ഥാപിക്കു



Digitized by Kerala Sahitya Akademi

വാൻ നിശ്ചയിച്ചു. കമ്പാലയായിരിക്കണം ഇവയുടെ സിരാകേന്ദ്രം. കെനിയയിലെയും ടാൻസാനിയയിലെയും സമിതികൾക്ക് ഉഗണ്ടയിലെ സ്ഥാപനത്തിൻെറ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ഉപാദ്ധ്യക്ഷന്മാർ ഉണ്ടായിരിക്കണം. സായി സേവയുടെ ചില രൂപരേഖകൾ ബാബ നിർദ്ദേശിച്ചു. ഡോക്ടർമാരുടെ സൗജന്യവൈദ്യസഹായം, അഭിഭാഷകരുടെ സൗജന്യ നിയമസഹായം, ഭജനപരിശീലനം, പഠനസംഘങ്ങൾ, നിരക്ഷരരായ സ്ത്രീപുരുഷന്മാർക്കുവേണ്ടിയുള്ള ആതുരസേവനം, ആശുപത്രി സന്ദർശനം, തുടങ്ങിയവ. ആഫ്രിക്കക്കാരുടെ ഇടയ്ക്ക് സാമൂഹിക സേവനം വികസിപ്പിക്കേണ്ടതിൻെറ ആവശ്യകത ബാബ ചൂണ്ടിക്കാണിച്ചു. അതു് സ്നേഹത്തോടും ശ്രദ്ധയോടുംകൂടി നടത്തണമെന്നു് അദ്ദേഹം ഉപദേശിച്ചു. പ്രതിനിധി സംഘങ്ങൾക്ക് ബാബയുടെകൂടെനിന്നു് ഫോട്ടോ എടുക്കുവാനും അവസരം ലഭിച്ചു.

ഉച്ചയ്ക്കുശേഷം ബാബ ഒരു വലിയ സംഘം സാധകന്മാരുമായി സംഭാഷണം നടത്തി. പ്രായോഗിക പരിപാടികളിൽ പല കാര്യങ്ങളെക്കുറിച്ചും അവർക്ക് വിശദീകരണം ലഭിക്കേണ്ടിയിരുന്നു അവരിൽ ചിലരെ തനിച്ചു വിളിച്ചാണു് ബാബ ഉപദേശം കൊടുത്തതു്. പൊതുവേയുള്ള കാര്യങ്ങളെപ്പററി ബാബ ക്ഷമയോടെ, ലളിതമായ ഉദാഹരണങ്ങളും കഥകളും ഉദ്ധരിച്ചു് ഉത്തരം നൽകി. ഭജന തുടങ്ങുവാൻ സമയമായതുകൊണ്ടു് മനസ്സില്ലാമനസ്സോടെയാണു് അവർ പിരിഞ്ഞതു്. രാത്രി 8 മണിക്ക് ആഭ്യന്തരകാര്യമന്ത്രി ബഹുമാനപ്പെട്ട മി. ബററാറിംഗേ, ബാബയെ കാണുവാൻ വന്നു. ഈ അസുലഭമായ അവസരം ആരും കൈ



Digitized by Kerala Sahitya Akademi

വിടരുതെന്നു് ബാബയെ നേരത്തെ കണ്ട മററു മന്ത്രിമാർ പറഞ്ഞതനുസരിച്ചാണു് താൻ വന്നതെന്നു് അദ്ദേഹം പറഞ്ഞു. ബാബയുമായുള്ള സംഭാഷണത്തിനുശേഷം അതു് തനിക്കു് ഏററവും പ്രയോജനകരമായ ഒരനുഭവമാ യിരുന്നു എന്നും അദ്ദേഹം പ്രസ്താവിച്ചു.

## ഗുരു

ജൂലായ് 10 ഗുരു പൗർണ്ണമിയായിരുന്നു—സാധക ന്മർ ഗുരുപാദങ്ങളിൽ ആത്മസമർപ്പണം ചെയ്യുന്ന പുണ്യ ദിനം. സ്വന്തം ഗുരുവിനെ മാത്രമല്ല, പുരാണങ്ങളുടെയും ബ്രഹ്മസൂത്രത്തിൻെറയും കർത്താവായ വേദവ്യാസൻ മു തൽക്കു് ഇങ്ങോട്ടു് അദ്ധ്യാത്മവിദ്യയുടെ ആചാര്യന്മാ രായ എല്ലാ മഹാത്മാക്കളെയും അന്നു് ഭാരതീയർ പൂജി ക്കുന്നു. ഇന്ത്യയിലും വിദേശത്തുമുള്ള ലക്ഷക്കണക്കിനു് ആളുകൾക്കു് ബാബ ഗുരുവും ഉപദേഷ്ടാവും ആകയാൽ അദ്ദേഹത്തിൻെറ ഭൗതിക സാന്നിദ്ധ്യം ഈ പുണ്യദിന ത്തിൽ എല്ലാവരും കൊതിക്കുന്നതാണു്. അന്നുകാലത്തു് 10 മണിക്കു് ഭക്തജനങ്ങൾക്കു് ദർശനം നൽകിയശേഷം കമ്പാലയിൽനിന്നു പുറപ്പെട്ടു് വിമാനം വഴി രാത്രി 9. 45-നു് ബോംബെയിൽ എത്തണമെന്നും, അങ്ങനെ അവിടെയുള്ളവർക്കും അന്നുതന്നെ ദർശനം നൽകണമെന്നു മായിരുന്നു ബാബ ഉദ്ദേശിച്ചിരുന്നതു്. രണ്ടു ഭൂഖണ്ഡ ങ്ങളും ഗുരു പൗർണ്ണമിയിൽ സന്തോഷം പങ്കിട്ടു് അനുഭ വിക്കാൻ ഈ പരിപാടി സഹായിക്കുമായിരുന്നു. എ ന്നാൽ ആ ദിവസം മുഴുവനും ആഫ്രിക്കൻ ജനങ്ങൾക്കു നൽകുവാനും മററു രാജ്യങ്ങളിൽ തൻെറ സാന്നിദ്ധ്യത്തി ൻെറ അടയാളങ്ങൾമാത്രം കാണിക്കുവാനുമാണു് ബാബ



Digitized by Kerala Sahitya Akademi

ഒരുവിൽ നിശ്ചയിച്ചതു്. അന്നു് റോഡുകളെല്ലാം കൊടിതോരണാദികളാൽ അലങ്കരിക്കപ്പെട്ടു. കാലത്തു് കമ്പാലയിലെ ജനാവലി മുഴുവനുംതന്നെ ഭജനശാലയിലേയ്ക്കു് പ്രവഹിച്ചു. നേരം പ്രകാശമായതുപ്രകാരംത്തന്നെ ജിട്ട എന്ന ടാൻസാനിയൻ പാട്ടുകാരൻെറ നേതൃത്വത്തിൽ ഒരു ഗായകസംഘം ബാബയുടെ ചിത്രത്തിനു ചുററും കൂടിയിരുന്നു് ആരാധന തുടങ്ങി. ബാബ ഡോ: പട്ടേലിൻെറയും കുടുംബാംഗങ്ങളുടെയും, ഇന്ത്യയിൽനിന്നു് തൻെറകൂടെ വന്നിരുന്നവരുടെയും പ്രണാമങ്ങൾ സ്വീകരിച്ചശേഷം തന്നെ കാത്തിരിക്കുന്ന വൻപിച്ച ജനാവലിയുടെ നടുവിലേയ്ക്കു ചെന്നു. ആഫ്രിക്കക്കാരായ ഭക്തജനങ്ങൾ അദ്ദേഹത്തിൻെറ മുമ്പിൽ മുട്ടുകുത്തി റോസാപുഷ്പങ്ങളും ലില്ലിപ്പൂക്കളും ചേർത്തുണ്ടാക്കിയ മനോഹരമായ ജെണ്ടുകൾ അർപ്പിച്ചു. ഇന്ത്യാക്കാർ അദ്ദേഹം നടന്നുപോയ നിലത്തെ മണ്ണുതൊട്ടു് നിറുകയിൽ വെച്ചു. ഹൃദയം ദ്രവിപ്പിക്കുന്ന കാഴ്ചയായിരുന്നു അതു്. എനിക്കു് കണ്ണുനീർ അടക്കുവാൻ കഴിഞ്ഞില്ല. എൻെറ ആത്മനാഥനെ ലോകം ഇങ്ങനെ ആത്മാർത്ഥമായി പൂജിക്കുന്ന ഈ കാഴ്ചകണ്ടു് ഹൃദയോത്തേജനം നേടുവാൻ ഭാഗ്യം വന്നല്ലോ എന്നോർത്തുണ്ടായ സന്തോഷഭാരത്താൽ ഞാൻ കരഞ്ഞു. ''മനുഷ്യൻ എന്നെന്നും ആരാധിച്ചിട്ടുള്ള ഈശ്വരന്മാരെല്ലാം ഞാനാണു്'' എന്നാണല്ലോ അവിടുന്നു് പ്രഖ്യാപിച്ചിട്ടുള്ളതു്.

ദർശനം നൽകുവാൻതന്നെ ബാബയ്ക്കു് ഒരു മണിക്കൂറോളം വേണ്ടിവന്നു. യോഗസ്ഥലത്തിൻെറ അങ്ങേയററത്തെ കോണിലും മൂലയിലും അദ്ദേഹം ചെന്നെത്തി. വെയിലത്തു് ഇരിക്കുവാൻ ഇടയായവരെ തിരഞ്ഞുപിടിച്ചു് അനുഗ്രഹിച്ചു—അവർ നേരത്തെ വീട്ടിൽ



Digitized by Kerala Sahitya Akademi

പൊയ്ക്കൊള്ളട്ടെ, എന്നു കരുതി. എല്ലാവർക്കും അദ്ദേഹം ഗുരുകാരുണ്യത്തിന്റെ അടയാളമായ വിഭൂതി കൊടുത്തു. മധുരപലഹാരങ്ങളും വിതരണം ചെയ്തു. അതുപോലെയുള്ള ഹൃദയഗുണങ്ങൾ പുലർത്തണം എന്ന സൂചനയാണത്. 'ഉഗണ്ട ആർഗസ്' എന്ന ഇംഗ്ലീഷ് ദിനപ്പത്രം ബാബയെപ്പററി, അദ്ദേഹത്തിന്റെ ആ രാജ്യത്തെ പരിപാടികളുടെ ധാരാളം ചിത്രങ്ങളോടുകൂടിയ, ഒരു ലേഖനം വളരെ പ്രാധാന്യംകൊടുത്ത് അന്ന് പ്രസിദ്ധപ്പെടുത്തി. 'ശ്രീ. സത്യസായിബാബ പറയുന്നത് ലോകത്തിലെ എല്ലാ മതങ്ങളുടെയും അടിസ്ഥാനതത്വം ഒന്നുതന്നെ ആണെന്നാകുന്നു.' എന്നാണ് അതിൽ പറഞ്ഞത്.

ആരെയാണ് അന്ന് ബാബ ഉപദേശം കൊടുത്ത് അനുഗ്രഹിക്കാൻ പോകുന്നതെന്ന് ഞങ്ങൾ വിസ്മയിച്ചു. അദ്ദേഹം പ്രേമസ്വരൂപനാണല്ലോ. അതുകൊണ്ട് സന്നദ്ധഭടന്മാരായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ച്, ജനക്കൂട്ടത്തെ നിയന്ത്രിച്ച ഇരുനൂറോളം ആളുകളെയാണ് അദ്ദേഹം തിരഞ്ഞെടുത്തത്. അവരിൽ സ്ത്രീയും പുരുഷനും ബാലനും വൃദ്ധനും എല്ലാം ഉൾപ്പെട്ടിരുന്നു. ഉഗണ്ടയിലെ പോലീസുകാർ എല്ലാവരുടെയും ശ്രദ്ധയെ ആകർഷിച്ചു. അവർ സമർത്ഥരും ജോലിയിൽ ശ്രേഷ്ഠകാന്തയുള്ളവരുമാണ്. ബാബ അവരെ പ്രത്യേകം അനുഗ്രഹിച്ചു. വിശേഷിച്ചും, പൈലററ് കാറിലും സ്കൂട്ടറുകളിലും തന്നെ അനുഗമിച്ചവരെ.

പോലീസിന്റെ രക്ഷാനടപടികൾക്കും ഗതാഗതനിയന്ത്രണങ്ങൾക്കും വാളണ്ടിയർമാരുടെ സമർത്ഥസേവനം വലിയ സഹായമായിരുന്നു. അവർ ഈ ജോലി



Digitized by Kerala Sahitya Akademi

ക്കവേണ്ട പരിശീലനം ലഭിച്ചിട്ടില്ലാത്തവരായിരുന്നു. ഇത്ര വൻപിച്ച ജനക്കൂട്ടങ്ങളും അവർ കണ്ടിരുന്നില്ല. എന്നാലും കൃത്യബോധവും മുതിർന്നവരുടെ നേർക്കുള്ള ബഹുമാനവും സ്വന്തം സുഖങ്ങൾ വിഗണിക്കുവാനുള്ള ത്യാഗബുദ്ധിയും അവർക്ക് വശിഷ്ടമായ ഉപകരണങ്ങളായി ഭവിച്ചു. ഇന്ത്യയിൽ മടങ്ങിയെത്തിയശേഷം ജൂലായ് 15–ന് ബോംബെയിൽ നടന്ന സ്വീകരണയോഗത്തിൽ ഈ സേവനങ്ങളെ പ്രശംസിച്ച് ബോംബെ സത്യസായി സേവാദളത്തെ മൃദുവായി ശാസിച്ച് ബാബ സംസാരിക്കുകയുണ്ടായി. ബോംബെയിലുള്ളവർ ധാരാളം പൂർവ്വപരിചയം ലഭിച്ചിട്ടും ഉഗണ്ടയിലെ വാളണ്ടിയർമാരുടെ നിലവാരത്തിൽ എത്തിയില്ലെന്ന് അദ്ദേഹം പറഞ്ഞു.

ഡോ: പട്ടേലിൻെറ വസതിയിൽ സ്ത്രീകളും പുരുഷന്മാരും സമ്മേളിച്ചപ്പോൾ ബാബ അവരെ നോക്കി, എല്ലാവരുക്കും അൽഭുതം ജനിക്കുമാറു്, ചിലയാളുകൾ (അവരുടെ പേരുകളുംപറഞ്ഞു) ഇനിയും വന്നെത്താത്തത് എന്തുകൊണ്ടാണെന്നു ചോദിച്ചു. ബംഗ്ളാവിനു വെളിയിലും പന്തലിനകത്തും പട്ടിദാർകെട്ടിടത്തിലും ജോലി ചെയ്തിരുന്ന ആളുകളുടെ പേരുപോലും ബാബയ്ക്ക് അറിയാമെന്നു് ആരും കരുതിയിരുന്നില്ല. താൻ അവരോടാണു് അന്നു സംസാരിക്കാൻ പോകുന്നതെന്നു് അദ്ദേഹം പറഞ്ഞു. അവർ ആ പരിഗണന അർഹിച്ചിരിക്കുകയാണു്. പ്രഭാഷണത്തിനിടയ്ക്കു് സേവനത്തിനുള്ള സന്ദർഭങ്ങൾക്കുവേണ്ടി കാത്തുകൊണ്ടിരിക്കണമെന്നും, പരിശീലനവും സാധനയുംകൊണ്ടു് സമർത്ഥമായ സേവനത്തിനു് തയ്യാറായിരിക്കണമെന്നും ബാബ അവരെ ഉപദേശിച്ചു.



Digitized by Kerala Sahitya Akademi

അതു കഴിഞ്ഞ് അകത്തുപോയി അദ്ദേഹം പട്ടേൽ കുടുംബത്തോട് സംഭാഷണം തുടർന്നു. ' മനുഷ്യർ തീക്കല്ലുപോലെയാണ്. അതിൽ അഗ്നി അന്തർലീനമായിരിപ്പുണ്ട്. മററൊരു തീക്കല്ലുമായി കൂട്ടിമുട്ടുമ്പോൾ തീപ്പൊരിയുണ്ടായി വലിയ തീകൂട്ടുവാൻ സൗകര്യം ലഭിക്കുന്നു. രണ്ടാമത്തെ തീക്കല്ല് സാധാരണയായി എന്തെങ്കിലും അത്യാഹിതമോ നഷ്ടമോ ഇച്ഛാഭംഗമോ ആയിരിക്കും. ഇവ ബുദ്ധിയെ നിശിതമാക്കുകയും സത്യത്തെ വെളിപ്പെടുത്തുകയും ചെയ്യുന്നു. വിജയവും ഐശ്വര്യവും മനസ്സിനെ മരവിപ്പിച്ച് ബുദ്ധിയുടെ വായ്ത്തലയെ ചളുക്കിക്കളയും. പരാജയം അപഗ്രഥനത്തിന് പ്രേരണ നൽകും. അതുമൂലം അതിന്റെ മൂലകാരണംതന്നെ ദൂരീകരിക്കുവാൻ സാധിക്കുന്നു. അതുകൊണ്ട് പരാജയത്തെ പ്രയത്നത്തിനുള്ള പ്രചോദനമായിക്കരുതി സ്വാഗതംചെയ്യുക.'' എന്ന് അദ്ദേഹം ഉപദേശിച്ചു. നാമജപത്തിന്റെ വിശദാംശങ്ങൾ ബാബ വിസ്തരിച്ചു. ജപമാലകൾ നല്ലതാണെങ്കിലും ആദ്യകാലത്തുമാത്രമെ ഉപയോഗപ്പെടുകയുള്ളൂ. അതിന്റെ മണികൾ എണ്ണുന്നത് ഒരു യാന്ത്രികവൃത്തി ആയാൽ ശ്രദ്ധ പതറിപ്പോകും. ഇതു് സംഭവിച്ചാൽപ്പിന്നെ ജപമാലകൊണ്ട് ഒരു പ്രയോജനവുമില്ല. ജപമാല ഉപയോഗിക്കുന്നതുകൊണ്ട് ജപംതന്നെ ഒരു യാന്ത്രികവൃത്തി ആയാൽ അത് ഉപേക്ഷിക്കുകയാണ് നല്ലതു്. ഈശ്വരനെ എത്രപ്രാവശ്യം വിളിച്ചു എന്ന് എണ്ണം കണക്കാക്കുന്നതിന്റെ ആവശ്യമെന്തു്? എന്ന് ബാബ ചോദിച്ചു.

11-ാംതീയതി ഭജനസമയത്തു്, തലേന്നാൾ സ്വേപ്പൊതികൾ കിട്ടിയവർ അവ തുറന്നു നോക്കിയപ്പോൾ വിഭൂതി മാത്രമല്ല, ബാബയുടെ കൊച്ചു ചിത്രങ്ങളും ഉ



Digitized by Kerala Sahitya Akademi

ണ്ടെന്നുകണ്ട് ആഫ്രിക്കക്കാർ അൽഭുതപ്പെടുകയും ആന ന്ദിക്കുകയും ചെയ്തതായി പ്രസ്താവിച്ചു. തങ്ങളുടെ രക്ഷാ കവചങ്ങളായി സൂക്ഷിക്കുമെന്ന് അവർ പറഞ്ഞു. അ ങ്ങനെ അൽഭുതകരമായ രീതിയിൽ ചിത്രങ്ങൾ നിർമ്മി ച്ച ബാബയ്ക്ക് തങ്ങളെ ആപത്തിൽനിന്ന് രക്ഷിക്കു വാനും കഴിയുമെന്ന് അവർ ദൃഢമായി വിശ്വസിച്ചു. ബാബയുടെ ദിവ്യശക്തിക്ക് മറെറാരു തെളിവും അവി ടെയുണ്ടായി. മററു സ്ത്രീകളുടെകൂടെ തൻെറ ആയയും അ ഭിമുഖദർശനത്തിനുപോയി എന്നും, അവക്ക് സ്വാഹി ലിഭാഷമാത്രമേ അറിയാൻ പാടുള്ളു എന്നുകണ്ട് ബാബ അവളോട് ആ ഭാഷയിൽ സംസാരിച്ചു എന്നും ഒരു ഡോക്ടർ പ്രസ്താവിച്ചു. അന്നു വൈകുന്നേരം ബാബ ഡോ: പട്ടേലിൻെറ നഗരത്തിലുള്ള ശസ്ത്രക്രിയാമന്ദിര ത്തിൽപോയി അതിനെയും അവിടെയുള്ള ജോലിക്കാ രെയും വിഭൂതിസൃഷ്ടിച്ചു നൽകി അനുഗ്രഹിച്ചു. അവിടെ നിന്ന് അദ്ദേഹം ചില ഭക്തജനങ്ങളുടെ ഭവനങ്ങളിൽ പോയി. തികച്ചും സ്വകാര്യസന്ദർശനങ്ങളായിട്ടാണ് ഏർപ്പാടു ചെയ്തിരുന്നതെങ്കിലും ജനങ്ങൾ എങ്ങനെയോ അദ്ദേഹം വരുന്ന കാര്യം മനസ്സിലാക്കി അവിടെയെല്ലാം തിങ്ങിക്കൂടി ഭഗവാൻെറ ആനന്ദകരമായ ദർശനം തേടി.

12-ാംതീയതി നേരം വെളുക്കുന്നതിനു വളരെ മുമ്പു തന്നെ മർച്ചിസൺഫാൾസ് നാഷണൽ പാക്കിലേക്കു ള്ള യാത്രയ്ക്ക് ഒരുക്കങ്ങൾ ചെയ്യുകയും 6.30–ന് ബാബ യും അനുചരസംഘവും മൂന്നു കാറുകളിൽ പുറപ്പെടുകയും ചെയ്തു. കൂടെയുള്ളവരിൽ ഒരാൾ സമയത്തിന് എത്തി യില്ല. അയാൾക്ക് പനിപിടിച്ച് കിടപ്പായിപ്പോയി. ''ഇതാ, ഈ വിഭൂതി കൊടുക്കുക'' എന്നു പറഞ്ഞ് ബാബ കൈവീശി. അദ്ദേഹം സൃഷ്ടിച്ചുകൊടുത്ത



Digitized by Kerala Sahitya Akademi

വിഭൂതി കഴിച്ചപ്പോൾത്തന്നെ രോഗി എഴുന്നേററു് ഉടുപ്പു മാററി പുറപ്പെട്ടു. അയാളായിരുന്നു അന്നത്തെ പരിപാടികളിൽ ഏററവും ഉത്സാഹത്തോടെ പങ്കെടുത്തതു്. ബാബ കയറിയ കാറു് മുമ്പേപോയി. അതു് 130 മൈൽ അകലെയുള്ള മസിൻഡി എന്ന ചെറുപട്ടണത്തിൽ എത്തിയപ്പോൾ ബാബ പറഞ്ഞു. ''ഒരു കാറിനു് വഴിക്കു് കേടുവന്നിരിക്കുന്നു.'' അവിടെനിന്നു് 50 മൈൽ അകലെയുള്ള പാർക്കിൽ എത്തിയപ്പോൾ അദ്ദേഹം വീണ്ടും പറഞ്ഞു: ''അവർ മറെറാരു കാർ മസിൻഡിയിൽനിന്നു് കൂലിക്കെടുത്തിരിക്കുകയാണു്.'' ബാബ എല്ലാം കാണുകയും എല്ലാം അറിയുകയും ചെയ്യുന്നു. ഗീതയിൽ ഈശ്വരനെ വർണ്ണിച്ചിരിക്കുന്നതുപോലെ അദ്ദേഹത്തിനു് ''പ്രപഞ്ചം മുഴുവനും വ്യാപിക്കുന്ന കൈകാലുകളുണ്ടു്. എവിടെയും എല്ലാ സമയത്തും അദ്ദേഹത്തിനു് കണ്ണുകളും തലയും മുഖവുമുണ്ടു്'' വാസ്തവത്തിൽ അവരുടെ കാറിനു് കമ്പാലയിൽനിന്നു് 72 മൈൽ അകലെയുള്ള നകസൺഗോല എന്ന സ്ഥലത്തുവച്ചു് കേടുപററി. സംഭവം നടന്ന നിമിഷത്തിൽത്തന്നെ ബാബ അതറിഞ്ഞു. അതുപോലെ മസിൻഡിയിൽനിന്നു് മറെറാരു കാർ പിടിച്ചു എന്നു പറഞ്ഞതും യഥാർത്ഥത്തിൽ നടന്നതാണു്.

മസിൻഡിയിൽനിന്നു് 54 മൈൽ പിന്നിട്ടു് ഞങ്ങൾ മർച്ചിസൺ നാഷണൽ പാർക്കിൽ പ്രവേശിച്ചു. അതിന്റെ ഗേററിൽത്തന്നെ ''ആനകൾക്കു് വഴിമാറിക്കൊടുക്കണം'' എന്ന നോട്ടീസ് ഞങ്ങളെ സ്വാഗതം ചെയ്തു. ആനക്കൂട്ടങ്ങളെ കാണാമെന്നു് പ്രതീക്ഷ ഉണ്ടായെങ്കിലും ഞങ്ങളിൽ ചിലർക്കു് അല്പം പരിഭ്രമവും തോന്നി. വഴിക്കു് ആനക്കൂട്ടത്തെ കണ്ടുമുട്ടിയാൽ എന്തു



Digitized by Kerala Sahitya Akademi

ദൂരം അകന്നുനിൽക്കണമെന്നോ, എത്രനേരം കാത്തുനി ല്ക്കണമെന്നോ ഒന്നും ഞങ്ങൾക്ക് നിശ്ചയമില്ലായിരുന്നു. ഗേററിൽത്തന്നെ കറെ കാട്ടുപോത്തുകളെയും മാൻകൂട്ടങ്ങളെയും കണ്ടു. ഞങ്ങൾ നീലനദിയിലെത്തി കാറിലിരുന്നുതന്നെ യന്ത്രച്ചങ്ങാടങ്ങളിൽ മറുകരയിലെത്തി, അവിടെ പരാസഫാരി ലോഡ്ജിന്റെ സമീപത്ത് രണ്ട് വലിയ കൊമ്പനാനകൾക്ക് വഴിവിട്ടുകൊടുത്തു റോഡിനു കുറുകെപോയ ഒരു പിടിയാനയെയും അങ്ങനെ ബഹുമാനിക്കേണ്ടിവന്നു. അവ ശക്തിയും അക്ഷോഭ്യതയും വിവേകവുമുള്ള ജന്തുക്കളാണെന്നു തോന്നി. അവയെ വന്യജന്തുക്കളെന്നു വിളിക്കുന്നതു് തെററാണെന്നും തോന്നി. പക്ഷേ കാഴ്ചയിൽ തോന്നുന്നതുപോലെയല്ല അവയുടെ പെരുമാററം എന്ന് പരിചയമുള്ളവർ പറഞ്ഞുതന്നു. അങ്ങനെ ഞങ്ങൾ ആററുതീരത്തുള്ള വിശ്രമമന്ദിരത്തിലേക്കു പോവുകയും ഞങ്ങളെ കാരുണ്യപൂർവ്വം കാത്തിരുന്ന ബാബയുടെ കൂടെയെത്തുകയുംചെയ്തു.

അനന്തരം ഒരു മോട്ടോർ ബോട്ടിൽ കയറി മൂന്നു മണിക്കൂറോളം ഞങ്ങൾ നീലനദിയിൽ ചെലവഴിച്ചു. മുകളിലുള്ള ജലപാതത്തിൽനിന്ന് നദി അവിടെ, കുലങ്ങൾ നിറഞ്ഞ് കുതിച്ചുപായുകയാണ്. ആ ഭയങ്കരമായ ഒഴുക്കിനെതിരെയുള്ള ബോട്ടുയാത്ര അവിസ്മരണീയമായ ഒരനുഭവമായിരുന്നു. ഇരുവശങ്ങളിലും അകലെയുള്ള ധൂസരപ്രഭമായ പർവ്വതപംക്തികൾവരെ ശബളാഭമായ ദൃശ്യങ്ങൾ കാണാം. ബോട്ട് വെള്ളത്തിൽ കിടക്കുന്ന നീർക്കുതിരകളുടെ വളരെ അടുത്തുചെന്നു. ഭീമാകാരങ്ങളായ ആ ജന്തുക്കൾ വെള്ളത്തിൽ മുങ്ങി, കണ്ണുകളും നാസാദ്വാരങ്ങളും ചെവികളുംമാത്രം ജലനിരപ്പിനു മുകളിൽ കാട്ടിക്കൊണ്ട് അലസഭാവത്തിൽ കിടക്കുന്നതു കാണുവാൻ



Digitized by Kerala Sahitya Akademi

രസമുണ്ട്. നൂറ്റൂറെണ്ണമാണ്. വെള്ളത്തിൽ വളരെ വിസ്താരത്തിൽ ചെടികൾ തളിർത്തുനിൽക്കുകയാണെന്നു തോന്നും. ചിലതു് ഉരുണ്ടുതടിച്ച കഴുത്തു് വെള്ളത്തിനു മീതെനീട്ടി ഭയാനകമായി വാ പൊളിച്ചു മററു ചിലവ ചെളിക്കെട്ടായ കരയ്ക്കുകൂടി കുഞ്ഞുങ്ങളാൽ അനുഗതരായി നടക്കുന്നതുകണ്ടു. തൊലിപ്പുറത്തുള്ള ചുവന്ന സ്രവങ്ങൾ കണ്ടാൽ അവയെ വേവിച്ചെടുത്തതുപോലെ തോന്നും. പിന്നെ ചീങ്കണ്ണികൾ. എത്രയോ വർഷങ്ങൾക്കുമുമ്പ് ഇതേ സ്ഥലത്തുവച്ച് വിൻസ്റ്റൺചർച്ചിൽ ഇവയെ കാണുകയുണ്ടായി. ഒരു തടിയൻ ചീങ്കണ്ണി ഒരുപാറപ്പുറത്തു് വായും പൊളിച്ചു് വെയിലും കാഞ്ഞു് നിശ്ചലമായി കിടക്കുന്നതു് കണ്ടപ്പോൾ ചർച്ചിൽ അതിൻെറ നേർക്കു് വെടിവെച്ചു. ''അതിൻെറ ഫലം എന്തായി എന്നു് എനിക്കു് നിശ്ചയമില്ല. എന്തെന്നാൽ ചീങ്കണ്ണി, വേദനകൊണ്ടോ വിസ്മയംകൊണ്ടോ എന്നറിഞ്ഞുകൂടാ, ഒരു ചാട്ടം ചാടി, വെള്ളത്തിനടിയിൽ മറഞ്ഞു. പിന്നത്തെ വിസ്മയം എനിക്കായിരുന്നു. വെടിയുടെ ശബ്ദം കേട്ടപ്പോൾ നദീതീരം മുഴുവനും, കാൽമൈലെങ്കിലും ദൂരത്തിൽ, ബീഭത്സമായ രീതിയിൽ സജീവമായിത്തീർന്നു. എൻെറ കൂട്ടുകാരും ഞാനും പല പല ജാതിയിലും വലിപ്പത്തിലുമുള്ള അനേകശതം ചീങ്കണ്ണികൾ ഭ്രാന്തുപിടിച്ചതുപോലെ നീലനദിയിലേയ്ക്കു് ചാടുന്നതു കണ്ടു. ഈ ഇഴജന്തുക്കളിൽ ആയിരം എണ്ണത്തെയെങ്കിലും ആ ഒരൊററ വെടി ഇളക്കിവിട്ടിരിക്കണം.'' ഇപ്പോഴും ഇവ ആയിരക്കണക്കിനുണ്ട്. ചിലതിനു് 20 അടി നീളം വരും. വായും പിളർന്നു് നദീതീരത്തു് കിടന്നു് ഉറങ്ങുന്നതു കാണാം. വലിയ ചെതുമ്പലുകൊണ്ടു മൂടിയ ഒരു ഭീകരദൃശ്യമാണതു്. കൊഴുത്തുരുണ്ട മാംസപിണ്ഡങ്ങളായ നീർക്കുതിരകൾ അവയുടെ



Digitized by Kerala Sahitya Akademi

ഇടയ്ക്കു് പേടിയില്ലാതെ നടക്കുന്നു. അല്പം മുകളിലുള്ള സമതലത്തിൽ ഗജയൂഥങ്ങൾ ആനപ്പുല്ലു തിന്നുകൊണ്ടു് നില്ക്കുന്നതു കണ്ടു. ആററുതീരം മുഴുവനും പപ്പൈറസ് ചെടികൾ വളർന്നു നില്ക്കുകയാണു്. കടലാസ്സില്ലെങ്കിൽ ജോലി ചെയ്യാൻ നിവൃത്തിയില്ലാത്ത ഒരു എഴുത്തുകാരനായ എനിക്കു് ഈ ചെടി കാണുവാൻ കൗതുകം തോന്നി. ഈജിപ്ററുകാർ 4,000 വർഷങ്ങൾക്കു മുൻപു് അതിനെ പവിത്രമായി കരുതുകയും അതിൽ നിന്നു് കടലാസ്സു് ('പേപ്പർ') നിർമ്മിക്കുകയും ചെയ്തിരുന്നു. കഴൽ കണ്ണാടികളും ക്യാമറകളും അവിടെയുണ്ടായിരുന്ന ജന്തുവൃന്ദത്തിന്റെ നേർക്കു് നിരന്തരം ലക്ഷ്യീകൃതങ്ങളായി. ഏതോ യക്ഷി കഥയുടെ സജീവമായിതീർന്ന അന്തരീക്ഷത്തിലൂടെ കടന്നുപോകുന്നതുപോലെ തോന്നിപ്പോയി. വിശ്രമമന്ദിരത്തിൽ മടങ്ങിവന്നശേഷം, പാർക്കിലൂടെയുള്ള യാത്ര തുടന്നു് മറുകരയിലെത്തി. മർച്ചിസൺ ജലപാതത്തിലേക്കു് തള്ളിനിൽക്കുന്ന പാറകളിൽ ഞങ്ങൾ ചെന്നു ചേർന്നു. വഴിനീളെ വിശാലമായ സമതല പ്രദേശത്തു് പലയിടത്തും ആനക്കൂട്ടങ്ങളെ കാണുകയുണ്ടായി. കാട്ടുപന്നി, പന്നിപ്പുലി, ചിററാ എന്നീ ജന്തുക്കളെയും കണക്കററ ആൻറിലോപ്പ്, ഗറജൽ എന്നീ മൃഗങ്ങളെയും ഞങ്ങൾ കണ്ടു.

മർച്ചിസൺ ജലപാതം കണ്ടതു് അത്ഭുതകരമായ ഒരു അനുഭവമായിരുന്നു. പ്രകാശവും ശബ്ദവും, ക്ഷോഭവും സംഹാരശക്തിയും, ഭംഗിയും ഭീഷണിയും കലന്ന ഒരു പ്രതിഭാസം. അതിന്റെ ഭീതദമായ മുഴക്കം അനേകം മൈൽ അകലെ നിന്നുതന്നെ ഞങ്ങൾ കേട്ടു. പതിഞ്ഞമട്ടിലുള്ള മർമരം, ആദ്യം ഒരു കരച്ചിലായും പിന്നെ അടുത്തുചെല്ലുമ്പോൾ ഒരു അട്ടഹാസമായും മാറു



Digitized by Kerala Sahitya Akademi

ന്നു! വീതിയേറിയ നീലനദി അനേകം ചെറിയ വെള്ളച്ചാട്ടങ്ങളിലൂടെ ഓടിച്ചാടി. ചുഴലിയും മലരിയും നിറഞ്ഞു്, ഉറപ്പേറിയ പാറക്കെട്ടുകളുടെ ഒരു നീണ്ടകോണിപ്പടിയിലൂടെ കീഴോട്ടുമറിയുന്നു. വെള്ളച്ചാട്ടത്തിനു് അല്പം മുകളിലായി ശിലാനിർമ്മിതമായ നദീഭിത്തികൾ മുപ്പതടി ഇടുങ്ങി നിൽക്കുന്നു. ചർച്ചിൽ പറയുന്നതുപോലെ 'ഈ ഞെക്കി ഞെരുക്കുന്ന ഇടനാഴികയിലൂടെ, ഒരു പീച്ചാം കുഴലിന്റെ സുഷിരത്തിൽക്കൂടിയെന്നപോലെ, ഗംഭീരമായ ഈ വൻനദി, ഒററയടിക്കു് നൂററിയറുപതു് അടി ആഴത്തിലേക്കു് കുതിച്ചു ചാടുന്നു.' അതു് ആകർഷകമെന്നപോലെ സംഭ്രമജനകവുമായ ഒരു കാഴ്ചയാണു്. ചെവികൾക്കു് അസ്വാസ്ഥ്യജനകമായ മേഘനിർഘോഷവും. അതിൽനിന്നു തെറിക്കുന്ന നീർത്തുള്ളികൾ ഇടതൂർന്നു് മേലോട്ടുയരുമ്പോൾ ഉണ്ടാകുന്ന മേഘമാലയിൽ മഴവില്ലുകൾ തിളങ്ങുന്നതു കാണാം. അടിയിൽ കുതിച്ചുമറിഞ്ഞു് കറങ്ങിത്തിരിഞ്ഞുവരുന്ന നീർച്ചുഴികൾക്കുമീതെ അസംഖ്യങ്ങളായ പൊന്മയും, വിചിത്രങ്ങളായ മററു് പലതരം പക്ഷികളും ഇരതേടി പറന്നുകളിക്കുന്നു.

മഴകൊണ്ടു നനഞ്ഞ റോഡിലൂടെ പതുക്കെപ്പതുക്കെ സഞ്ചരിച്ചു് ജലപാതത്തിൽനിന്നു മടങ്ങിയ കാറുകൾ ഏതാനും സന്ദർഭങ്ങളിൽ ആനകൾ കടന്നുപോകുവാൻവേണ്ടി നീങ്ങാതെ നിൽക്കേണ്ടിവന്നു. അതികായനായ ഒരു കൊമ്പൻ ഞങ്ങൾക്കു നേരെ തിരിഞ്ഞു നിന്നപ്പോൾ കുറെക്കൂടി ഭീമാകാരനായി തോന്നി. അവൻ ത്രികോണാകൃതിയിലുള്ള ചെവികൾ നിവർത്തു്, തലയുയർത്തി വെളുത്തുതിളങ്ങുന്ന നീണ്ട ദന്തദ്വയം പ്രദശിപ്പിച്ചു. വരിവരിയായിനിന്ന കാറുകൾക്കുമുമ്പിൽ



Digitized by Kerala Sahitya Akademi

പത്തുവാരമാത്രം അകന്നു്, തന്റെ ഗജയൂഥത്തിന്റെ നേതൃസ്ഥാനത്താണു് അവൻ നിന്നതു്. ഞങ്ങൾ അവന്റെ 'ഗംഭീരമായൊരു ഭാവവും ഭംഗിയും' വേണ്ടുവോളം ആസ്വദിച്ചു എന്നു തോന്നിയപ്പോൾ അവൻ രാജസപ്രൗഢിയോടെ ഒരു വശത്തേക്കു് തിരിഞ്ഞു കാട്ടിൽ മറഞ്ഞു.

രാത്രി 9 മണിക്കു് മസിൻഡിയിൽ എത്തി. അവിടെനിന്നു ഭഗവാൻ 80 മൈൽ ദൂരെയുള്ള കിക്കൊണ്ട എന്ന ഗ്രാമത്തിലേക്കുപോയി. ആ ഗ്രാമത്തിൽ ഒരു സംഘം ഭക്തജനങ്ങൾ ഒരു ഭജനമന്ദിരം പണിഞ്ഞിട്ടുണ്ടായിരുന്നു. തനി ആഫ്റിക്കൻ മാതൃകയിൽ വൃത്താകൃതിയിൽ പുല്ലുമേഞ്ഞ ലളിതവും കലീനവുമായ ഒരു എടുപ്പാണതു്. തോട്ടത്തിലെ താമസക്കാർക്കും തൊഴിലാളികൾക്കും ബാബയെ ആരാധിക്കുവാൻവേണ്ടി നിർമ്മിച്ചതാണു്. ബാബ മന്ദിരത്തിനുള്ളിൽപോയി അവിടുത്തെ പ്രാർത്ഥനാ ശാലയിൽ കൂടിയിരുന്ന തൊഴിലാളികൾക്കു് വിഭൂതി സൃഷ്ടിച്ചുകൊടുത്തശേഷം അവരുടെകൂടെ ഇരുന്നു. തോട്ടം ഉടമസ്ഥൻ ആരാധിക്കുന്ന ദിവ്യപുരുഷൻ തങ്ങൾക്കാണു് ആദ്യം പ്രസാദം നൽകിയതെന്നുകണ്ടു്. ആ തൊഴിലാളികൾ അത്യധികം സന്തോഷിച്ചു. കിക്കൊണ്ടയിൽനിന്നു് പുറപ്പെട്ടു് രാത്രി 1 മണിക്കു് ബാബ കമ്പാലയിൽ എത്തിയപ്പോൾ, മംഗളാരതിക്കു മുമ്പായി ബാബ വന്നെത്തുമെന്നു് പ്രതീക്ഷിച്ചു് അനേകശതം ഭക്തജനങ്ങൾ ഭജനയിൽ മുഴുകി ഇരിക്കുന്നുണ്ടായിരുന്നു. ബാബ അവരുടെ പ്രാർത്ഥന അറിഞ്ഞു നേരേ അവരുടെ മദ്ധ്യത്തിലേക്കാണു് നടന്നുചെന്നതു്. ഭംഗിയായി അലങ്കരിച്ച ആരാധനാവേദി



Digitized by Kerala Sahitya Akademi

യിൽ അൽപനേരം ദർശനം നൽകി, മംഗളാരതിയും സ്വീകരിച്ചതിനുശേഷമേ ബാബ അകത്തുപോയുള്ളു.

കിക്കൊണ്ടയിൽനിന്നു് കമ്പാലയിലേക്കുള്ള യാത്രയിൽ ബാബ വനലോകത്തിൽനിന്നു പഠിക്കേണ്ട പാഠങ്ങളെപ്പററി സംസാരിച്ചു. അതേപ്പററി അദ്ദേഹം തന്നെ ഡോ: വി കെ ഗോകക്കിനു് എഴുതിയിട്ടുള്ളതുകൊണ്ടു് ആ കത്തിൽനിന്നു് ആ ഭാഗം ഉദ്ധരിക്കുകയാണു് ഉചിതം. ''പലതരം വന്യജന്തുക്കൾ സ്വതന്ത്രമായി ജീവിക്കുന്ന സ്ഥലങ്ങളിൽ ഞങ്ങൾ ചുററിനടന്നു. പലകകളും മരത്തൂണുകളും ഊന്നുകളും ചേർത്തു് മരത്തിനു മുകളിൽ നിർമ്മിച്ച ഏറുമാടത്തിലാണു് ഞങ്ങൾ ഒരു രാത്രി കഴിച്ചതു്. സിംഹം, പുലി, ചീററാ, സീബ്രാ, കാട്ടുപോത്തു്, ജിറാഫ്—എന്നു വേണ്ട എല്ലാ ജാതി വന്യമൃഗങ്ങളെയും ഞങ്ങൾ കണ്ടു അടുത്ത സഹകരണത്തിൽ കഴിയുന്ന ഈ കാട്ടുജന്തുക്കളെ കാണുമ്പോൾ, അന്യോന്യസഹായവും സ്നേഹംകലർന്ന സഹകരണവും കൈവിട്ട മനുഷ്യജാതിയെപ്പററി സഹതാപം തോന്നും. ഈ ജന്തുക്കൾ പരസ്പരം സ്നേഹിക്കുന്നു. അവ ഒരേ കുളത്തിൽ നിന്നു് വെള്ളം കുടിക്കുന്നു. ഒന്നിച്ചു് ഭക്ഷണം കഴിക്കുന്നു. ഒരു ജാതിയുടെ സഖാക്കളാണു് മറെറാരു ജാതി. ജന്മനാ ശത്രുക്കളെന്നു കരുതപ്പെടുന്ന മൃഗജാതികൾ പരസ്പരം മേലുരുമ്മുന്നതു് ഞങ്ങൾ കണ്ടു. സാമൂഹികവും ആദ്ധ്യാത്മികവുമായ ജീവിതചര്യയാൽ അവ മനുഷ്യനു് വിലയേറിയ പാഠം നൽകുകയാണെന്നു് എനിക്കു് തോന്നി. അവയിൽ ഓരോന്നിലും ഈശ്വരതത്വം വ്യക്തമായും ശുദ്ധമായും പ്രത്യക്ഷപ്പെട്ടു. അവയുടെ പ്രകൃതിയെയും ലക്ഷണങ്ങളെയും, സഹകരണശീലത്തെയുംകുറിച്ചു് തമ്മിൽ തമ്മിൽ വർണ്ണി



Digitized by Kerala Sahitya Akademi

ച്ചുപറഞ്ഞുകൊണ്ടാണ് ഞങ്ങൾ കമ്പാലയിലേയ്ക്ക് മടങ്ങിയത്.''

മനുഷ്യൻ ഒഴികെയുള്ള എല്ലാ ജന്തുക്കളും അവയുടെ സ്വധർമ്മത്തിൽ ഉറച്ചുനിൽക്കുകയാണെന്ന് ബാബ കൂടെക്കൂടെ പറയാറുണ്ട്. എത്രയോ യുഗങ്ങളായി സിംഹത്തിൻെറ പ്രകൃതിക്ക് മാററം വന്നിട്ടില്ല. പുലിയുടെ പുള്ളികളും മാറിയിട്ടില്ല. പക്ഷെ ദിവ്യപ്രകൃതിയായ മനുഷ്യൻ മനുഷ്യത്വംകൈവിട്ട് മൃഗീയതയിലേയ്ക്ക് മാറിയിരിക്കുന്നു. എന്നല്ല, അതിലും അധഃപതിച്ച് ഭീകരമായ പൈശാചികഗർത്തത്തെ പ്രാപിച്ചിരിക്കുന്നു. വന്യജീവിസംരക്ഷണകേന്ദ്രങ്ങൾ സന്ദർശിച്ച അവസരത്തിൽ, ഒരൊററ പക്ഷിയോ മൃഗമോ സ്വധർമ്മത്തിൽ നിന്നു വ്യതിചലിച്ച് പരധർമ്മം സ്വീകരിച്ചിട്ടില്ലെന്ന് ബാബ ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ച് ഞങ്ങളെ ബോദ്ധ്യപ്പെടുത്തി. മനുഷ്യൻ മാത്രമേ ലജ്ജാകരമായ ഈ പരിവർത്തനത്തിന് വിധേയനായിട്ടുള്ളു. മഹാചാര്യനായ ബാബയുടെ കൂടെ, വനദൃശ്യങ്ങൾ കണ്ടുകൊണ്ട് കാറിൽ സഞ്ചരിച്ചത് മനുഷ്യൻെറയും ജന്തുക്കളുടെയും പരിണാമരഹസ്യം മനസ്സിലാക്കുവാനുള്ള അസുലഭമായ അവസരമായിരുന്നു.

ജനസഞ്ചയത്തിൻെറ അഭ്യർത്ഥനയ്ക്കു വിധേയനായി ബാബ കമ്പാലയിലെ തൻെറ താമസം ദയാപൂർവ്വം ദീർഘിപ്പിക്കുകയുണ്ടായി. എങ്കിലും ആഫ്രിക്കയ്ക്കു് അദ്ദേഹത്തെ വിട്ടുപിരിയുവാൻ സമ്മതമില്ലായിരുന്നു. കൂടുതൽ പ്രാർത്ഥനയും, കൂടുതൽ ശക്തമായ പ്രാർത്ഥനയും, കൂടുതൽ ജനങ്ങളുടെ പ്രാർത്ഥനയും, കൊണ്ട് അദ്ദേഹത്തിൻെറ മടക്കയാത്ര വീണ്ടും നീട്ടാമെന്ന് അവിടത്തെ ജനങ്ങൾ പ്രത്യാശിച്ചു. ടാൻസാനിയയിലെ മവാൻസ, ഡാറെ



Digitized by Kerala Sahitya Akademi

സ്സ്സലാം, മൊംബാസ മുതലായ വിദൂരനഗരങ്ങളിൽ നിന്ന് പ്രതിനിധിസംഘങ്ങൾ പ്രത്യേക വിമാനങ്ങൾ ചാർട്ടർ ചെയ്തു, ഇന്ത്യയിലേയ്ക്കു മടങ്ങുന്നതിനുമുമ്പ് ബാബ തങ്ങളുടെ നാട്ട് സന്ദർശിക്കണമെന്ന്, അഭ്യർത്ഥിക്കുവാനായി വന്നു. ആത്മാർത്ഥതയുടെ ഈ പെരുവെള്ളപ്രവാഹത്തെ വിഗണിച്ച് നേരത്തെ നിശ്ചയിച്ചതുപോലെ യാത്ര പുറപ്പെട്ടുവാൻ ഒരു വ്യക്തിക്കും സാധിക്കുമായിരുന്നില്ല. പക്ഷേ ബാബ തന്റെ ഭൗതികസാന്നിദ്ധ്യം ദൃശ്യമാകുന്നിടത്തു മാത്രമല്ല എല്ലാ ദിക്കിലും സന്നിധാനം ചെയ്യുന്നു. എന്നുതന്നെയുമല്ല അദ്ദേഹത്തിന്ന് തന്റെ സാന്നിദ്ധ്യത്തിനുവേണ്ടി പ്രാർത്ഥിക്കുന്നവരെ പല തരത്തിലുള്ള സൂചനകളും അനിഷേദ്ധ്യമായ തെളിവുകളുംകൊണ്ട് സമാശ്വസിപ്പിക്കുവാനും കഴിയും. അങ്ങനെ, കമ്പാലയിലെ നഗരാദ്ധ്യക്ഷൻ (മേയർ) യാത്ര നീട്ടിവെയ്ക്കണമെന്ന് വളരെ നിർബ്ബന്ധിച്ചെങ്കിലും തനിക്കു പോകാതെ നിവൃത്തിയില്ലെന്നു ബാബ പറഞ്ഞു.

അദ്ദേഹം 14–ാം തീയതി കാലത്തു് മടങ്ങിപ്പോകും എന്ന വാർത്ത പരന്നതോടെ എല്ലാവർക്കും ദർശനം നേടുകയും ഭജനയിൽ പങ്കുകൊള്ളുകയും വേണമെന്ന ആവേശം പിടിപെട്ടു. 13–ന് നേരം വെളുക്കുന്നതിനു മുമ്പു തന്നെ ഡോ: പട്ടേലിന്റെ വസതിക്കുമുമ്പിൽ ആയിരക്കണക്കിന്ന് ആളുകൾകൂടി. സത്യസായി സേവാസമിതിയും അതിന്റെ മഹിളാവിഭാഗവും ഭജനപോലെയുള്ള പരിപാടികൾ നടത്തിയിരുന്ന ജിൻജ, എംബേൽ, കൾക്കിന, എംബറേർ, മസാക്ക, ഈംഗ്യ, കബേൽ തുടങ്ങിയ ഗ്രാമങ്ങളിൽനിന്നും ഭഗവാന്റെ ആഗമനത്തെപ്പററി അറിയുവാനിടയായ എത്രയോ ദിക്കുകളിൽനിന്നും ഹൃദയത്തിൽ ആസ്തിക്യബോധത്തിന്റെ കിരണമെങ്കി



Digitized by Kerala Sahitya Akademi

ലും ഏല്പുവാൻ ഇടയായിട്ടുള്ള ജനങ്ങൾ കമ്പാലയിലേ യ്ക്ക് ധൃതഗതിയിൽ യാത്ര തിരിച്ചു.

കാലത്തു് 8 മുതൽ 10 മണി വരെ ബാബ അനു ഗ്രഹവർഷം ചെയ്തുകൊണ്ടു് ജനങ്ങളുടെ ഇടയ്ക്കു നടന്നു. തങ്ങളുടെ കൂടെനിന്നു് ഫോട്ടോ എടുക്കുവാൻ അനുവദി ക്കണമെന്നു് അപേക്ഷിച്ചവർക്കുവേണ്ടി നിന്നുകൊടുത്തു. 25 സർവ്വകലാശാലാ വിദ്യാർത്ഥികളാണു് ഈ അനുവാദം ആദ്യമായി ഉപയോഗപ്പെടുത്തിയതു്. അവർ ബാബ യ്ക്കു് റോസാച്ചെണ്ടുകൾ സമർപ്പിക്കുകയും അദ്ദേഹ ത്തിൻെറ അടുത്തു നിൽക്കുവാൻ തിരക്കു കൂട്ടുകയുംചെയ്തു. ചിലർ ഇന്ത്യൻ രീതിയിൽ കൈകൂപ്പി. ചിലർ മുട്ടുകു ത്തി വന്ദിച്ചു. ആ രംഗം കണ്ടവർ ആനന്ദബാഷ്പം പൊഴിച്ചു. താൻ അടുത്തുതന്നെ എല്ലാ രാജ്യക്കാരെയും തൻെറ സാർവ്വലൗകികവും ലോകത്തെ ഏകീകരിക്കുന്ന തുമായ പ്രേമത്തിൽ ആവരണം ചെയ്യുമെന്നു് ബാബ ബോംബെയിൽവെച്ചു് ചെയ്ത പ്രഖ്യാപനം അവർ ആ സന്ദർഭത്തിൽ അനുസ്മരിച്ചു. ബാബ വാത്സല്യപൂർവ്വം പുറത്തു തട്ടിയപ്പോൾ ആ യുവജനങ്ങളിൽ പലരും ധാര ധാരയായി കണ്ണീരൊഴുക്കി. അവർ ചോദിച്ചു: ''എ ന്നാണു് അങ്ങു് ഇനിയും വരുന്നതു്?'' ഓരോരോ സ്ഥ നങ്ങളിൽ ജോലിക്കു നിർത്തിയിരുന്ന പോലീസുകാർ പോലും ധൈര്യം അവലംബിച്ചു് കണ്ണുനീർ അടക്കു വാൻ ശ്രമിക്കുന്നതു കണ്ടു. ആറടി പൊക്കമുള്ള ആജാനു ബാഹുക്കളായ ആ പോലീസ് ഭടന്മാർ ബാബ വിമാന ത്തിൽ കയറിയപ്പോൾ കണ്ണുനീർ തുടയ്ക്കുന്നതുകണ്ടു് എനിക്കു് ഗദ്ഗദമുണ്ടായി, എൻെറ ഹൃദയതന്ത്രികൾ പൊട്ടുന്നതുപോലെ തോന്നി.



Digitized by Kerala Sahitya Akademi

വൈകുന്നേരത്തെ ഭജനയ്ക്കും വലിയ ആൾത്തിരക്കുണ്ടായിരുന്നു. അനേകം മണിക്കൂറുകൾ ദർശനം നൽകുന്നതിന്ന് വ നിയോഗിച്ചു. രോഗാതുരന്മാരായവരിൽ പലർക്കും ആ ദിവ്യഹസ്തങ്ങളിൽനിന്ന് വിഭൂതി ലഭിച്ചു എത്രയോ പേരെ പുറത്തു തട്ടിയും തലയിൽ തൊട്ടും അനുഗ്രഹിച്ചു.

## ജൂലായ് 14-ാം തീയതി സമാഗതമായി

ഈസ്റ്റാഫ്രിക്കൻ എയർ ലൈൻസ്‌വക ഫ്രെൻഡ്ഷിപ്പ് വിമാനത്തിൽ എൻറബ്ബെ താവളത്തിൽനിന്ന് നൈറോബിയിലേയ്ക്കും, അവിടെനിന്ന് എയർ ഇന്ത്യയുടെ ബോയിങ്ങ് വിമാനത്തിലുമാണ് ബാബയുടെ മടക്കയാത്ര ഏർപ്പാടു ചെയ്തിരുന്നത്. കാലത്ത് 11 മണിക്ക് എൻറബ്ബെയിൽനിന്നു പുറപ്പെടുവാനായിരുന്നു പരിപാടി. കമ്പാലയിൽനിന്ന് 21 മൈൽ അകലെയുള്ള വിമാനത്താവളത്തിലേക്ക് സൈക്കിളിലും സ്കൂട്ടറിലും കാറിലും ബസ്സിലും ആയിരക്കണക്കിന്ന് ആളുകൾ യാത്ര തിരിച്ചു. ഒരു ദർശനംകൂടി ലഭിക്കുന്നതിനുള്ള വ്യഗ്രത അവരിൽ പ്രകടമായിരുന്നു. ബാബ എത്രത്തോളം ഉഗണ്ടയുടെ ഹൃദയത്തെ വശീകരിച്ചിരിക്കുന്നു എന്ന് ഞാൻ ഓർത്തുപോയി. ആ രാജ്യത്തിൻെറ ദേശീയ ചിഹ്നത്തിൽ കാണുന്ന വാക്യം ''ഈശ്വരനും എൻെറ രാജ്യത്തിനും വേണ്ടി'' എന്നാണ്. ആത്മാവിൻെറ ആഹ്വാനത്തിനും ഈശ്വരൻെറ അരുളപ്പാടിനും ആ രാജ്യത്തെ ജനങ്ങൾ എന്തുമാത്രം വിധേയരാണെന്നാണ് ഇതു് തെളിയിക്കുന്നതു്.



Digitized by Kerala Sahitya Akademi

ആഫ്രിക്കക്കാരും ഇന്ത്യക്കാരുമായ ജനാവലി ഈശ്വരന്റെ മഹത്വത്തെ കീർത്തിച്ചുകൊണ്ട് ഉയർത്തിയ മധുരശബ്ദം റോഡുനീളെ. മുഴങ്ങി ബാഷ്പപ്രവാഹത്താൽ ജനങ്ങൾക്ക് മുമ്പിൽകൂടി പോകുന്ന കാറുകൾപോലും കാണാൻ കഴിവില്ലാതായി. ബാബ ആവമ്പിച്ച ജനക്കൂട്ടത്തെ അഭയഹസ്തം കാണിച്ച് അനുഗ്രഹിച്ചു. കാറിൽ കയറുവാൻ തുടങ്ങിയ സന്ദർഭത്തിൽ ഒരു ഭക്തൻ തന്റെ മകൾക്ക് അയച്ചുകൊടുക്കുന്നതിന്, ബാബയെപ്പററിയുള്ള ഒരു പുസ്തകം എടുത്തുകാണിച്ച് അതിൽ അദ്ദേഹത്തിന്റെ കയ്യൊപ്പു നൽകണമെന്ന് അഭ്യർത്ഥിച്ചു. ബാബ അതിന്റെ ആദ്യത്തെ പുറത്ത് 'നല്ലതു ചെയ്യുക; നല്ലതായിരിക്കുക; നല്ലതു ചിന്തിക്കുക' എന്നും, 'അനുഗ്രഹത്തോടെ, ബാബ' എന്നും എഴുതിക്കൊടുത്തു. അദ്ദേഹം പ്രേമമല്ലാതെ മറെറന്താണ്. പ്രേമം, പ്രേമം, പ്രേമം. നിത്യമുക്തമായ, നിറവേറിയ, പ്രേമം.

വിമാനം പുറപ്പെടാറായപ്പോൾ അതിന്റെ ഒരു ചക്രത്തിന് കേടുണ്ടെന്നു കണ്ടുപിടിക്കുകയും, അററകുററം തീർക്കുന്നതുവരെ യാത്രക്കാർ താഴെ ഇറങ്ങുകയുംചെയ്തു. ഉഗണ്ടക്കാർക്ക് ഇതുമൂലം രണ്ടുമണിക്കൂർ നേരത്തെ ആനന്ദംകൂടി ലഭിച്ചു. ഈ ഭാഗ്യം തങ്ങൾക്ക കിട്ടുമെന്നാണ് നൈറോബിയിലെ ജനങ്ങൾ ആശിച്ചിരുന്നത്. അവർ ആ സമയത്തേയ്ക്ക്, ബാബ ആദ്യം വന്നിറങ്ങിയപ്പോഴത്തെപ്പോലെ ഒരു പൊതുയോഗവും നിശ്ചയിച്ചിരുന്നു. യാത്രയ്ക്കു താമസം നേരിട്ടപ്പോൾ ബാബ എന്റബെച്ച താവളത്തിലെ,വിശിഷ്ടാതിഥികൾക്കുള്ളവിശ്രമമുറിയിലിരുന്ന്, അമേരിക്കയിൽനിന്ന് തന്റെ കൂടെ വന്നിരുന്ന ബോബ് റെയ്മർമായി സംസാരിച്ചു. തന്നെ കാണുവാൻ കൊതിച്ച മററുപലരെയും സ്വീകരിക്കുകയുംചെയ്തു.



Digitized by Kerala Sahitya Akademi

വിമാനം ഉച്ചയ്ക്കു് 1 മണിക്കു് എൻറബ്ബെയിൽ നിന്നു പുറപ്പെട്ടു് 2.30—നു് നൈറോബിയിൽ എത്തി. 1 മണി മുതൽക്കേ മട്ടുപ്പാവിൽ ധാരാളം ആളുകൾ സ്ഥാനം പിടിച്ചിട്ടുണ്ടായിരുന്നു. പക്ഷെ ബോംബെയ്ക്കുള്ള ബോയിങ്ങ് വിമാനം യാത്രക്കാരേയും കയററി വളരെ നേരമായി കാത്തുനിന്നിരുന്നതുകൊണ്ടു് ബാബ ഉടനെ തന്നെ അതിൽ കയറണമെന്നു് നിർബന്ധിച്ചു. അദ്ദേഹം ജയ്, ജയ് എന്ന ഹർഷാരവം മുഴക്കുന്ന ജനങ്ങളെ നോക്കി കൈവീശിക്കൊണ്ടു് അതിലേക്കുമാറി. നൈറോബിയിലെ സത്യസായി സേവാസമിതി അദ്ധ്യക്ഷനും മററു് ഏതാനും ആളുകൾക്കും മാത്രമേ ആ സമയത്തു് വിമാനത്തിൻെറ അടുത്തു് എത്തുവാനും ബാബയുടെ കഴുത്തിൽ ഒരു ഹാരമിട്ടു് പാദനമസ്ക്കാരം ചെയ്യാനും സാധിച്ചുള്ളൂ. വിമാനം സോമാലിയാ—എത്തിയോപ്പിയാ വഴി ചെങ്കടലിലേക്കു് പറന്നു് വൈകുന്നേരം 5.15—നു് (കമ്പാലാസമയം) ഏഡനിൽ എത്തി. 1950 മൈൽ അകലെയുള്ള ബോംബെയിൽ അപ്പോൾ വൈകുന്നേരം 9.55 ആയിട്ടുണ്ടാവും, വിമാനം ഏഡനിൽ ഇറങ്ങിയപ്പോൾ ബാബയും കൂടെയുള്ളവരും അതിൽ തന്നെ ഇരുന്നതേയുള്ളു. അവിടത്തെ ഭക്തജനങ്ങളിൽ പെട്ട ഒരു നല്ലസംഘം ആളുകൾ വിമാനത്തിനകത്തു് കടന്നുവന്നു. ബാബ അവരെ പുഞ്ചിരിയോടെ സ്വീകരിച്ചു. അതുകണ്ടു് ആത്മവിശ്വാസവും ധൈര്യവും അവലംബിച്ച് അവർ അദ്ദേഹത്തിൻെറ പാദത്തിൽ തൊട്ടു വന്ദിച്ചു. ബാബ അവർക്കെല്ലാം വിഭൂതി കൊടുത്തു. ഏററവും യാദൃച്ഛികമായിട്ടാണു് ബാബ വിമാനത്തിലുണ്ടെന്നു് അവർ അറിഞ്ഞതു്. ഇത്ര എളുപ്പത്തിൽ ബാബയുടെ അടുത്തു ചെല്ലുവാൻ സാധിച്ചതോർത്തു് അവർക്കു് അവാച്യമായ ആനന്ദമുണ്ടായി.



Digitized by Kerala Sahitya Akademi

തിരക്കില്ലാതെ കിട്ടിയ ആ വിശ്രമാവസരം വിമാനത്തിലെ ജോലിക്കാർ ബാബയുടെ പ്രസാദം നേടുന്നതിന് പ്രയോജനപ്പെടുത്തി. അവരിൽ ഒരാറം ബാബയുടെ പ്രഭാഷണം കേട്ടിട്ടുണ്ടെന്നും, മററൊരാറം ബോംബെയിലെ ഒരു ഭവനത്തിലെ പൂജാമുറിയിൽ വെച്ചിട്ടുള്ള ബാബയുടെ ചിത്രത്തിൽനിന്നു് വിഭൂതി വീഴുന്നതു് കണ്ടിട്ടുണ്ടെന്നും അറിയുവാൻ ഇടയായി. ഇങ്ങനെ യാദൃച്ഛികമായ പ്രസാദലബ്ധി ചില യാത്രക്കാക്കും ഉണ്ടായി. അവരിൽ ഒരാറം ബാബയോടു് തന്നെ അനുഗ്രഹിക്കണമെന്നു് ആത്മാർത്ഥമായി പ്രാർത്ഥിച്ചു: ''കമ്പാലയിൽവെച്ചു് എത്രയോ ദിവസം അങ്ങയുടെ ശ്രദ്ധയെ ആകർഷിക്കുവാൻ ഞാൻ പരിശ്രമിച്ചു. സാധിച്ചില്ല. ഇപ്പോറം ഞാൻ സന്തുഷ്ടനായി. ഞാൻ ഇതേ വിമാനത്തിൽ സഞ്ചരിക്കുന്നു. ഞാൻ അവിടത്തെ അനുഗ്രഹങ്ങറംക്കായി താണുവീണു് അപേക്ഷിക്കുന്നു.'' ഈ അപേക്ഷ ബാബ സ്വീകരിച്ചു. അങ്ങനെ ഭൂതലത്തിൽനിന്നു് എത്രയോ ഉയരെവെച്ചു് അയാറംക്കും അനുഗ്രഹം ലഭിച്ചു.

രാത്രി 12.45–നാണു് ആ വിമാനം സാന്താക്രൂസിൽ ഇറങ്ങിയതു്. അസമയമായിരുന്നെങ്കിലും ആയിരക്കണക്കിനു് ആളുകറം ബാബയെ കാത്തുനിൽക്കുന്നുണ്ടായിരുന്നു. ജയാരവങ്ങറം ആകാശത്തിൽ മുഴങ്ങി. പ്രശാന്തിവിദ്വന്മഹാസഭയുടെ അദ്ധ്യക്ഷൻെറയും ബോംബെ സത്യസായി സേവാസമിതിയുടെ തലവൻെറയും കൂടെ ബാബ ധർമ്മക്ഷേത്രത്തിലേക്കു് പോയി. കടലിനു് അപ്പുറത്തുള്ള സഹോദരീസഹോദരന്മാരെ സമാശ്വസിപ്പിക്കുകയും സാന്ത്വനപ്പെടുത്തുകയും, ഉപദേശിക്കുകയും ചെയ്തുകൊണ്ടു് രണ്ടാഴ്ചക്കാലത്തെ ശുശ്രൂഷ നടത്തി



Digitized by Kerala Sahitya Akademi

യശേഷം ബാബ തിരിച്ചെത്തിയതിൽ ഇന്ത്യ ഒട്ടുക്കുള്ള ഭക്തജനങ്ങൾ അഭിമാനിക്കുകയും കൃതാർത്ഥരാവുകയും ചെയ്തു.

ജൂലായ് 15-ന് സത്യധർമ്മശാന്തിപ്രേമസ്വരൂപനായി ലോകസംഗ്രഹത്തിന് യത്നിക്കുന്ന അവതാരപുരുഷനെ അഭിനന്ദിക്കുന്നതിനായി ഇരുപതിനായിരത്തോളം ജനങ്ങൾ ധർമ്മക്ഷേത്രത്തിൽ സമ്മേളിച്ചു. ഭാരതീയ വിദ്യാഭവന്റെ സ്ഥാപകനും ഇന്ത്യൻ സംസ്ക്കാരത്തിന്റെ സാരസർവ്വസ്വം പ്രചരിപ്പിക്കുന്നതിനായി ആത്മസമർപ്പണം ചെയ്തിരിക്കുന്ന ദേഹവുമായ ഡോ: കെ. എം. മുൻഷി യോഗത്തിൽ അദ്ധ്യക്ഷം വഹിച്ചു. മതത്തിലും ഈശ്വരനിലുമുള്ള വിശ്വാസം അതിശീഘ്രം ക്ഷയിക്കുന്നതുകണ്ട്, സംസ്ക്കാരത്തിന്റെ ഈ രണ്ട് അവലംബങ്ങളും നമുക്ക് ലഭ്യമല്ലാതെ വരുമെന്നു ചിന്തിച്ച് താൻ ഏറെനാളായി വിഷാദത്തിൽ മുഴുകിയിരിക്കുകയായിരുന്നു എന്ന് അദ്ദേഹം പറഞ്ഞു. എന്നാൽ ഭഗവാൻ ശ്രീ സത്യസായി ബാബ നമുക്ക് അത്യാവശ്യമായിരിക്കുന്ന സാന്മാർഗ്ഗികവും ആദ്ധ്യാത്മികവുമായ പുനരുദ്ധാരണം കൈവരുത്തുന്നതു കണ്ട് അത്യധികമായ ആനന്ദം തോന്നുന്നു. ആദ്ധ്യാത്മികമായ ഉന്നമനത്തിൽ കൂടി മാത്രമെ ഇന്ത്യക്കു നിലനില്ക്കുവാൻ സാധിക്കുകയുള്ളു. ബാബ ഈ മഹൽകൃത്യത്തിനുതന്നെയാണ് വന്നിരിക്കുന്നത് എന്ന് കാണുന്നതിൽ തനിക്ക് എന്തെന്നില്ലാത്ത സന്തോഷമുണ്ട്. അദ്ദേഹം ഭാരതത്തെ വീണ്ടും ഭാരതമായി ജീവിപ്പിക്കും. ഈ വിവിശിഷ്ടകർമ്മത്തിലൂടെ അദ്ദേഹം ലോകത്തിൽ ആസ്തിക്യവും മതവിശ്വാസവും പ്രചരിപ്പിക്കും. ഞാൻ അദ്ദേഹത്തിന് എന്റെ പ്രണാമങ്ങൾ അർപ്പിക്കുന്നു.' എന്നാ



Digitized by Kerala Sahitya Akademi

ണ് അദ്ദേഹം പ്രസ്താവിച്ചതു്. മററുള്ളവരോടൊപ്പം അദ്ദേഹം ഈസ്ററാഫ്രിക്കക്കാരെ അവർക്കു് കിട്ടിയ സൗഭാഗ്യത്തിൽ അനുമോദിച്ചു.

തൻെറ പ്രഭാഷണത്തിൽ ബാബ ഈസ്ററാഫ്റിക്കൻ സന്ദർശനത്തെപ്പററി വിസ്തരിച്ചു. അദ്ദേഹം പറഞ്ഞു: ''നിത്യവും പരാൽപരവുമായ സത്തയ്ക്കു്, പരമാത്മതത്വത്തിനു്, ഈ പ്രപഞ്ചം ഒരു ആവാസഹർമ്മ്യമാകുന്നു. ഒരു ഭൂഖണ്ഡത്തിൽനിന്നു് മറെറാന്നിലേക്കു പോകുന്നതു് ഗൃഹനാഥൻ ഒരു മുറിയിയിൽനിന്നു മറെറാന്നിലേക്കു് നീങ്ങുന്നതുപോലെ മാത്രമേയുള്ളു. അടുത്ത മുറിയിലേക്കുള്ള ഈ പോക്കു് ഒരു പുതിയ വീട്ടിലേക്കു് താമസം മാറുന്നതുപോലെ നിങ്ങൾ കരുതുന്നതിൽ ഞാൻ വിസ്മയിക്കുന്നു. ഞാൻ ഒരു രാജ്യത്തും ഒരു വിദേശി അല്ല. ഭൂമിയിലെ എല്ലാ സ്ഥലത്തും ഞാൻ തന്നാട്ടുകാരനാണു്.'' തൻെറ പ്രേമസന്ദേശത്തിനു് ജനങ്ങളിലും അവരുടെ നേതാക്കന്മാരിലും നിന്നു ലഭിച്ച ഉൽസാഹപൂർണ്ണമായ പ്രതികരണത്തെപ്പററി അദ്ദേഹം പ്രസ്താവിച്ചു. എല്ലാ ജീവികളുടെയും ഈശ്വരാത്മകതയെപ്പററിയുള്ള ഭാരതീയ സിദ്ധാന്തം എല്ലാ വിദ്വേഷങ്ങളെയും ശത്രുതകളെയും ദൂരീകരിക്കും. എന്തെന്നാൽ അനന്യത്വത്തെക്കുറിച്ച് അറിവില്ലാതെ വരുമ്പോഴാണു് വെറുപ്പും വഴക്കും ഉണ്ടാകുന്നതു്. മഹാഭാരതത്തിലെ കർണ്ണൻ, താൻ പാണ്ഡവന്മാരിൽ മൂത്തവനാണെന്ന വസ്തുത അറിയാതെ, ആ സഹോദരന്മാരെ നശിപ്പിക്കുവാൻ വാശിയേറിയ യുദ്ധം ചെയ്തു. താനും അവരും ഏകോദരസഹോദരന്മാരാണെന്നു മനസ്സിലായപ്പോൾ അദ്ദേഹം അവർണ്ണനീയമായ യാതന അനുഭവിച്ചു. ഇങ്ങനെ സാഹോദര്യത്തെ



Digitized by Kerala Sahitya Akademi

പ്പററിയുള്ള അജ്ഞതമൂലമാണ് ദ്വേഷം വളരുന്നത്. എൻെറ പ്രസംഗങ്ങളും സംഭാഷണങ്ങളും ഇന്ത്യക്കാരും ആഫ്രിക്കക്കാരും തമ്മിലുള്ള സൗഹൃദത്തെ ബലപ്പെടുത്തുന്നതിനു് പ്രയോജനപ്പെട്ടു. ആഫ്രിക്കക്കാർ ജനയിൽ പങ്കെടുത്തു. ജനയോഗങ്ങളിൽ ഉള്ള സ്ഥലത്തെല്ലാം അവരാണ് ഇരുന്നത്. ഇന്ത്യക്കാർക്ക് അങ്ങുമിങ്ങും കിട്ടിയ അൽപ്പസ്വൽപ്പം സ്ഥലംകൊണ്ടു് തൃപ്തിപ്പെടേണ്ടി വന്നു.

ഒരു ജനതയുടെയും മറെറാന്നിൻെറയും വിശ്വാസങ്ങൾക്ക തമ്മിൽ വ്യത്യാസം ഉണ്ടാകും എന്നതു് സ്വാഭാവികമാണ്. മതത്തിന് അതതു കാലത്തെ ആവശ്യങ്ങളെയും ഓരോരോ ജനതയെ ഏററവും കൂടുതൽ ആകർഷിക്കുന്ന സത്യത്തിൻെറ പ്രത്യേക ഭാവങ്ങളെയും സംതൃപ്തമാക്കേണ്ടതുണ്ടു്. ഒരു രാജ്യത്തെ ചെടികളും ജന്തുക്കളും മറെറാരു രാജ്യത്തു് കാണുന്നവയിൽനിന്നു് ഭിന്നമായിരിക്കുന്നു. അതുകൊണ്ടു് എല്ലാ രാജ്യത്തുമുള്ള എല്ലാ മനുഷ്യരും ഈശ്വരനെ ഓരോ നാമത്തിലും ഒരേ രൂപത്തിലും ആരാധിക്കും എന്നു് പ്രതീക്ഷിക്കുന്നതു് മൂഢതയാണ്. ഐക്യത്തിൻെറ സ്ഫുലിംഗത്തെ അണച്ചുകളയാതിരിക്കുന്നിടത്തോളംകാലം ആ വ്യത്യാസങ്ങളെ മാനിക്കുകയും, അവ സാധുവാണെന്നു് അംഗീകരിക്കുകയും വേണം.

ഇതാണ് ആഫ്രിക്കയിലെ ഭിന്ന ഗോത്രക്കാരോടും വിശ്വാസക്കാരോടും ഞാൻ പറഞ്ഞതു്: ''ഈശ്വരഃ സർവ്വഭൂതാനാം''. ഈശ്വരൻ എല്ലാ വസ്തുക്കളിലും ഉണ്ടു്. എല്ലാവരും ബന്ധുക്കളാണ്. പൊതുവായ ഈ കെട്ടുപാടുകൊണ്ടു് ഒന്നായിത്തീർന്നവരാണ്. വ്യക്തിത്വത്തി



Digitized by Kerala Sahitya Akademi

ൻെറയും അഹംബോധത്തിൻെറയും കണ്ണടകളിൽക്കൂടി നോക്കുമ്പോൾ നാനാത്വമായി കാണുന്ന ഏകത്വത്തെക്കുറിച്ചുള്ള ഈ സത്യമാണ് ആഫ്രിക്കയിൽ പ്രചരിപ്പിക്കപ്പെട്ടത്, ജനങ്ങൾ അത് ആസ്വദിച്ചു. തങ്ങളുടെ ദൈനംദിനജീവിതത്തെ അത് ധന്യമാക്കട്ടെ എന്ന് അവർ പ്രാർത്ഥിച്ചു.

സ്നേഹം നൽകുക, അതിനു പ്രതിഫലമായി നിങ്ങൾ സ്നേഹിക്കപ്പെടും. എൻെറ ചിത്രം കൊടുക്കണമെന്ന് എല്ലാവരും അപേക്ഷിച്ചു. ഞാൻ അത് അവിടെ വച്ചുതന്നെ സൃഷ്ടിച്ച് എത്രയോ ആളുകൾക്ക് നൽകി. പോലീസ് മേധാവി, സൈനികത്തലവൻ തുടങ്ങിയവർക്ക് ചിത്രം നൽകിയപ്പോൾ എൻെറ കൂടെയുണ്ടായിരുന്ന ഡോ: പട്ടേൽ അവരോട് അത് ശ്രദ്ധയോടെ സൂക്ഷിച്ചുകൊള്ളണമെന്ന് അപേക്ഷിക്കുകയുണ്ടായി. അസ്ഥാനത്തായ ആ ഗുണദോഷത്തിന് അവർ അദ്ദേഹത്തോട് പരിഭവിച്ചു. ''ഞങ്ങൾ ഇത് എന്തിലും മീതെ വിലമതിക്കുന്നു'' എന്നാണ് അവർ പ്രസ്താവിച്ചത്. ധാരാളംപേർ ധ്യാനത്തിലും മന്ത്രസാധനയിലും ഉപദേശം ചോദിച്ചു. അവരുടെ അപേക്ഷയും ഞാൻ സാധിച്ചുകൊടുത്തു. അത് ഹൃദയത്തിൽനിന്നുവന്ന നിഷ്ക്കളങ്കമായ അഭ്യർത്ഥനയായിരുന്നു.

നൈറോബിയിലെന്നപോലെ കമ്പാലയിലും, ജനങ്ങളുടെ ഉത്സാഹം ആഹ്ലാദപൂർണ്ണമായിരുന്നു. എൻെറ കൂടെയുള്ളവർക്ക് അത് വലിയ സന്തോഷം നൽകി. അത് ആരെയും ആവേശംകൊള്ളിക്കുന്ന അനുഭവമായിരുന്നു. അസാധാരണമായ പല സ്ഥലങ്ങളിലും—കാട്ടിൻനടുവിൽ, എയർസ്ട്രിപ്പുകളുടെ വക്കിൽ, എന്നിങ്ങനെ പലേടത്തും, ആളുകൾ അനുഗ്രഹാർത്ഥനചെയ്തു.



Digitized by Kerala Sahitya Akademi

നമ്മുടെ ഭജനഗാനങ്ങളുടെ അത്ഥമോ ശരിയായ ഉച്ചാരണമോ അറിയാത്ത ആഫ്രിക്കക്കാർ, ഭക്തിയുടെ വേലിയേററത്തിൽ ആമഗ്നരായി അവയെ കൂട്ടത്തോടെ ഏററുപാടി. വാളണ്ടിയർമാരായിരുന്ന കോളേജ് വിദ്യാത്ഥികരം വളരെ സേവനോത്സുകത കാണിച്ചു. അവക്ക് ഇത്ര വമ്പിച്ച ജനക്കൂട്ടങ്ങളെ കൈകാര്യം ചെയ്തു പരിചയമോ അതിനുവേണ്ട പരിശീലനമോ സിദ്ധിച്ചിരുന്നില്ല. പക്ഷെ ഉഗണ്ടക്കാരിൽ അന്തർലീനമായ സദ്ഗുണവും വിനയവും അവരുടെ കൃത്യത്തെ സുഗമമാക്കി. ഞാൻ നടന്നുപോയപ്പോരം ആരും എൻെറ പാദത്തിൽ വീണില്ല. ഒരു മനുഷ്യനും മറെറാരാളുടെ ദർശനത്തെ മറച്ചില്ല. ബോംബെയിലെ വാളണ്ടിയർമാരും സേവാദളാംഗങ്ങളും എത്രയോ ആഴ്ചക്കാലത്തെ പരിശീലനം ലഭിച്ചവരാണ്. അവരുടെ ചുമതലകളെയും ബാദ്ധ്യതകളെയും കുറിച്ച് ഞാൻ പലപ്പോഴും അവരോട് സംസാരിച്ചിട്ടുമുണ്ട്. എന്നിട്ടും, കമ്പാലയിലെ വാളണ്ടിയർമാർ അച്ചടക്കത്തിലും, സന്തോഷപൂണ്ണവും അശ്രാന്തവുമായ സേവനത്തിലും, അവരെക്കാരം മേന്മനേടിയെന്ന് പറയാതെ തരമില്ല.

ആ രാജ്യത്തു് ഞാൻ കണ്ടവർക്കും, എൻെറ പ്രഭാഷണങ്ങളും സംഭാഷണങ്ങളും കേട്ടവർക്കും, സുഖദുഃഖങ്ങളുടെയും ലാഭനഷ്ടങ്ങളുടെയും തിരമാലകരം നിരന്തരം കേറിമറിയുകയാൽ ആച്ഛാദിതമായിരിക്കുന്ന ശാശ്വതതത്വത്തിൻെറ ചില കിരണങ്ങരം ദർശിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇന്ത്യയിലെ മഹാത്മാക്കളുടെ ഉരംക്കാഴ്ച മാത്രമെ ലോകത്തെ രക്ഷിക്കുവാനും മനുഷ്യഹൃദയത്തിൽ ശാന്തിനിറയ്ക്കുവാനും കഴിയുകയുള്ള എന്നു് അവരിൽ പലരും എന്നോടു പറഞ്ഞു. ഭാവിയിൽ, ഭാരതീ



Digitized by Kerala Sahitya Akademi

യസംസ്കാരത്തിന്റെ കാന്തിപൂരം ഈ വിധത്തിൽ എല്ലാ രാജ്യങ്ങളിലും, ഭൂഖണ്ഡങ്ങളിലും പ്രചരിക്കും. അതാണ് എന്റെ കർത്തവ്യം.''

അങ്ങനെ ബാബ എല്ലാ ഹൃദയങ്ങളിലുമുള്ള പ്രേമദീപത്തിൽ തൈലപോഷണം ചെയ്തു. അദ്ദേഹം ഉഗണ്ടയിൽനിന്നു മടങ്ങി മൂന്നാഴ്ചയ്ക്കുശേഷം മൂഗാൻഡ എന്ന സ്ഥലത്തുനിന്ന് ഒരു അദ്ധ്യാപകൻ പ്രശാന്തിനിലയത്തിലേയ്ക്ക് ഇങ്ങനെ എഴുതി: ''എന്റെ രക്ഷകനായി വർത്തിക്കുക. എന്നെ ദുഃഖത്തിൽനിന്ന് വീണ്ടെടുക്കുക. അങ്ങ് ഇവിടെ ചെയ്ത പല അൽഭുതകർമ്മങ്ങളെക്കുറിച്ച് കേൾക്കുവാൻ സാധിച്ചതുകൊണ്ടും അങ്ങയെ സ്പർശിക്കുവാൻ സാധിച്ച എന്റെ ഒരു പ്രിയ സുഹൃത്ത് അങ്ങയോട് പ്രാർത്ഥിക്കുവാൻ ഉപദേശിച്ചതുകൊണ്ടുമാണ് ഞാൻ എഴുതുന്നത്.'' പൂകോണോ എന്ന സ്ഥലത്തുനിന്ന് ഒരു സാധകൻ ''പ്രഭോ, എനിക്ക് ദോഷം ചെയ്യുന്നവർക്ക് മാപ്പുനൽകുവാൻ എനിക്കു ശക്തി നൽകേണമേ! അവർമൂലം അനുഭവിക്കുവാൻ ഇടയാകുന്ന ആഘാതത്തെ വിസ്മരിക്കുവാൻ എന്നെ ശക്തനാക്കേണമേ'' എന്നെഴുതി. ബാബയുടെ ക്ഷണമാത്രദർശനവും, സ്പർശവും വെറുമൊരു വാക്കുപോലും ജീവിതവീക്ഷണങ്ങളിലും പ്രവണതകളിലും ലക്ഷ്യബോധങ്ങളിലും കൈവരുത്തുന്ന അൽഭുതപരിവർത്തനത്തിന്റെ സൂചനകളാണിവ.

ബാബയുടെ പ്രേമത്തിൽനിന്ന് ഉളവാകുന്ന നറും വെളിച്ചം നമ്മുടെ ഹൃദയങ്ങളെയും ദീപ്തിമത്താക്കട്ടെ. സമസ്തലോകവും ഉദാത്തമായ ആ തേജഃപ്രസരത്താൽ തിളങ്ങുമാറാകട്ടെ.



Digitized by Kerala Sahitya Akademi

## പ്രേമത്തിന്റെ നറും വെളിച്ചം

ഭഗവാൻ ശ്രീ സത്യസായി ബാബ 1974 ജൂൺ മാസത്തിൽ സ്ഥാപിച്ച ''ശ്രീ സത്യസായി എഡ്യൂക്കേഷൻ & പബ്ളിക്കേഷൻ ഫൗണ്ടേഷൻ'' എന്ന അഖിലേന്ത്യാ സംഘടനയുടെ ആഭിമുഖ്യത്തിൽ, മലയാളത്തിൽ പ്രസിദ്ധപ്പെടുത്തുന്ന ഗ്രന്ഥമാണ്, ഭഗവാന്റെ ഈസ്റ്റാഫ്രിക്കൻ പര്യടനത്തിന്റെ ഈ വിവരണം.

ഇതു് ശ്രീ കസ്തൂരി ഇംഗ്ളീഷിൽ തയ്യാറാക്കിയതും ഡോ: ഭാസ്കരൻനായർ പരിഭാഷപ്പെടുത്തിയിട്ടുള്ളതുമാണ്.

Digitized by Kerala Sahitya Akademi